# ചൊക്ലി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# വികസനരേഖ

അധികാരം ജനങ്ങളിലേക്ക്

ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുമ്പോൾ ഞാൻ സ്വാതന്ത്ര്യം കൈവരിച്ചിരിക്കും.



# അധികാരം ജനങ്ങൾക്ക്
# ജനകീയാസൂത്രണ പ്രസ്ഥാനം

✦✦✦✦

## ചൊക്ലി ഗ്രാമപഞ്ചായത്ത്

## വികസന രേഖ



## ചൊക്ലി ഗ്രാമപഞ്ചായത്ത് ഭരണ സമിതി

1. പി.കെ. വസന്ത (പ്രസിഡന്റ്)
2. വി. ഉദയൻ മാസ്റ്റർ (വൈസ് പ്രസിഡണ്ട്)
3. കെ. വിശ്വനാഥൻ (ചെയർമാൻ സ്റ്റാൻഡിംഗ് കമ്മിറ്റി)
4. വി.കെ. രാകേഷ് (മെമ്പർ)
5. ടി.ടി.കെ. ശശി " "
6. കെ. ഷുഹൈബ്" "
7. പി.വി. ലക്ഷ്മിടീച്ചർ " "
8. എം. ജലാലുദ്ദീൻഹാജി "
9. എം. രാജലക്ഷ്മി " "
10. ടി.കെ. അബ്ദുൾനാസർ "
11. കെ. കൗസു " "

## വികസന രേഖ തയ്യാറാക്കി. കോർഗ്രൂപ്പ്

**കൃഷിജലസേചനം**

പി.വി. രാഘവൻ
പി.വി. ശേഖരൻ മാസ്റ്റർ
എം.കെ. രഘുനാഥൻ
ടി.ടി. ബാലൻ
പ്രേമൻ കുന്നോത്ത്
ഷാജി എം.സി
കെ.ടി.കെ. വിശ്വനാഥൻ
ബി. മുസ്തഫ

**മത്സ്യമേഖല മൃഗപരിപാലനം**

ഹരിദാസൻ കെ.
പി.വി. ലക്ഷ്മിടീച്ചർ
കെ.പി. ദയാനന്ദൻ

**വിദ്യാഭ്യാസം**

ടി. രവീന്ദ്രൻമാസ്റ്റർ
ഇ.കെ. പ്രദീപൻ
കെ. സജിത്ത്
ടി. രവീന്ദ്രൻ
സിറോഷ്‌ലാൽ ദാമോദരൻ
സി.സി. നിഷാനന്ദ്
വി.കെ. ഭാസ്കരൻ മാസ്റ്റർ

**ആരോഗ്യം കുടിവെള്ളം പരിസര ശുചിത്വം**

അധ്യ : കെ. വിശ്വൻ
വിശ്വനാഥൻ. പി
ലത. കെ.കെ
വത്സലകുമാരി. ടി
അനിരുദ്ധൻ. ഒ
നളിനി. ടി
ഇന്ദിര ഇ
ലക്ഷമണൻ ഒ
ടി.കെ. അബ്ദുനാസർ
എം. രാജലക്ഷ്മി
ഡോ. അഹമ്മദ് കെ.എം

**വ്യവസായം**

എം. ജലാലുദ്ദീൻ ഹാജി
എം. മുജീബ്
സി.എൻ. നാണുമാസ്റ്റർ
കെ.എം. പവിത്രൻ മാസ്റ്റർ
ടി.വി. സനാവുള്ള

**റോഡുകൾ ഊർജ്ജം**

ഷുഹൈബ് കെ.
പത്മാക്ഷൻ. കെ.കെ
അജ്മൽ. എം.പി
എം. കെ. ബാലഗോപാലൻ
കെ. ശ്രീധരൻ
സി.പി.കെ. കുമാരൻ
പി.ബാലൻനായർ
മഹറൂഫ് കൊളപ്പയിൽ

**ഭവന നിർമ്മാണം ക്ഷേമപ്രവർത്തനം**

കെ. പ്രമോദ്
പി.വി.ശേഖരൻ
വാസന്തി ബാലകൃഷ്ണൻ
വി.കെ. രാകേഷ്
കെ. വേണു
പവിത്രൻ കൂലോത്ത്
ടി.ജയേഷ്

**സംസ്കാരം**

വി. ഉദയൻ
എം. രാജലക്ഷ്മി
സത്യനാഥൻ. കെ.വി
കെ.പി. സജീന്ദ്രൻ
ടി.സി. പ്രദീപൻ

**വനിത**

പി.കെ. വസന്ത
സി.എം. അഹല്യടീച്ചർ
കെ. പുരുഷു

**സഹകരണമേഖല**

എ. ഗോവിന്ദൻ
എം. സി മാധവൻ
എ. ഗീരീശൻ
കെ.യു. ഭാർഗ്ഗവൻ

**പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം**

ടി.ടി.കെ. ശശി
എം. ഒ. പത്മനാഭൻ
സി. വത്സരാജ്

**വിഭവസമാഹരണം**

ആർ. മുകുന്ദൻമാസ്റ്റർ
കക്കോട്ട് അനന്തൻ
യാക്കോബ്. ടി.പി
സി. ഗംഗാധരൻ.
ഷാജി. എം. ചൊക്ലി

# വിഷയവിവരം


1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരണം

3. സാമൂഹിക - സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

5. സാമൂഹിക സാമ്പത്തിക മേഖലകൾ

    1. കൃഷി ജലസേചനം
    2. മത്സ്യമേഖല മൃഗസംരക്ഷണം
    3. വിദ്യാഭ്യാസം
    4. ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം.
    5. വ്യവസായം
    6. റോഡുകൾ ഊർജ്ജം.
    7. ഭവനനിർമാണം ക്ഷേമ പ്രവർത്തനങ്ങൾ
    8. സംസ്കാരം.
    9. വനിത
    10. സഹകരണ മേഖല
    11. പട്ടികജാതി പട്ടിക വർഗ്ഗക്ഷേമം
    12. വിഭവ സമാഹരണം.

ഉപസംഹാരം

# ആമുഖം

സ്വാതന്ത്ര്യത്തിന്റെ നാൽപത്തി ഒമ്പതുവർഷങ്ങൾ ! എട്ടു പഞ്ചവത്സര പദ്ധതികൾ പൂർത്തിയാവുന്നു. " ഗ്രാമ പഞ്ചായത്തുകൾ " എന്ന മഹാത്മാഗാന്ധിയുടെ സ്വപ്നം പൂവണിയാൻ നമുക്കു 47 വർഷം കാത്തിരിക്കേണ്ടിവന്നു.

അധികാരം കേന്ദ്രീകരിക്കപ്പെട്ടു തന്നെ കിടന്നു. ആസൂത്രണം മുകളിൽ നിന്ന് താഴോട്ടും. ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനങ്ങൾക്ക് പങ്കാളിത്തം നൽകാൻ നാം മടിച്ചു നിന്നു. ഇന്ന് കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണം നിലവിലുള്ള ആസൂത്രണപ്രക്രിയയെ തലകുത്തനെ നിർത്താനുള്ള ധീരമായ കാൽവെയ്പാണ്. ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും ജാതിമത രാഷ്ട്രീയ ഭിന്നതകൾക്കതീതമായി ജനപങ്കാളിത്തം ഉറപ്പു വരുത്താൻ ഈ സംരഭത്തിന് കഴിയുമെന്ന് ഉറപ്പാണ്. ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി പ്രഖ്യാപിക്കാൻ കേരളസർക്കാരും, പ്ലാനിംഗ് ബോർഡും കാണിച്ച തന്റേടം ജനവികാരം ഉൾക്കൊള്ളാൻ കഴിഞ്ഞതിന്റെ ഉത്തമ നിദർശനമാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നൂതനാനുഭവമാണ്. കേരളമിതാ വീണ്ടും ലോകത്തിന് മാതൃകയാവുന്നു. കൂടുതൽ അധികാരവും ഫണ്ടും പഞ്ചായത്തുകൾക്ക് ലഭിക്കുന്നതിനാൽ നാളിതുവരെ നടന്ന വികസനപ്രവർത്തനങ്ങളുടെ ഒരു പാട് മടങ്ങ് ഇനി നടക്കാൻ പോവുകയാണ്. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (40 ശതമാനം) കേരള സർക്കാരിന്റെ 60 ശതമാനത്തിൽ പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർഫണ്ട്, ബാഹ്യവികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘങ്ങൾ വഴി ലഭിക്കുന്ന വികസനഫണ്ടുകൾ, നികുതി വരുമാനം, ജനകീയ സംഭാവനകൾ, (പണം, വിഭവങ്ങൾ, അധ്വാനം) തുടങ്ങിയ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ശ്രോതസ്സുകൾ പലതാണ്. ഗ്രാമപഞ്ചായത്തുകളും സംസ്ഥാനവും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധി ഒരളവുവരെ പരിഹരിക്കാൻ ഈ നൂതനാസൂത്രണ തന്ത്രത്തിന് കഴിയും. ജനകീയ പങ്കാളിത്തമുണ്ടാകുമ്പോൾ പദ്ധതി നടത്തിപ്പ് കാര്യക്ഷമവും വേഗതയോറിയതുമാകും എന്നുമാത്രമല്ല അഴിമതി ഇല്ലായ്മ ചെയ്യാനും ഭരണം സുതാര്യമാക്കാനും കഴിയും

ചൊക്ലി ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1995 ഡിസമ്പർ 7നാണ്. ഡിസമ്പർ 7ന് പഞ്ചായത്തുതലത്തിൽ വിളിച്ചുചേർത്ത യോഗത്തിൽ 72 ആളുകൾ പങ്കെടുക്കുകയും വിഭവഭൂപടം നിർമ്മിക്കാൻ തീരുമാനിക്കപ്പെടുകയുമുണ്ടായി. എന്നാൽ 1995 ഡിസമ്പർ 12ന് ചൊക്ലിയിൽ നടന്ന മാമൻ വാസുവിന്റെ ദാരുണമായ കൊലപാതകവും തുടർന്നുണ്ടായ സ്ഥിതി വിശേഷവും ഈ പ്രവർത്തനത്തിന്റെ പുരോഗതിക്കു തടസ്സമായി.

അത്ഭുതപൂർവ്വമായ ജനമുന്നേറ്റമായിരുന്നു ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ എല്ലാ പരിപാടികളിലും. 1996 സപ്തംബർ 8ന് വിളിച്ചു ചേർത്ത് പഞ്ചായത്ത് തല സംഘാടകസമിതി യോഗത്തിൽ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന 99 പേർ പങ്കെടുത്തു.

സപ്തംബർ 11ന് ചൊക്ലി രാമവിലാസം ഹൈസ്ക്കൂളിൽ വെച്ച് നടന്ന ഏകദിന ശിൽപ്പ ശാലയിൽ 106 പേർ പങ്കെടുത്തു. ഒന്നാം ഘട്ട ജില്ലാ തലപരിശീലനത്തിൽ പ്രസിഡണ്ടും സിക്രട്ടറിയുമുൾപ്പെടെ 10 പേർ പരിശീലനം നേടി. രണ്ടാം ഘട്ട ജില്ലാ തലപരിശീലനത്തിൽ ഒന്നാം ഘട്ട പരിശീലനം കിട്ടിയവരിൽ 5 പേരുൾപ്പടെ 11 പേർ പങ്കെടുത്തു. സപ്തംബർ 12ന് പഞ്ചായത്തിലെ പ്രധാന കവലകളിലും പത്ത്, പതിനൊന്ന് വാർഡുകളിലെ വീടുകളിലും ജനകീയാസൂത്രണ ദീപമാല തെളിയിച്ചു. ഗ്രാമസഭയെക്കുറിച്ചുള്ള പ്രചരണത്തിന്റെ ഭാഗമായി പഞ്ചായത്തിലെ 25 സ്ക്കൂളിലേയും പ്രധാന അദ്ധ്യാപകരെ വിളിച്ചുചേർത്തു. കുട്ടികൾ വഴി ഗ്രാമസഭകളുടെ സന്ദേശം വീടുകളിലെത്തിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു. സ്ക്കൂൾ അസംബ്ലികൾ ഗ്രാമസഭാ പ്രചരണത്തിനും ജനകീയാസൂത്രണ പ്രചരണത്തിനും ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. സ്ക്കൂൾ തലത്തിൽ പോസ്റ്റർ രചനാമത്സരം സംഘടിപ്പിക്കുകയുണ്ടായി. ഗ്രാമസഭാ പ്രചരണത്തിന്റ ഭാഗമായി പോസ്റ്റർ, ബേനർ, വിളംബര ജാഥ, മൈക്ക് അനൗൺസ്മെന്റ് എന്നിവയ്ക്ക് പുറമെ "ഗ്രാമസഭാ പത്രിക" എന്ന പേരിൽ ഒരു പത്രം അച്ചടിച്ച് എല്ലാ വീടുകളിലും എത്തിക്കുകയുണ്ടായി. സപ്തംബർ 14 മുതൽ ഒക്ടോബർ 2 വരെയുള്ള ഒഴിവുദിവസങ്ങളിൽ വിശേഷാൽ ഗ്രാമസഭകൾ നടന്നു. നവമ്പർ ഒന്നിന് പുനരർപ്പണ ദിനത്തിന്റെ ഭാഗമായി 1,2,3,5,7,8 എന്നീ വാർഡുകളിൽ നൂറുകണക്കിനാളുകൾ പങ്കെടുത്ത് വികസനപ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. പൂർണ്ണമായും ജനപങ്കാളിത്തത്തോടെയുള്ള ഈ വികസനപ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി നവമ്പർ 6ന് പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ നടന്ന ശിൽപ്പശാലയിൽ വിദഗ്ധരും, ഉദ്യോഗസ്ഥരും, സന്നദ്ധപ്രവർത്തകരും, ജനപ്രതിനിധികളുമടക്കം 70 പേർ പങ്കെടുത്തു.

സപ്തംബർ 14 മുതൽ ഒക്ടോബർ 2 വരെയായി നടന്ന ഗ്രാമസഭകളിൽ 12 വിഷയങ്ങളും വിശദമായ ചർച്ചക്ക് വിധേയമായി. ജനങ്ങളുടെ അനുഭവങ്ങളുടെയും അറിവിന്റേയും വെളിച്ചത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും, ശേഖരിക്കപ്പെട്ട ദ്വിതീയ വിവരങ്ങളും, ദ്രുതപഠനയാത്രയിൽക്കൂടി തയ്യാറാക്കിയ വിഭവഭൂപട നിർമ്മാണത്തിൽ നിന്നു ലഭിച്ച വസ്തുതകളും ക്രോഡീകരിച്ച റിപ്പോർട്ടാണിത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനത്തിലും, ഈ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനത്തിലും പങ്കെടുക്കുകയും സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത എല്ലാവർക്കും നിസ്സീമമാ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

## ചൊക്ലി ഗ്രാമപഞ്ചായത്ത് – പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചൊക്ലി |
| പഞ്ചായത്തിലുൾപ്പെടുന്ന റവന്യൂവില്ലേജുകളുടെ പേര് | : | ചൊക്ലി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 1. ചൊക്ലി<br>2. ഒളവിലം |
| ബ്ലോക്ക് | : | തലശ്ശേരി |
| താലൂക്ക് | : | തലശ്ശേരി |
| ജില്ല | : | കണ്ണൂർ |
| അസംബ്ലിമണ്ഡലം | : | പെരിങ്ങളം |
| പാർലമെന്റ് മണ്ഡലം | : | വടകര |
| പഞ്ചായത്തിന്റെ വിസ്തീർണ്ണം | : | 11.98 ചതുരശ്രകിലോമീറ്റർ |
| ജനസംഖ്യ | : | 25341 (1991 ലെ സെൻസസ്)<br>പുരുഷൻമാർ – 11633<br>സ്ത്രീകൾ – 13708 |
| ഇപ്പോൾ പ്രതീക്ഷിക്കപ്പെടുന്ന ജനസംഖ്യ | : | 29467<br>പുരുഷൻമാർ – 13527<br>സ്ത്രീകൾ – 15940 |
| ജനസാന്ദ്രത | : | 2459 (ചതുരശ്രകിലോമീറ്ററിന്) |
| ജനസാന്ദ്രത (കേരളം) | : | 747 (ചതുരശ്രകിലോമീറ്ററിന്) |
| വാർഡുകളുടെ എണ്ണം | : | 11 |
| പ്രസിഡണ്ട് | : | പി.കെ. വസന്ത |
| വൈസ്പ്രസിഡണ്ട് | : | വി. ഉദയൻമാസ്റ്റർ |

# ഭരണപരമായ ചരിത്രം

1954ൽ രണ്ടു വില്ലേജ് പഞ്ചായത്തുകൾ

മേനപ്രം – പ്രസിഡണ്ട് – വി.സി. കുഞ്ഞിരാമൻ വൈദ്യർ തുടർന്ന് വി.കുമാരൻ മാസ്റ്റർ
വൈസ് പ്രസിഡണ്ട് – വി. കുമാരൻ മാസ്റ്റർ എടവന ഹസ്സൻ കുട്ടി

ഒളവിലം – പ്രസിഡണ്ട് – കോട്ടയിൽ കൃഷ്ണൻ മാസ്റ്റർ തുടർന്ന് കല്ലുള്ളതിൽ അച്ചുതൻ
വൈസ് പ്രസിഡണ്ട് – കല്ലുള്ളതിൽ അച്ചുതൻ തുടർന്ന് മാളിയക്കണ്ടി ഗോവിന്ദൻ

1964ൽ സംയോജിത ചൊക്ലി പഞ്ചായത്ത് നിലവിൽവന്നു. ഇന്നത്തെ ന്യൂമാഹി പഞ്ചായത്തിൽ പെടുന്ന പെരിങ്ങാടി, പള്ളിപ്രം മങ്ങാട് പ്രദേശങ്ങൾ അന്ന് ചൊക്ലി പഞ്ചായത്തിലായിരുന്നു. 1979ലാണ് ഇന്നത്തെ ഭൂമിശാസ്ത്രപരമായ അതിരുകളുള്ള ചൊക്ലി പഞ്ചായത്ത് രൂപം കൊണ്ടത്.

*പ്രസിഡണ്ട് വൈസ് പ്രസിഡണ്ടുമാരുടെ പേരും ഭരണകാലയളവും.*

| പ്രസിഡണ്ട് | വൈസ് പ്രസിഡണ്ട് | ഭരണകാലയളവ് |
|---|---|---|
| ആർ അനന്തൻനായർ | വി.കെ. ഗോവിന്ദൻ | 1964 മുതൽ |
| സി.എൻ നാണുമാസ്റ്റർ | ടി.ടി. വാസു | 30–9–98 – 27–10–80 |
| ടി.ടി. വാസു (ഇൻചാർജ്) | – | 28–10–80 മുതൽ 9–11–80 വരെ |
| കെ.വി. ദാമോദരൻ – | ടി.ടി. വാസു. | 10–11–80 മുതൽ 1–11–83 |
| ഇ.പി. യൂസഫ് | ആർ. മുകുന്ദൻ മാസ്റ്റർ | 2–11–83 മുതൽ 30–09–85 |
| സ്പെഷൽ ഓഫീസർ | – | 17–10–85 – 8–2–88 |
| ടി.ടി.ബാലൻ | പി.കെ. യൂസഫ്മാസ്റ്റർ | 9–2–88 – 16–3–90 |
| പി.കെ. യൂസഫ്മാസ്റ്റർ | പി. ഉമ്മർഹാജി. | 16–3–90 – 15–10–93 |
| ടി.ടി. ബാലൻ | പി.കെ. എം. കോയക്കുട്ടിതങ്ങൾ | 16–10–93 – 25–9–95 |
| പി.കെ. വസന്ത | വി. ഉദയൻ മാസ്റ്റർ | 04–10–95– |

**അതിർത്തി**

കിഴക്ക് – പാനൂർ മോന്താൽറോഡ് (പെരിങ്ങളം കരിയാട് പഞ്ചായത്ത്)
തെക്ക് – മയ്യഴിപ്പുഴ
പടിഞ്ഞാറ് – ന്യൂമാഹി പഞ്ചായത്ത്, പോണ്ടിച്ചേരി സ്റ്റെയിറ്റ്.
വടക്ക് – പന്ന്യന്നൂർ പഞ്ചായത്ത്, പെരിങ്ങളം പഞ്ചായത്ത്.

**ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സർക്കാർ സ്ഥാപനങ്ങൾ**

- കൃഷിഭവൻ
- പ്രാഥമിക ആരോഗ്യകേന്ദ്രം
- പഞ്ചായത്ത് ഓഫീസ്
- ഗ്രാമ വികസന ഓഫീസ്
- ഗോസംവർദ്ധക ഉപകേന്ദ്രം
- കുടുംബ ക്ഷേമ കേന്ദ്രങ്ങൾ ( 4 എണ്ണം)
- ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്
- രജിസ്ത്രാഫീസ്
- പോസ്റ്റ് ഓഫീസ് (3 എണ്ണം)
- പോലീസ് സ്റ്റേഷൻ
- ഇലക്ട്രിസിറ്റി ഓഫീസ്

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

മേനപ്രം ഒളവിലം എന്നീ പഞ്ചായത്തുകൾ സംയോജിപ്പിച്ചാണ് ചൊക്ലി പഞ്ചായത്ത് രൂപീകരിച്ചത്. 1979ൽ ചൊക്ലി പഞ്ചായത്തിലുണ്ടായിരുന്ന പള്ളിപ്രം, പെരിങ്ങാടി, മങ്ങാട് പ്രദേശങ്ങൾ ന്യൂമാഹി പഞ്ചായത്തിലുൾപ്പെടുത്തുകയും ഇന്നത്തെ അതിർത്തികളുള്ള ചൊക്ലിപഞ്ചായത്ത് രൂപം കൊള്ളുകയും ചെയ്തു. ചൊക്ലി പഞ്ചായത്തിലെ നിടുമ്പ്രം ദേശം പണ്ട് പന്ന്യന്നൂർ ദേശത്തിലും; മേനപ്രം ദേശം പെരിങ്ങളം ദേശത്തിലും പെട്ടതായിരുന്നു. പിന്നീടാണ് മേപ്രദേശം ഉണ്ടാക്കിയത്.

ഇന്നത്തെ ചൊക്ലി രജിസ്ത്രാഫീസിനു സമീപം പണ്ട് ഒരു ചെക്ക്പോസ്റ്റ് ഉണ്ടായിരുന്നു. ചൗക്കി (ചെക്ക്പോസ്റ്റ്) ഉള്ള ഗ്രാമം എന്ന നിലക്കാണ് ചൗക്കി ഹള്ളി എന്ന് ഈ പ്രദേശത്തിന് പേര് വന്നത്. പിന്നീട് അതുലോപിച്ച് ചൊക്ലി ആയി മാറി. വിശാലമായി പരന്നു കിടക്കുന്ന വയലിന്റെ വിസ്തൃതിയെ സൂചിപ്പിക്കുന്ന '' ഓളം വയൽ'' എന്ന വാക്കിൽ നിന്നാണ് ചൊക്ലി പഞ്ചായത്തിലെ ഒളവിലം പ്രദേശത്തിന്റെ പേർ രൂപപ്പെട്ടുവന്നതെന്ന് പഴമക്കാർ പറയുന്നു. കാവ്യരചനയിൽ വ്യൽപ്പത്തിയുണ്ടായിരുന്ന ഊരാച്ചേരി ഗുരുനാഥൻമാർ കാരണമാണ് കവിയൂരിന് പ്രസ്തുത നാമം ലഭിച്ചതെന്ന് പറയപ്പെടുന്നു. മേനപ്രം, മേക്കുന്ന്, നിടുമ്പ്രം തുടങ്ങിയ സ്ഥലനാമങ്ങളുടെ ആവിർഭാവത്തിനു പിന്നിലും ഇത്തരം വസ്തുതകൾ ഉണ്ടായിരിക്കും.

ദേശീയ വിമോചന സമരത്തിന്റെ മുൻനിരക്കാരായ ചിലരെ ഈ നാടിനു സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചരിത്രമെഴുതിയ മൊയാരത്ത് ശങ്കരൻ അവരിൽ പ്രധാനിയാണ്. സ്വാതന്ത്ര്യസമര പോരാളിയായിരുന്ന ഇദ്ദേഹം സ്വതന്ത്ര ഇന്ത്യയുടെ ജയിലിൽ കിടന്ന് മർദ്ദനമേറ്റാണ് മരിച്ചതെന്ന് നാം ഇന്നും കുറ്റ ബോധത്തോടെ ഓർക്കുന്നു. കെ.കണാരൻ മാസ്റ്റർ, കായക്കൽ കുമാരൻ മാസ്റ്റർ, വി.സി. കുഞ്ഞിരാമൻ വൈദ്യൻ, തറമ്മൽ കൃഷ്ണൻ, ടി.എൻ. കുമാരൻമാസ്റ്റർ, സി.എം. ശങ്കരൻ മാസ്റ്റർ, വി.കുമാരൻ മാസ്റ്റർ, കോട്ടയിൽ കൃഷ്ണൻ മാസ്റ്റർ, ആർ.വി അച്യുതൻ മാസ്റ്റർ എന്നിവർ സ്വാതന്ത്ര്യ സമരസേനാനികളിൽ ചിലരാണ്. ഇവരിൽ വി.സി. കുഞ്ഞിരാമൻ വൈദ്യർ സാഹിത്യകാരനും വിദ്യാഭ്യാസ പ്രവർത്തകനും സംസ്കൃത ഭാഷാ പോഷണത്തിനു വേണ്ടി സ്ഥാപിച്ച വി.പി. ഓറിയന്റൽ ഹൈസ്ക്കൂൾ സ്ഥാപകനുമായിരുന്നു.

മേനപ്രം പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന വി. കുമാരൻ മാസ്റ്ററു അറിയപ്പെടുന്ന ഗ്രന്ഥകാരനായിരുന്നു.

1930 ലെ പയ്യന്നൂർ ഉപ്പുസത്യാഗ്രഹജാഥക്ക് അന്ന് ചൊക്ലിയിൽ സ്വീകരണം നൽകപ്പെടുകയുണ്ടായി. ഹിന്ദുക്കളും മുസ്ലിങ്ങളും യോജിച്ചു കൊണ്ട് നൽകിയ സ്വീകരണത്തെക്കുറിച്ച് മൊയാരത്ത് ശങ്കരൻ പിന്നീട് എഴുതുകയുണ്ടായി. ജാഥാംഗങ്ങളായ 31 പേരെയും മുല്ലപ്പൂമാല അണിയിച്ചു സ്വീകരിക്കുകയുണ്ടായി

ഡോ. ബാബുരാജേന്ദ്രപ്രസാദ്, ലാൽബഹദൂർ ശാസ്ത്രി, വി.വി. ഗിരി, സി. രാജഗോപാലാചാരി, ഇന്ദിരാഗാന്ധി, കാമരാജനാടാർ, എ.കെ.ജി, ഇ.എം.എസ് എന്നിവർ ചൊക്ലി സന്ദർശിച്ചിട്ടുണ്ട്.

ഭൂസ്വത്തിൽ ഭൂരിഭാഗവും ഏതാനും ജന്മി കുടുംബങ്ങളുടെ കൈവശമായിരുന്നു. ജന്മിത്തത്തിനെതിരായി കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ നടന്നതു പോലെ എടുത്തുപറയത്തക്ക ചെറുത്തുനിൽപ്പുകൾ ഇവിടെ ഉണ്ടായിട്ടില്ല. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുമുണ്ട്. ഇന്നത്തെ നിടുമ്പ്രം മഠപ്പുരയുടെ ആവിർഭാവം അത്തരം ഒറ്റപ്പെട്ട ചെറുത്തുനിൽന്നാണെന്നറിയുന്നു. മഠപ്പുര നിൽക്കുന്ന ഒറ്റയുള്ള കണ്ടിപ്പറമ്പിൽ താമസിച്ചിരുന്ന കള്ള് ചെത്തുകാരന്റെ കുടുംബത്തെ കുടിയിറക്കാൻ ജന്മി ശ്രമിച്ചപ്പോൾ അതിനെ ചെറുക്കാനുള്ള തന്ത്രത്തിന്റെ ഭാഗമായാണ് മഠപ്പുര സ്ഥാപിക്കപ്പെടു

ന്നത്. ചെത്തുകാരനെ ഒഴിപ്പിച്ച് അവിടെ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നികുതി പിരിവുകാരനു താമസിക്കാനും നികുതി പിരിവു നടത്താനും സൗകര്യപ്പെടുത്താൻ ജന്മി ശ്രമിച്ചപ്പോൾ അതിനെതിരെ പ്രയോഗിക്കപ്പെട്ട തന്ത്രത്തിന്റെ ഭാഗമാണ് മഠപ്പുര. മുതൂർ തറവാട്ടിലെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ പയ്യന്നൂരിലെ വടേശ്വരത്തു നിന്നു വന്ന കുമാരഗുരു താഴ്ന്ന സമുദായത്തിൽപ്പെട്ട ഊരാച്ചേരി ഗുരുനാഥൻമാരെ പഠിപ്പിക്കാൻ ശ്രമിച്ചപ്പോൾ സവർണ്ണൻമാർ എതിർക്കാൻ ശ്രമിച്ചെങ്കിലും കുമാരഗുരു സവർണ്ണരുടെ വിലക്കുകൾ ലംഘിച്ച് അവർണ്ണർക്കും വിദ്യ പകർന്നു കൊടുക്കുകയുണ്ടായി. വടേശ്വരത്തു നിന്നു വന്ന കുമാരഗുരു താമസിച്ചതു കാരണമാണ് ഇന്ന് വടേശ്വരത്തുള്ള കുടുംബ ക്ഷേമ കേന്ദ്രം സ്ഥിതിചെയ്യുന്ന പറമ്പിന് ആ പേർ ലഭിച്ചതെന്നു പറയപ്പെടുന്നു.

മേനപ്രം ഒളവിലം പഞ്ചായത്തുകൾ സംയോജിപ്പിച്ചാണ് ചൊക്ലി പഞ്ചായത്ത് രൂപീകരിച്ചത്. ചൊക്ലി പണ്ടുകാലത്ത് അറിയപ്പെടുന്ന ഒരു വ്യാപാരകേന്ദ്രമായിരുന്നു. പാലത്തായി, തൃപ്പങ്ങോട്ടൂർ കല്ലിക്കണ്ടി, പൊയിലൂർ, പാനൂർ തുടങ്ങിയ സ്ഥലങ്ങളിലെ ആളുകൾ കാർഷികോൽപ്പന്നങ്ങളും മലഞ്ചരക്കുകളും വിറ്റഴിക്കാൻ വന്നിരുന്നത് ചൊക്ലിയിലായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ ചൂരൽ വ്യവസായ കേന്ദ്രം ഇവിടെയായിരുന്നു. പിന്നീട് പല കാരണങ്ങളാൽ നാമാവശേഷമായി. പോത്തുവണ്ടികളിൽ ചൂരൽ കയറ്റിക്കൊണ്ടു പോവുകയും ചൂരൽ ഉപയോഗിച്ച് കുട്ട, കസേര തുടങ്ങിയ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയും ചൂരൽ സംസ്ക്കരിക്കുന്ന പ്രവൃത്തിയുമെല്ലാം ഇവിടെ നടന്നിരുന്നു. അറിയപ്പെടുന്ന ഒരു മര വ്യവസായ കേന്ദ്രമായിരുന്നു ചൊക്ലി.

ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിടം1974ൽ ഉദ്ഘാടനം ചെയ്തു. 16–11–91ൽ സാംസ്ക്കാരിക നിലയം ഉദ്ഘാടനം ചെയ്തു. 1988ൽ പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കപ്പെട്ടു. പഞ്ചായത്ത് ശിശുമന്ദിരം 13– 9–93ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ബസ്സ്റ്റാന്റ്, മിനിസ്റ്റേഡിയം, കമ്മ്യൂണിറ്റി ഹാൾ/കല്ല്യാണമണ്ഡപം/ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിക്കാനുള്ള സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഊരാച്ചേരി ഗുരുനാഥൻമാരാണ് ചൊക്ലി വിദ്യാഭ്യാസ വ്യാപനത്തിന് കാരണക്കാർ അവർ എല്ലാവർക്കും വിദ്യാധനം പകർന്നു കൊടുക്കാൻ പരിശ്രമിക്കുകയുണ്ടായി. ചൊക്ലിയിലെ ആദ്യത്തെ സ്ക്കൂൾ ഒളവിലം എൽ.പി. ആണ്. പിന്നീട് ഗുരുകുലം, എൽ.പി., കാരാറത്ത് യു.പി. എന്നീ വിദ്യാലയങ്ങൾ നിലവിൽ വന്നു. ഗുരുകുലം സ്ക്കൂളിന്റെ അന്നത്തെ പേര് പെരിങ്ങളം ഗേൾസ് സ്ക്കൂൾ എന്നായിരുന്നു.

ആദ്യകാലത്തെ അനൗപചാരി വിദ്യാഭ്യാസ കേന്ദ്രങ്ങളായി വായനശാലകൾ പ്രവർത്തിച്ചിരുന്നു. ചൊക്ലിയിലെ ശ്രീനാരായണ ഗുരു സ്മാരകവായനശാലയാണ് ഗ്രാമത്തിലെ ഏറ്റവും പഴക്കം ചെന്ന വായനശാല. ഇന്ന് ഈ സ്ഥാപനം ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നു. മൊയാരത്ത് ശങ്കരൻ സ്മാരക വായന ശാല എന്ന പേരിൽ ഇന്നറിയപ്പെടുന്ന വായനശാലയും വളരെ പഴക്കം ചെന്നതാണ്. ഇന്ന് ചൊക്ലി പഞ്ചായത്തിൽ വായനശാലകളും ഗ്രന്ഥാലയങ്ങളുമായി 21 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ പലതിന്റെയും പ്രവർത്തനം നിർജ്ജീവമാണെന്നു പറയാതെ വയ്യ.

സാഹിത്യകാരന്മായ പലരും ഗ്രാമത്തിൽ ജീവിച്ചിരുന്നു. വി.സി. കുഞ്ഞിരാമൻ വൈദ്യർ, വി. കുമാരൻ മാസ്റ്റർ, ഉണ്ണികൃഷ്ണൻ നായർ തുടങ്ങിയവർ പഴയ തലമുറയിൽപ്പെട്ട സാഹിത്യകാരന്മാരായിരുന്നു. ഊരാച്ചേരി ഗുരുനാഥൻമാരിൽ ചിലർ കവികളായിരുന്നു. നിമിഷ കവികളായ ഊരാച്ചേരി ഗുരുനാഥന്മാരാണ് കവിയൂർ ഗ്രാമത്തിന് ആ പേർ ലഭിക്കാൻ കാരണക്കാർ. കേരളത്തിലെ അറിയപ്പെടുന്ന ചില കവികൾ ഇപ്പോൾ ചൊക്ലി പഞ്ചായത്തിലുണ്ട്.

ഉന്നതമായ സാഹിത്യ സാംസ്കാരിക വിദ്യാഭ്യാസ പൈതൃകത്തിന്റെ ഉടമകളാണ് ചൊക്ലി പഞ്ചായത്തുകാർ, ദേശീയ പ്രസ്ഥാനത്തിലും സാഹിത്യ പ്രവർത്തനത്തിലും വിദ്യാഭ്യാസ പ്രവർത്തനത്തിലും സന്നദ്ധപ്രവർത്തനത്തിലും പഴയകാലം മുതൽ തന്നെ മാതൃകാപരമായ പ്രവർത്തനം ചൊക്ലിയിൽ നടന്നിരുന്നു.

# കൃഷിയും ജലസേചനവും

തെക്കു മയ്യഴി മുതൽ വടക്കു വണ്ണാത്തി തോടുവരെ, 1198 ഹെക്ടർ വിസ്തീർണ്ണത്തിൽ ഏതാണ്ടു സമതല വിസ്തീർണ്ണത്തിൽ പരന്നു കിടക്കുന്നതാണു ചൊക്ലി പഞ്ചായത്ത്. ഒലവിലം ഭാഗത്തുള്ള കോട്ടാല ക്കുന്നു, ഒളവിലത്തുള്ള തുളുവർക്കുന്നു, കൊളായി ഭാഗത്തുള്ള ലക്ഷം വീടുപ്രദേശം, എന്നിവ മാത്രം ഉയർന്ന ഭൂവിഭാഗമായി കണക്കാക്കാം. 95% സമതല മാണ്. മോന്താൽ പാലം മുതൽ പാത്തിക്കൽ വരെയുള്ള പുഴയോരത്തു കറുത്ത് പരിമരാശി മണ്ണും കുനി പ്രദേശങ്ങളിൽ മണൽ കലർന്നമണ്ണും, കരയിടങ്ങളിൽ ചരൽ കലർന്ന ചുകന്ന മണ്ണും കാണപ്പെടുന്നു. പൊതുവെ ഫലഭൂയിഷ്ടമായ മണ്ണായതിനാൽ കാർഷിക പ്രദേശമായി കണക്കാക്കാം. 1960 വരെ 290 ഹെക്ടർ സ്ഥലത്തു നെൽകൃഷി ചെയ്ത് ഈ പഞ്ചായത്തിൽ ഇന്നു 30 ഹെക്ടർ സ്ഥലത്തു മാത്രമെ കൃഷിയുള്ളൂ. ഉപ്പുംവെള്ളം കയറുന്നതുകൊണ്ടും നെൽകൃഷി നഷ്ടമായതിനാലും ഏതാണ്ടു 190 ഹെക്ടർ സ്ഥലം കൃഷി ചെയ്യാതെ ഒഴിച്ചിട്ടിരിക്കയാണ്. ഒളവിലം ഭാഗത്തു ഇത്തരം സ്ഥലത്തു ഉപ്പട്ടിപോലുള്ള കുറ്റിച്ചെടി വളർന്നു കാടുപിടിച്ചിരിക്കയാണ്.

ഒരു കാലത്ത് വയലിന്റെ വിസ്തൃതിയെ സൂചിപ്പിക്കുന്ന ''ഓളം വയൽ'' എന്ന വാക്കുലോപിച്ചാണു ഒളവിലം എന്ന പേരുണ്ടായതെന്നു പഴമക്കാർ പറയുന്നു. സാഹസത്തിന്റെയും കൂട്ടായ്മയുടെയും കഥകളായിരുന്നു ഒളവിലത്തെ കൃഷിയുടെ ചരിത്രം. ഉപ്പുവെള്ളം കയറുന്നതു തടയാൻ അന്നു സർക്കാർ സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. കൃഷിക്കാർ ഒറ്റ മനസ്സോടെ പ്രദേശികമായി ലഭിക്കുന്ന ഉരുളൻകല്ലും, ചെളി മരത്തടി എന്നിവ ഉപയോഗിച്ചു തടയണയും ഭിത്തികളും കെട്ടി ഉപ്പുവെള്ളത്തെ നിയന്ത്രിക്കും. ഇതു താല്കാലികമായിരുന്നു. ഈ കൂട്ടായ പ്രവർത്തനത്തിൽ കൃഷിക്കാർ ജാതിയും മതവും രാഷ്ട്രീയവും മറന്ന് ഒന്നിക്കുന്നു. കനകമലയിൽ നിന്നു പാലാഴിത്തോടു വഴി ഒഴുകി വരുന്ന ജൈവാംശം കലർന്ന കലക്കുവെള്ളവും, മയ്യഴി പുഴകരകവിയുമ്പോഴുണ്ടാകുന്ന വളാംശംവും ഇവിടത്തെ കൃഷിയെ സംപുഷ്ടമാക്കി.

കമുങ്ങിൻ പൂക്കില, കുഞ്ഞിക്കയമ, തമ്പുരാൻ കയമാതവളക്കണ്ണൻ, ചീറ്റേനി, തൊണ്ണൂറാൻ എന്നിവ ആദ്യകാലത്തെ നെല്ലിനങ്ങളായിരുന്നു. ഒരതിരുവരെ വെള്ളത്തേയും വരൾച്ചയേയും അതിജീവിക്കാൻ ഇതിന്നുകഴിഞ്ഞിരുന്നു. ജൈവവളം മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. കീടരോഗങ്ങൾ നാമ്മാത്രമായിരുന്നു. മൂപ്പു കുറഞ്ഞതും കൂടിയതുമായ രണ്ടുതരം നെൽവിത്തുകൾ കൂട്ടിച്ചേർത്തുനുരി വെച്ചു ഒരു കൃഷിയിൽ നിന്നു രണ്ടു തവണ കൊയ്ത്തു നടത്തുന്ന കൂട്ടുമുണ്ടകൻ എന്ന കൃഷിയും ചെയ്തിരുന്നു.

ജലസേചനത്തിന് വേണ്ടി തോടുകൾ കുളങ്ങൾ എന്നിവ സംരക്ഷിച്ചിരുന്നു. പാടങ്ങൾ പാകപ്പെടുത്തുന്ന അതേ താല്പര്യത്തിൽ തോടും കുളങ്ങളും നന്നാക്കാൻ ശ്രദ്ധിച്ചിരുന്നു. ഉല്പാദനത്തിന്റെ പങ്ക് ജന്മിക്കു കൊടുക്കേണ്ടിയിരുന്നതിനാൽ മിച്ചം വേണമെങ്കിൽ പരമാവധി ഉല്പാദനം വർദ്ധിപ്പിക്കണമെന്ന ബോധം കൃഷിക്കാരനുണ്ടായിരുന്നു. കൃഷിക്കു കീടങ്ങളുടെ ആക്രമണങ്ങളുണ്ടായാൽ വെണ്ണീറ് തൂളിയോ മുറം കൊണ്ടുവീശിയോ ആണ് നശിപ്പിക്കാറ്. 1970 മുതൽ ഗവേഷണകേന്ദ്രങ്ങളിൽ നിന്നും പുറത്തിറക്കിയ വിത്തുകളുടെ ഉപയോഗം തുടങ്ങി. തുടർന്നാണു രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രചരണം വന്നത്. രണ്ടാം കൃഷിക്കു ശേഷം പയറും പച്ചക്കറികളും കൃഷിചെയ്യും. പൊതുവെ പറഞ്ഞാൽ കൃഷിയിടങ്ങളിൽ എന്തെങ്കിലും ഒരു കൃഷി ഉണ്ടാകും.

കരപ്രദേശങ്ങളിൽ കുറ്റിച്ചെടി വെട്ടിതീയിട്ടു വർഷകാല ആരംഭത്തോടെ നെല്ലു വിതക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇതിന്നു പുനം കൃഷിയെന്നും വാനോക്കി എന്നും പറയാറുണ്ട്. ഉയർന്ന മേനിയും ചുരുങ്ങിയ ചിലവുമാണു ഇതിന്റെ പ്രത്യേകത. മഴയെ മാത്രം ആശ്രയിച്ചാണു അന്നത്തെ മുഴുവൻ കൃഷിയും

മകരകൊയ്ത്തിന് ശേഷമുള്ള പച്ചക്കറികൃഷി പുതുമയുള്ള ഒന്നായിരുന്നു. നനക്കുന്നതിനുള്ള കുളം കൃഷിക്കാർ ശ്രമദാനമായി കഴിക്കും. ഉച്ചാറ് എന്ന പേരിലറിയപ്പെടുന്ന വിശേഷ ദിവസത്തെ അടിസ്ഥാനപ്പെടുത്തിയാണ് പ്രധാന കൃഷിയായ വെള്ളരി നടുന്നത്. ഇതിന്റെ പേരിൽ ഒരു പഴം ചൊല്ലു തന്നെ നിലവിലുണ്ട്. '' ഉച്ചാറുച്ചക്കു വെള്ളരിനട്ടു വിഷുവിനുച്ചക്കു പറിക്കുന്നു. ഇതിലെ സൂചന പോലെ എല്ലാ കൃഷിക്കാരും

ഒരുമിച്ചു കൂടി ഉച്ചാറു ദിവസം വെള്ളരിനടും. വിഷുദിവസം കായപറിക്കുകയും ചെയ്യും. അത് വരെ വീട്ടാവശ്യത്തിനും പോലും ഒരെണ്ണം പറിക്കുകയില്ല. ഏതാണ്ടൊരുത്സവലഹരിയിലായിരിക്കും എല്ലാവരും. ഇന്ന് നാം പറയുന്ന ''വെള്ളരി നാടകം '' പോലെയുള്ള പ്രയോഗം അന്നത്തെ വെള്ളരിക്കണ്ടങ്ങളിൽ അവതരിപ്പിക്കുന്ന നാടൻ കലാപരിപാടികളെയാണു ഉദ്ദേശിക്കുന്നത്. കൂടാതെ കയ്പക്കപടവലം, ചീര, വെണ്ട, മത്തൻ എന്നീ ഇനങ്ങളും കൃഷി ചെയ്യും. നട്ടവൻ നടാത്തവനു വിഹിതം കൊടുക്കുന്ന സൗഹൃദവും കാണിക്കാറുണ്ട്. ഇതൊരു പഴയ കാല ഓർമ്മകൾ മാത്രം. ഉപഭോഗ സംസ്കാരത്തെ വാരിപ്പുണരുന്ന തിരക്കിൽ ഈ ഗ്രാമീണ രീതികൾ എവിടെയോ നഷ്ടപ്പെടുകയും പച്ചക്കറികൾക്കു വേണ്ടി അയൽ സ്ഥാനങ്ങളെ ആശ്രയിക്കുന്ന ഗതി വരുകയും ചെയ്തു.

പഞ്ചായത്തിന്റെ വടക്കെ അതൃത്തിയായ നിടുമ്പ്രത്തു നേന്ത്ര വാഴ ധാരാളമായി കൃഷി ചെയ്തിരുന്നു. ചെങ്ങവയൽ മുതൽ പന്തക്കൽ വരെയുള്ള വിശാലമായ സ്ഥലത്തു വാഴത്തോട്ടമായിരുന്നു. കൂമ്പടപ്പുപോലുള്ള രോഗം കാരണം ഈ കൃഷി പൂർണ്ണമായും നശിച്ചു. കാർഷിക മേഖലക്കു പ്രാധാന്യം കൊടുക്കാത്ത വിദ്യാഭ്യാസം ഭൂപരിഷ്കരണ നിയമം, സർക്കാറിന്റെ അവഗണനന, വരവിൽ കൂടുതലായ ചിലവു തുടങ്ങി ഒട്ടേറെ കാരണങ്ങൾ കൊണ്ടും 1960 മുതൽ തന്നെ പാടങ്ങൾ നികത്തപ്പെട്ടു. പകരമായി നാണ്യവിളകൾ കൃഷിചെയ്തു. വയലുകളെ പകുത്തു കൊണ്ടുള്ള റോഡുനിർമ്മാണം, കാർഷിക മേഖലയിലെ തൊഴിലാളികൾ പ്രത്യുല്പാദനപരമല്ലാത്ത നിർമ്മാണ മേഖലയിലേക്ക് തൊഴിൽ തേടിപോയതുമൊക്കെ വയൽ നികത്തലിന് വേഗത കൂടി. അത് കാരണം കൃഷിചെയ്യണമെന്ന് താല്പയ്യമുള്ള കൃഷിക്കാർക്കു കർഷകത്തൊഴിലാളികളെ ആവശ്യമുള്ള സമയത്ത് കിട്ടാതാവുകയും പാടങ്ങളുടെ തനിമ നഷ്ടപ്പെടുകയും ചെയ്തു. ഇങ്ങനെ നെൽകൃഷി നാശത്തിന്റെ വക്കിലെത്തി.

നെൽപാടങ്ങളിൽ കൂടി തെങ്ങുകൃഷി വ്യാപിച്ചെങ്കിലും ഈ മേഖലയുടെ വളർച്ചയും ആശാവഹമായിരുന്നില്ല. വയലുകൾ നികത്തിയതു നിർകെട്ടിനു കാരണമായി. കൃഷിക്കാർ സ്വന്തം താല്പര്യം മാത്രം കണക്കിലെടുത്തു പ്രവർത്തിച്ചപ്പോൾ വെള്ളം ഒഴുകിപ്പോകുന്ന സംവിധാനം പൂർണ്ണമായും തടയപ്പെട്ടു. ഇതു വയൽ പ്രദേശങ്ങളിലെ തെങ്ങുകൃഷിക്കു വിപരീത ഫലം ഉണ്ടാക്കി. തെങ്ങുകൾ തമ്മിലുള്ള ഇടയകലം കുറയുകയും ആവശ്യത്തിനു മണ്ണും മറ്റു പരിചരണങ്ങളും ലഭിക്കാതിരിക്കുകയും ചെയ്തതിനാൽ ഉല്പാദനം മരവിച്ചു നിന്നു. ഈ സാഹചര്യത്തിൽ കൂമ്പുചീയലും ചെന്നീരൊലിപ്പും വ്യാപകമായി . ഉയർന്ന സ്ഥലത്ത് കൃഷിചെയ്യുന്ന തെങ്ങുകൾക്കും പ്രശ്നങ്ങളുണ്ടായിരുന്നു. പണ്ടുകാലത്തു തെങ്ങിന്നു പുറമെ മാവും പ്ലാവും, പുളിഞ്ചക്ക, ഞാവൽ, കാഞ്ഞിരം തുടങ്ങി വൈവിധ്യാമർന്ന വൃക്ഷങ്ങൾ പുരയിടത്തിലുണ്ടായിരുന്നു. ഇവയുടെ സാമീപ്യം മണ്ണിന്നും അന്തരീക്ഷത്തിന്നും തണുപ്പു നൽകുകയും അവയുടെ ഇലകൾ വീണു മണ്ണു ജൈവസം പുഷ്ടമാവുകയും ചെയ്തിരുന്നു. മരങ്ങൾ മുറിച്ചു മാറ്റുന്നതു നമ്മുടെ ജീവിതശൈലി ആയതോടെ മണ്ണു നഗ്നയാകുകയും വർഷക്കാലത്തു കടുത്ത വളർച്ച അനുഭവപ്പെടുകയും ചെയ്തു. അതിർത്തിയിൽ ജൈവവേലിക്കു പകരം കരിങ്കല്ലു മതിലും വന്നതോടെ പറമ്പുകളിൽ ഒരില വീഴുക എന്നതു അപൂർവ്വമായി. ഒപ്പം തന്നെ കീടനാശിനിയും രാസവളങ്ങളും ഉപയോഗിക്കാൻ തുടങ്ങുകയും കന്നുകാലിവളർത്തൽ ചുരുങ്ങിയതു കാരണം ചാണകമടക്കമുള്ള ജൈവവളങ്ങൾ കുറയുകയും ചെയ്തു. മണ്ണു ദിവസം കഴിയുന്തോറും മരണത്തോടു അടുത്തു വരികയാണ്., വീട്ടാവശ്യത്തിന്നു സാധനങ്ങൾ കൊണ്ടുവരുന്ന പ്ലാസ്റ്റിക്ക് ബേഗുകൾ തത്വദീക്ഷയില്ലാതെ പറമ്പിലേക്കെറിയുന്നതു മണ്ണിന്റെ അകാലമരണത്തിന്നു വേദിയൊരുക്കുന്നു.

ഭൂമി സംബന്ധിച്ച വിവരം

| ഇനം | വിസ്തീർണ്ണം |
| --- | --- |
| നിലം | 30 ഹെക്ടർ |
| പുരയിടം | 950ഹെക്ടർ |
| കൃഷിയോഗ്യതരിശു | 212 ഹെക്ടർ |
| പുറംപോക്ക് | 6 ഹെക്ടർ |

950 ഹെക്ടറിൽ ഇന്നു തെങ്ങു കൃഷിയുണ്ട്. അത്യാവശ്യമായി പയർ, പച്ചക്കറി, വാഴ, മരച്ചീനി കമുക് കശുമാവ് എന്നിവയും കൃഷി ചെയ്യുന്നു.

വിള വിസ്തൃതിയും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തംഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ലു (ഒന്നാം വിള) | 30 ഹെക്ടർ | 66000 കിലോ | 2200 കിലോ |
| നെല്ലു (രണ്ടാംവിള) | 8 ഹെക്ടർ | 20800 കിലോ | 2600 കിലോ |
| പയറു | 8 ഹെക്ടർ | 2288 കിലോ | 286 കിലോ |
| പച്ചക്കറി | 5 ഹെക്ടർ | 20500 കിലോ | 4100 കിലോ |
| തെങ്ങു | 950 ഹെക്ടർ | 6840000 എണ്ണം | 36 എണ്ണം ഒരു തെങ്ങിൽ |
| വാഴ | 8 ഹെക്ടർ | 17920 കിലോ | 2240 കിലോ |
| കുരുമുളക് | 6 ഹെക്ടർ | 1200 കിലോ | 200 കിലോ |
| കമുക് | 20 ഹെക്ടർ | 20 ലക്ഷം അടക്ക | 1ലക്ഷം അടക്ക |
| കശുമാവ് | 3 ഹെക്ടർ | 2220 കിലോ | 1800 കിലോ |

ഇന്നു കൃഷിയെടുക്കുന്ന 30 ഹെക്ടർ നെൽകൃഷിയിൽ ഒളവിലം ഭാഗത്തെ പാടശേഖരങ്ങളിൽ റജിസ്റ്റർ ചെയ്ത ഒരു പാടശേഖരസമിതിയുണ്ട്. കായക്കൽ താഴെവയൽ മുണ്ടയോട്ടും മോന്താൽ എന്നീ പാടങ്ങളിലുള്ള 15 ഹെക്ടർ കൃഷിയാണ് അതിന്റെ പരിധി. പ്രവർത്തനം തൃപ്തികരമല്ല. സർക്കാറിൽ നിന്നുള്ള പ്രോത്സാഹനക്കുറവും കൂട്ടായ്മയോടെയുള്ള പ്രവർത്തനത്തിന്റെ അഭാവം തുടങ്ങിയതാണു കാരണം. കർഷകരുടെ ആവശ്യത്തിന്നു സൗജന്യനിരക്കിൽ കിട്ടിയ ട്രില്ലർ പാടശേഖരത്തിന്റെ മുതൽക്കൂട്ടാണ്. കൂടാതെ ഉല്പാദനത്തിന്നുള്ള പ്രോത്സാഹനതുകയായ ഹെക്ടറിന്നു 250 രൂപ വീതവും നൽകുന്നുണ്ട്.

പൊതുവെ കൃഷിക്കാർ മണ്ണു പരിശോധനക്കു സ്വയം ആവശ്യപ്പെടുന്നതു കുറവാണ്. 95ൽ 122 കൃഷിക്കാരുടെ മണ്ണു പരിശോധിച്ചിട്ടുണ്ട്. കുമ്മായം ഉപയോഗിക്കുന്നതു ഏതാനും കൃഷിക്കാർ മാത്രം. അശാസ്ത്രീയമായ രാസവള പ്രയോഗം കാരണം ചിലവു കൂടുന്നു എന്നതിന് പുറമെ മണ്ണിൽ അമ്ള സ്വഭാവം കൂടി വരുന്നതായും കാണുന്നു. PH5 വരെ താണിരിക്കയാണു പലേടത്തും.

പ്രകൃതിക്ഷോഭം കൊണ്ടും കൃഷിക്കാർക്കു പ്രയാസമുണ്ട്. ഇത് പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും കണ്ടുവരുന്നു. കഴിഞ്ഞവർഷം 105 കൃഷിക്കാർ ഇതിന്റെ പേരിൽ അപേക്ഷ കൃഷിഭവനിൽ കൊടുത്തിട്ടുണ്ട്. സാധാരണ ലഭിക്കുന്നതിന്റെ 28%മാണു ഈ വർഷം നഷ്ട പരിഹാരമായി കൊടുത്തത്.

പഞ്ചായത്തു പരിധിയിൽ 1 രാസവള വില്പന ശാലയാണു ഉള്ളത്. കീടനാശിനികൾ വില്ക്കുന്ന സ്ഥാപനം ഇല്ല.

വാഴകൃഷിക്കു മുമ്പുണ്ടായിരുന്ന കുരളടപ്പൻ, കൊക്കാൻ രോഗം, ഇലതീനി പുഴുവിന്റെ ആക്രമണം എന്നിവയും പുറമെ തണ്ടുതുരപ്പൻ പുഴുവിന്റെ ശല്യം കൂടി ഇപ്പോൾ പുതുതായി കണ്ടുവരുന്നു. നിലവിലുള്ള വാഴയുടെ സ്ഥിതിയും ഇന്നത്തെ നിലയും നോക്കുമ്പോൾ വാഴ കൃഷി പ്രചരിപ്പിക്കുന്നതു ലാഭകരമായിരിക്കും മരച്ചീനിക്കും തരക്കേടില്ലാത്ത വിളവു ലഭിക്കുന്നുണ്ട്. ഈ കൃഷി വ്യാപിപ്പിക്കുന്നതു കൃഷിക്കാർക്കു ഏറെ ആശ്വാസവുമായിരിക്കും.

കുരുമുളക് കൃഷി 6 ഹെക്ടർ സ്ഥലത്ത് ഉണ്ടെങ്കിലും വിളവ് തൃപ്തികരമല്ല. വാട്ടരോഗങ്ങൾ വ്യാപകമാണ്. ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ ചുരുക്കം കൃഷിക്കാർ മാത്രമെ ഇതിന്നു പരിചരണ ചെയ്യുന്നുള്ളൂ. പുതുതായി വള്ളി പിടിപ്പിക്കൽ സൗകര്യമുള്ള കൃഷിയിടം ഏറെ ഉണ്ട്.

തെങ്ങുകൃഷി സംരക്ഷിക്കാൻ പഞ്ചായത്തു തലത്തിൽ കേരസംരക്ഷണ സമിതി രജിസ്ട്രർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനം കാര്യക്ഷമമല്ല. ശരാശരി ഉൽപാദനം തെങ്ങൊന്നിന് 36 നാളികേരമാണ്. ഭൂരിഭാഗം കൃഷിക്കാരും ജൈവവളം ഉപയോഗിക്കുന്നവരാണ്. രാസവളം ഇടുന്നവർ തന്നെ ശാസ്ത്രീയമായ കണക്കിന്റെ അടിസ്ഥാനത്തിലല്ല ചെയ്യുന്നത്. മഴയെ

ആശ്രയിച്ചു കൃഷി ചെയ്യുന്നവരാണ് 99% വും. ജലസേചനത്തിന്നു കുളം, കിണർ, പമ്പുസെറ്റ് എന്നിവയ്ക്ക് കൃഷിഭവൻ മുഖേന സബ്സിഡിയും ലോൺ എടുക്കാൻ സൗകര്യവും കൊടുക്കുന്നുണ്ടെങ്കിലും കൊല്ലത്തിൽ 100 ൽ താഴെ കൃഷിക്കാർക്കേ ഇത് ലഭിക്കുന്നുള്ളൂ. കൃഷിസ്ഥലത്തിന് ഇപ്പോഴുള്ള വിസ്തീർണ്ണ നിബന്ധന പല കൃഷിക്കാർക്കും ജലസേചനത്തിന്നു തടസ്സമാകുന്നു.

തെങ്ങ് കൃഷി – രോഗം സംബന്ധിച്ച വിവരങ്ങൾ

| വിസ്തീർണ്ണം | ലീഫ്റോട്ട് (എണ്ണം) | ബഡ് റോട്ട് (എണ്ണം) | ചെന്നിരൊലിപ്പ് (എണ്ണം) | മറ്റുള്ളവ (എണ്ണം) |
|---|---|---|---|---|
| 950 ഹെക്ടർ | 1500 | 85 | 325 | 60 |

സർക്കാർ ആനുകൂല്യത്തോടെ നിടുമ്പ്രത്തു പ്രവർത്തിക്കുന്ന "കൂട്ടായി" നർസറിയിൽ നിന്നു തെങ്ങിൻ തൈ, കമുങ്ങു തൈകുരുമുളകു തൈ എന്നിവയ്ക്കു പുറമെ ഫലവൃക്ഷത്തൈകളും വിതരണം ചെയ്യുന്നുണ്ട്. ജില്ലക്കു പുറത്തുനിന്നു വരുന്ന പ്രൈവറ്റ് നർസറികളിൽ നിന്നും കൃഷിക്കാർ തൈകൾ വാങ്ങുന്നുണ്ട്.

1987 സപ്തമ്പറിൽ നിലവിൽ വന്ന കൃഷിഭവന്റെ പ്രവർത്തനത്തിന്നു വലിയൊരു ചലനമൊന്നും കാർഷികമേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കീടനാശിനിയും അതു തളിക്കാനുള്ള പമ്പും കൃഷിക്കാർക്ക് ലഭിക്കുന്നുണ്ട്. വിതരണത്തിന്നുവരുന്ന തൈകളും വിത്തും യഥാസമയത്തല്ല എത്തുന്നതു എന്നു പരാതിയുണ്ട്. ജനങ്ങൾക്ക് എത്തിപ്പെടുവാൻ അസൗകര്യമുള്ള സ്ഥലത്താണ് ഇതു പ്രവർത്തിക്കുന്നു എന്നതുകൊണ്ട് പദ്ധതികൾ കൃഷിക്കാർക്ക് അറിയാൻ താമസം വരുന്നു. ജനങ്ങൾ ഒത്തുചേരുന്ന സ്ഥലത്ത് പ്രവർത്തനം തുടങ്ങിയാൽ ഒട്ടേറെ പേർക്കു പ്രയോജനം ലഭിക്കും

കാർഷിക ആവശ്യങ്ങൾക്ക് വായ്പ ലഭിക്കുന്നവർ അതു കാർഷിക മേഖലയിൽ ചിലവഴിക്കുന്നില്ല എന്നത് പരക്കെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. വായ്പ സൗകര്യം കിട്ടാൻ കൃഷിക്കാരൻ ഏറെ ബുദ്ധിമുട്ടുന്നുവെന്നതും പരിഹാരം അർഹിക്കുന്നതാണ്.

കൈവശഭൂമി വിസ്തീർണ്ണം

| നാമമാത്ര കൃഷിക്കാർ | ചെറുകിട കൃഷിക്കാർ | വൻകിട കൃഷിക്കാർ |
|---|---|---|
| 3350 | 210 | ഇല്ല |

വൻകിട കൃഷിക്കാർ പഞ്ചായത്തിൽ ഇല്ല. നാമമാത്ര കൃഷിക്കാർ 3350 ഉം ചെറുകിട കൃഷിക്കാർ 210 ഉം പേരാണ് ഉള്ളത്.

ഈ വർഷം കൃഷിഭവനിലൂടെ വിതരണം ചെയ്ത തൈകളുടെ കണക്ക്.

1. തെങ്ങുതൈകൾ. കുറ്റ്യടി ഇനം – 600 എണ്ണം
2. തെങ്ങു ടി&സി – 85 എണ്ണം
3. പന്നിയൂർ 1. കുരുമുളക് തൈകൾ 1000 എണ്ണം
4. കരിമുണ്ട കുരുമുളകുതൈകൾ 1000 എണ്ണം
5. ജാതിക്കാതൈകൾ 50 എണ്ണം
6. കമുകുതൈകൾ – 150
7. ഒട്ടുമാവു 20എണ്ണം
8. മറ്റുള്ളവ 130 എണ്ണം

**സാദ്ധ്യതകൾ**

തെങ്ങിൽ നിന്നു കൗശലവസ്തുക്കൾ – തെങ്ങിന്റെ എല്ലാ ഭാഗങ്ങൾ കൊണ്ടും കരകൗശലവസ്തുക്കൾ സഹകരണാടിസ്ഥാനത്തിലോ വ്യക്തികളായോ തുടങ്ങാൻ ഏറെ സാധ്യതയുണ്ട്. ഇതിനായി തെങ്ങിന്റെ തടി, ചിരട്ട ഓല, മടൽ, ഈർക്കിൽ എന്നിവ ഉപയോഗിക്കാം. ഇതിൽ പലഭാഗങ്ങളും പാഴായി പോവുകയാണ് ചെയ്യുന്നത്.

**ഗ്രാമസഭയിൽ നിന്നുവന്ന നിർദ്ദേശങ്ങൾ**

1. ഒളവിലം പ്രദേശത്തെ നെൽകൃഷി ഉപ്പുവെള്ളം കയറി നശിച്ചുപോകുന്നതു കാരണം വയൽ ഒഴിച്ചിട്ടിരിക്കയാണ്. നിലവിലുള്ള പാത്തി ശ്രദ്ധാപൂർവ്വം പരിശോധിച്ചു ശാശ്വതവും ഫലപ്രദവുമായ നടപടികൾ കൈക്കൊള്ളണം

2. പണ്ടുകാലത്തു ഏറെ പ്രയോജനപ്പെട്ടതും ഇന്നു പൂർണ്ണമായും; ഭാഗീകമായും നശിച്ചുപോയ പഞ്ചായത്തിലെ എല്ലാ തോടുകളും ബന്ധപ്പെട്ട കുളങ്ങളും ആഴവും വീതിയും കൂട്ടി കല്ലുകൊണ്ട് കെട്ടണം.

3. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോ

ഗിച്ചു കൃഷി ചിലവ് ചുരുക്കി ഉല്പാദന ക്ഷമതയുള്ള താക്കണം.

4. നിലവിലുള്ള നെൽപാടങ്ങൾ നിലനിർത്തുവാനും അതിൽ കൃഷിയിറക്കുന്ന കൃഷിക്കാരന് ആകർഷ കമായ ആനുകൂല്യങ്ങൾ കൊടുക്കാനും നടപടികൾ സ്വീകരിക്കണം.

5. വിത്ത്, നടീൽ വസ്തുക്കൾ എന്നിവ പഞ്ചായത്തിൽ തന്നെ കൃഷിഭവന്റെ നേതൃത്വത്തിൽ ഉല്പാദിപ്പിച്ചു കൃഷിക്കാർക്കു കൃത്യസമയത്ത് മിതമായ നിരക്കിൽ കൊടുക്കുക

6. തെങ്ങിനും ഇടവിളക്കും ജലസേചനം ആവശ്യമുള്ളവർക്കു സ്ഥല പരിധി നോക്കാതെ കിണർ കുഴിക്കാനും പമ്പുസെറ്റ് വാങ്ങാനും സബ്സിഡിയും ലോണും കൊടുക്കുക

7. ഏതു തരത്തിലുള്ള കൃഷിനാശത്തിന്നും നഷ്ട പരിഹാരം കൊടുക്കുക

8. നീർകെട്ടുള്ള വയൽ കൃഷി യോഗ്യമാക്കൽ ആവശ്യമായ തോടും, റോഡുകൾക്കു ഓവു പാലവും കെട്ടുക

9. പച്ചക്കറി കൃഷി വ്യാപകവും നിർബന്ധവും ആക്കുക

10. എല്ലാ വീട്ടിലും കമ്പോസ്റ്റ് കുഴി നടപ്പാക്കുക

11. ഓരോ പാടശേഖരങ്ങളും ഓരോ സംഘ കൃഷിയുടെ പരിധിയിൽ വരുത്തി രജിസ്ട്രർ ചെയ്യിക്കുക. ആനുകൂല്യങ്ങൾ സംഘത്തിലൂടെ വിതരണം ചെയ്യുക

12. തെങ്ങിൻ തോട്ടത്തിൽ ഇടവിള പ്രോത്സാഹിപ്പിക്കുക

13. പഴവർഗ്ഗകൃഷി പ്രചാരത്തിലാക്കുക. കൈതച്ചക്കക്കും നാടൻ വാഴക്കും പ്രോത്സാഹനം കൊടുക്കുക

14. പാടം ഭാഗികമായി നികത്തി തെങ്ങു വെച്ചു കഴിഞ്ഞ സ്ഥലം മണ്ണിട്ടു പൂർണ്ണമായും നികത്താൻ സൗകര്യപ്പെടുത്തുക. വെള്ളം ഒഴുകാനുള്ള തോടു നിർബന്ധമാക്കുക.

15. രാസവളത്തിന്നു സബ്സിഡി അനുവദിക്കുക

16. പഞ്ചായത്തു തലത്തിൽ കൊപ്ര സംഭരണം നടപ്പാക്കുക

17. പണി ആയുധങ്ങൾ സൗജന്യ നിരക്കിൽ അനുവദിക്കുക

18. കിഴങ്ങു വർഗ്ഗ കൃഷിക്ക് പ്രോത്സാഹനം കൊടുക്കുക

19. കുരുമുളക് കൃഷി പുനരുദ്ധാരണം ചെയ്യുക

20. കൂൺകൃഷി, പുഷ്പകൃഷി വികസിപ്പിക്കുക

21. കാർഷിക ചർച്ചാ ക്ലാസ്സും ബോധവല്കരണവും തുടർച്ചയായി ലഭിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കുക

22. മണ്ണു സംരക്ഷണ പരിപാടിക്കു സംവിധാനമുണ്ടാക്കുക

23. കൃഷിഭവന്റെ സേവനം വാർഡിൽ എല്ലാ കൃഷിക്കാർക്കും ലഭിക്കുന്ന തരത്തിൽ ക്രമീകരികരണം നടത്തുക

24. എലി നശീകരണ കേമ്പയിൽ നടത്തുക

25. കായ് ഫലമില്ലാത്ത തെങ്ങു മുറിച്ചു മാറ്റാൻ പ്രോത്സാഹിപ്പിക്കുക

26. ആഴ്ചച്ചന്ത തുറന്നു പ്രവർത്തിക്കണം

27. ഏറ്റവും നല്ല കൃഷിക്കാരനെ വാർഡടിസ്ഥാനത്തിൽ ആദരിക്കുക

28. ഫാം കാർഡു നടപ്പാക്കുക

# മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും. മൃഗപരിപാലനം. പ്രാഥമിക മേഖലയിലെ ഒരു പ്രധാന ഉപമേഖലയായ മൃഗപരിപാലനത്തെ ക്ഷീരോല്പാദനം, മാംസോൽപാദനം (മുട്ടകൾ ഉൾപ്പെടെ) രണ്ട് വിശാല വിഭാഗങ്ങളാക്കിയാണ് സാധാരണ തരം തിരിക്കാറുള്ളത്. ക്ഷീരാല്പാദനത്തിന് പശു, എരുമ, ആട് എന്നിവയെയാണ് ഉപയോഗിക്കാറുള്ളതെങ്കിലും നമ്മുടെ പഞ്ചായത്തിൽ പ്രധാനമായുംപശുവിനെയാണ് ആശ്രയിക്കുന്നത്. ആട് കുറഞ്ഞ അളവിൽമാത്രമാണ് ഉപയോഗിക്കപെടുന്നത്. കൂടാതെ മാംസത്തിനു വേണ്ടിയും ആടുമാടുകളെയും കോഴിയെയും വളർത്തുന്നുണ്ട്. ആടുമാടുകൾ ഗ്രാമീണകുടുമ്പങ്ങൾക്ക് വരുമാനവും തൊഴിലും നൽകുന്നതിനു പുറമെ മണ്ണിന് ആവശ്യമായ ജൈവവളങ്ങളും പ്രദാനം ചെയ്യുന്നുണ്ട്. കേരളത്തിൽ പൊതുവെ കാണപ്പെടുന്നത് പോലെ വീടും പരിസരവുമാണ് മൃഗപരിപാലനത്തിന് നമ്മുടെ പഞ്ചായത്തും ഉപയോഗപെടുത്തുന്നത്.

1987 ലെ കന്നുകാലി സെൻസസ് അനുസരിച്ച് 1914 പശുക്കളാണ് ചൊക്ളിപഞ്ചായത്തിലുള്ളത്. സെൻസസ് പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

ഒരു ഏകദേശകണക്ക് പ്രകാരം ചൊക്ളിപഞ്ചായത്തിൽ 1700 ലിറ്റർ പാൽ മാത്രമാണ് ഉൽപാദിപ്പിക്കുന്നത്. പഞ്ചായത്തിന്റെ ആവശ്യം നിറവേറ്റാൻ ഇതിന്റെ അഞ്ച് ഇരട്ടിപാലെങ്കിലും ഉണ്ടായെ മതിയാവൂ. ഉൽപാദിപ്പിക്കുന്ന പാൽവിറ്റഴിക്കുവാനുള്ള പ്രയാസം, കാലിതീറ്റയുടെ വമ്പിച്ച വില, പുല്ലിന്റെ ദൗർല്ലഭ്യം ആവശ്യമായ ചികിത്സാസൗകര്യം ലഭിക്കായ്മ, തൊഴിൽമാന്യതയുടെ പേരിൽ പുതിയതലമുറയുടെ താത്പര്യക്കുറവ് എന്നിവ കാലിവളർത്തലിന്റെ പിന്നോട്ടടിക്ക് കാരണമായിട്ടുണ്ട്.

പഞ്ചായത്തിൽ മൊത്തം പ്രവർത്തന പരിധിയായിട്ടുള്ള ഒരു ക്ഷീരവ്യവസായ സഹകരണസംഘം ഉണ്ടെങ്കിലും, മുഴുവൻകൃഷിക്കാർക്കും പ്രയോജനപ്പെടുത്തുന്ന രീതിയിൽ പ്രവർത്തന ക്ഷമമല്ല. കർഷകരിൽ നിന്ന് പാൽ ശേഖരിക്കാനുള്ള പ്രയാസം, ശേഖരിച്ച പാൽ വിതരണം ചെയ്യാനുള്ള പ്രയാസം, ബാക്കി വരുന്നപാൽ സംസ്ക്കരിക്കാനുള്ള സംവിധാനം ഇല്ലാത്തതും ഈ സംഘം അനുഭവിക്കുന്ന പ്രശ്നങ്ങളാണ്. പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഇല്ലാത്തതും ഒരു മൃഗഡേക്ടർ ഇല്ലാത്തതും കർഷകർ അനുഭവിക്കുന്ന

കന്നുകാലിസമ്പത്ത്-പട്ടിക 1 ~~കാള~~

| കാള | | പശു | | പോത്ത് | എരുമ | ആട് പെൺ | ആട് പെൺ | പട്ടി | കോഴി നാടൻ | കോഴി സങ്കരം |
|---|---|---|---|---|---|---|---|---|---|---|
| നാടൻ | സങ്കരം | നാടൻ | സങ്കരം | | | | | | | |
| 49 | 175 | 501 | 1413 | 16 | - | 818 | 249 | 220 | 5383 | 1849 |

പാടങ്ങൾ നികത്തിയതും നെൽകൃഷി ലാഭകരമല്ലാതായിതീരുകയും, കുർഷകർ കൃഷിവൃത്തിയിൽനിന്ന് പിൻമാറുകയും ചെയ്തതോടുകൂടി കന്നുകാലിവളർത്തലും പിറകോട്ടപോകുകയുണ്ടായി വയലുകളുടെ കുറവ് ഉഴവ് കാളകളുടെയും എണ്ണമില്ലാതാക്കാൻ കാരണമായി. വളരെ പരിമിതമാണെങ്കിലും കുറെ പേരെങ്കിലും കോഴിവളർത്തൽ നിലനിർത്തുന്നുണ്ട്.

ഒരു പ്രധാന ബദ്ധിമുട്ടാണ് വളരെ ദൂരെ നിന്ന് വലിയ ചിലവിൽ ഡോക്ടറുടെ സേവനം ആവശ്യമായ അവസരത്തിൽ ഉപയോഗിക്കേണ്ടിവരുന്നതും സാധാരണമാണ്. പ്രസ്തുത ചിലവ് സാധാരണ കർഷകന് താങ്ങാനാവുന്നതിലും കൂടുതലാണ്. കാലികളിൽ പനി അകിട് വീക്കം കുളമ്പ് രോഗം എന്നിവയാണ് സാധാരണയായി കണ്ടുവരുന്നത്. ഒരു പരിധിവരെ കുളമ്പുരോഗം

നിർമാർജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായ മൃഗപരിപാലനത്തെപറ്റി കർഷകർക്ക് അറിയാത്തതിനാൽ ചില രോഗങ്ങൾ ആരംഭത്തിൽ ത്ന്നെ ചികിത്സ നടത്തി ഭേദമാക്കാൻ സാധിക്കാതെ വരുന്നു. പഞ്ചായത്തിൽ ഇപ്പോൾ രണ്ട് ഗോബർ ഗ്യാസ്പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. ബോധവൽക്കരണത്തിലൂടെ ഇത് വ്യാപനം നടത്തിയാൽ പാചകത്തിനും വെളിച്ചത്തിനും ഉള്ള ഇന്ധനത്തിന്റെ വലിയൊരുഭാഗം കണ്ടെത്താൻ സാധിക്കും. ദരിദ്രരുടെ പശുവായ ആട്, വികേന്ദ്രീകൃതമായി നടത്താവുന്ന ഒരു കൃഷിയാണ്. അഴിച്ചിടാൻ സ്ഥലമില്ലാത്തതിനാൽ ആലയിൽ കെട്ടിയിട്ട് വളർത്തുന്ന രീതിയേ നമ്മുക്ക് ഉപയോഗിക്കാൻ സാധിക്കുകയുള്ളു. നമ്മുടെ പറമ്പുകളിലെ പ്ളാവിൻ ഇലയും, ചെറുപുല്ലുകളും മാത്രമെ ആടിന് പ്രധാന ആഹാരമായി വേണ്ടതുള്ളു. ആടിൻ മാംസം വില കൂടിയ ഒരു വസ്തുവാണ്. വളരെ ലളിതമായി വളർത്താൻ കഴിയുന്ന ഈ പരിപാടി വ്യാപിക്കാൻ വേണ്ട ബോധവൽക്കരണവും പ്രവർത്തനവും നടത്തേണ്ടിയിരിക്കുന്നു.

മുൻ കാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴികളെ വളർത്തിയിരുന്നു. കോഴിവസന്ത വ്യാപകമായതും, ഭൂമി തുണ്ടവൽക്കരിക്കപ്പെട്ടതും ജനങ്ങളെ കോഴിവളർത്തലിൽനിന്നും അകറ്റിനിർത്താൻ കാരണമാക്കി. കോഴിയിറച്ചിയുടെയും മുട്ടയുടെയും ഉപയോഗം വളരെ വർദ്ധിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ, നാം അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുന്ന ഗുണം കുറഞ്ഞ ഇറച്ചികോഴികളേയും, മുട്ടകളേയുമാണ് ആശ്രയിക്കേണ്ടിവരുന്നത്. കോഴികുഞ്ഞുങ്ങളെ വൻതോതിൽ വിരിയിച്ചെടുക്കുകയും വിലകുറഞ്ഞ തീറ്റ ഉൽപാധിപ്പിച്ച് വിതരണം നടത്തിയും സംഭരണവിതരണകേന്ദ്രങ്ങൾ തുറന്നും ഈ മേഖലക്ക് ജീവൻ നൽകാൻ സാധിക്കുന്നതാണ് ഇവ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു പുറമെ അസംസ്കൃത പദാത്ഥങ്ങൾ ഉപയുക്തമാക്കുകയും പരിസരമലിമീകരണം ഒരുപരിധിവരെ കുറക്കാനും കാരണമായിതീരുകയും ചെയ്യും. മത്സ്യത്തിന്റെ അവശിഷ്ടഭാഗങ്ങൾ ഉപയോഗിച്ച് കോഴിത്തീറ്റ നിർമിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.

മേൽ പറഞ്ഞ രീതിയിൽ മൃഗപക്ഷിപരിപാലനത്തിലൂടെ പഞ്ചായത്തിന്റെ ആഭ്യന്തരവിപണിയെ തൃപ്തിപ്പെടുത്തുക എന്ന ചെറിയ ലക്ഷ്യം മാത്രമിട്ടുകൊണ്ട് പ്രവർത്തന സംരഭങ്ങൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

**പ്രശ്നങ്ങൾ.**

- കുറഞ്ഞവിലക്ക് തീറ്റ കിട്ടാത്തത്.
- ശാസ്ത്രീയമായരീതിയിൽ വളർത്താനുള്ള കഴിവില്ലായ്മ.
- വേണ്ടപ്പോൾ ചുരുങ്ങിയ ചിലവിൽ ചികിത്സ ലഭിക്കാത്തത്.
- സാങ്കേതിക വിദഗ്ദ്ധരുടെ കുറവ്.
- സംഭരണത്തിനും, വിതരണത്തിനുമുള്ള പ്രയാസം.
- മേച്ചിൽസ്ഥലങ്ങളുടെ അഭാവം.
- നല്ലയിനത്തിൽപെട്ടവയെ ലഭിക്കാത്തത്.
- മൃഗാശുപത്രിയുടെ അഭാവം.

**സാദ്ധ്യതകൾ.**

- പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമിക്കൽ.
- പാൽസഹകരണ സംഘത്തെ ശക്തിപെടുത്തൽ.
- മുഴുവൻകൃഷിക്കാരെയും സൊസൈറ്റിയുടെ കീഴിൽ കൊണ്ടവരൽ.
- മൃഗാശുപത്രി നിർമിക്കൽ.
- സൊസൈറ്റിയുടെ കീഴിൽ ഒരു ഡോക്ടറുടെ സേവനം ഉണ്ടാക്കൽ.
- കുറഞ്ഞപലിശക്ക് വായ്പ അനുവദിക്കലും, നല്ലയിനം മൃഗങ്ങളേയും, പശുക്കളേയും വിതരണം ചെയ്യൽ.
- കർഷകർക്ക് ആവശ്യമായ പലിശീലനവും, ബോധവൽക്കരണവും.
- ഗോബർഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കൽ.
- സ്ക്കൂൾ, പൗൾട്രി ക്ലബുകൾ രൂപീകരിക്കൽ.
- ഒളവിലം, നിടുമ്പ്രം, മേനപ്രം മേഖലകളിൽ പ്രത്യേകം പാൽ സൊസൈറ്റി രൂപീകരിക്കുക.

**മത്സ്യബന്ധനം.**

മോന്താൽ മുതൽ ഒളവിലും പാത്തിക്കൽ വരെ ഒഴുകുന്ന മയ്യഴിപുഴ, ചെറുതും വലുതുമായ അമ്പല ക്കുളങ്ങൾ, തോടുകൾ എന്നിവയാണ് ഉൾനാടൻ മത്സ്യ കൃഷിക്ക് പ്രയോജനപ്പെടുത്താവുന്ന ചൊക്ലി പഞ്ചാ യത്തിലെ ജലസ്രോതസ്സുകൾ. പഞ്ചായത്തിന് ആവ ശ്യമായ മുഴുവൻ മത്സ്യവും കടൽ മത്സ്യമായി വിത രണം ചെയ്യപെടുന്നവയാണ്. പുഴയിൽ നിന്ന് മത്സ്യ ബന്ധനം നടത്തിന്ന അഞ്ചോളം കുടുംബങ്ങൾ ഒള വിലം ഭാഗത്തുണ്ട് എന്നതൊഴിച്ചാൽ മത്സ്യബന്ധനം തൊഴിലാക്കിയവർ നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. അതികാലത്ത് തന്നെ പഞ്ചായത്തിന്റെ മുക്കിലും മൂലയിലും കടൽ മത്സ്യം വിൽപ്പനക്കാർ സൈക്കിൾവഴി വിതരണം ചെയ്യുന്നുണ്ട്. ഈ രംഗത്ത് ധാരാളം പേർ തൊഴിൽ ചെയ്യുന്നുണ്ട്. ചൊക്ലിയിലെ മത്സ്യമാർക്കറ്റ്മാത്രമാണ് ഒരു സ്ഥിരം മത്സ്യ-പൊതു വിതരണകേന്ദ്രം. കൂടാതെ മേക്കുന്ന്, പെട്ടിപ്പാലം ഒള വിലം,മോന്താൽ എന്നീ കേന്ദ്രങ്ങളിലും ഇരുന്ന് മത്സ്യ വിൽപ്പന നടത്തുന്നുണ്ട്. ശുദ്ധജല മത്സ്യകൃഷിചെ യ്യാൻ പറ്റിയകുളങ്ങൾ ഉണ്ടെങ്കിലും, ആ രംഗത്തേക്ക് ഇനിയും ആരുടെയും ശ്രദ്ധപതിഞ്ഞിട്ടില്ല. എപ്പോഴും വെള്ളം ലഭിക്കുന്ന കൊളായി ഭാഗത്തും പാറക്കുളങ്ങ ളിലും ശാസ്ത്രീയമായ രീതിയിൽ യൂനിറ്റടിസ്ഥാന ത്തിൽ ശുദ്ധജല മത്സ്യകൃഷിനടത്താൻ വേണ്ട ശ്രമ ങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ.**

- സ്വകാര്യകുളങ്ങൾ മത്സ്യകൃഷിക്ക് സൗകര്യം കൊ ടുക്കുന്നില്ല.
- ആവശ്യമായ ബോധവൽക്കരണം ലഭിക്കുന്നില്ല.
- പൊതുസ്ഥലങ്ങളിൽ നടക്കുന്ന വിൽപ്പന, അതു മൂലമുണ്ടാകുന്ന, പരിസര മലിനീകരണം.
- അധികൃതരുടെ ഭാഗത്തുനിന്നുള്ള കർശന നിയമ മില്ലായ്മ.

**സാദ്ധ്യതകൾ.**

- പൊതുകുളങ്ങൾ, അമ്പലക്കുളങ്ങൾ, സ്വകാര്യകു ളങ്ങൾ എന്നിവ ഉപയോഗിച്ച് യൂനിറ്റടിസ്ഥാവ ത്തിൽ മത്സ്യകൃഷി നടപ്പാക്കൽ.
- ഒളവിലം ഭാഗത്തുള്ള ചതപ്പു പ്രദേശത്ത് ചെ മ്മീൻകൃഷിആരംഭിക്കൽ.
- മത്സ്യവിത്തുകളും, തീറ്റകളും വിതരണം ചെയ്യൽ
- ആവശ്യമായ ബോധവൽക്കരണം നടത്തൽ.
- ആരോഗ്യകരമായരീതിയിൽ മത്സ്യ വിൽപ്പന നട ത്തൽ.
- മാർക്കറ്റും, പരിസരവും വൃത്തിയായും ആരോഗ്യ കരമായും സംരക്ഷിക്കൽ.
- മത്സ്യബന്ധനത്തിലും വിതരണത്തിലും എർപ്പെ ട്ടിട്ടുള്ളവർക്ക് ക്ഷേമ പ്രവർത്തനങ്ങൾ.
- ഉപയോഗ്യശൂന്യമായ മത്സ്യം ഉപയോഗിച്ചുള്ള വളം നിർമിക്കൽ.

## വ്യവസായം :

ഏഷ്യയിലെ തന്നെ ചൂരൽ വ്യവസായ കേന്ദ്രമായിരുന്ന മേക്കുന്ന് മത്തിപ്പറമ്പ് പ്രദേശം ഉൾക്കൊള്ളുന്ന ചൊക്ലി പഞ്ചായത്ത് പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ബീഡി, ചകരി, നെയ്ത്ത് തുടങ്ങിയ തൊഴിൽ മേഖലകളാലും സമ്പന്നമായിരിക്കുന്നു. ഇവയ്കു പുറമെ അവൽഇടി കള്ള് ചെത്ത് എണ്ണയാട്ട് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളും പ്രവർത്തിച്ചിരുന്നു. മേനപ്രംതെരു, നിടുമ്പ്രം ഇല്ലത്ത് പീടിക എന്നി സ്ഥലങ്ങളിലായിരുന്നു കൈത്തറി മേഖല പ്രവർത്തിച്ചിരുന്നത്. ഒളവിലം കയർ സഹകരണ സംഘം എന്ന പേരിൽ 60 ഓളം തൊഴിലാളികൾ പണിയെടുത്തിരുന്ന കേരളത്തിലെ പ്രധാനപ്പെട്ട ഒരു കയർ വ്യവസായം ഒളവിലത്ത് പ്രവർത്തിച്ചുരുന്നു. ചൊക്ലിയിലെ 10 ഓളം കേന്ദ്രങ്ങളിലായി 100ൽ പരം തൊഴിലാളികൾ പ്രവർത്തിച്ചിരുന്ന ബീഡി വ്യവസായം ഇന്ന് നിടുമ്പ്രത്ത് കേരളാ ദിനേസ് ബീഡിയുടെ ഒരു ബ്രഞ്ചിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.ഇന്ന് പെതുമേഖലയിലോ സഹകരണ മേഖലയിലോ ചെറുകിട വ്യവസായങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് പറയാം കൈത്തറി വ്യവസായം 4 ഓളം കുടുംബങ്ങളിലായി നിടുമ്പ്രം ദേശത്ത് നാമ മാത്രമായി പ്രവർത്തിക്കുന്നു.

ഖാദിബോർഡിന്റെയും കേരള വ്യവസായ വകുപ്പിന്റെയും സഹയാത്തോടെ പ്രവർത്തിച്ചിരുന്ന ടോയ്‌ലറ്റ് സോപ്പ് നിർമ്മാണ ഫാക്ടറി ''കുടീർ'' എന്ന പേരിൽ വിപണിയിൽ ഇറക്കിയിരുന്നു - കേരള സോപ്സ് പൂട്ടിയതോട് കൂടി അസംസ്കൃത വസ്തുക്കൾ ലഭിക്കാതിരിക്കുകയും വിപണന രംഗത്ത് വൻകിടക്കാരോട് മത്സരിക്കാൻ കഴിവില്ലാതെ പോയതും ഇതിന്റെ പ്രവർത്തനം നിശ്ചലമാകാൻ കാരണമായി. സിവിൽ സപ്ലൈസ് മുഖേനയും സൈനീക മേഖലയിലേക്കും വിതരണം ചെയ്യും എന്ന രീതിയിലായിരുന്നു ഇതിന്റെ പ്രവർത്തനം തുടങ്ങിയത്. എന്നാൽ ഈ രണ്ട് പ്രവർത്തനങ്ങളും നടപ്പാകാതെ പോയത് ഇത് നിശ്ചലമാകാൻ കാരണമായി. ചൊക്ലിപഞ്ചായത്തിൽ സ്വകാര്യമേഖലയിൽ വിവിധ സ്ഥാപനങ്ങളിലായി 300 ൽപരം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇതിൽ സ്ത്രീകളുടെ എണ്ണം വളരെ ചെറുതാണ്. 11.98 ച.കി.മി വിസ്തീർണ്ണമുള്ള 4002 വീടുകളും 22865 ആളുകളും അധിവസിക്കുന്ന ഈ പഞ്ചായത്തിൽ ഗ്രിൽസ്, ബേക്കറി ഫർണിച്ചർ എന്നിവ ഒഴിച്ച് മറ്റെല്ലാ ഉൽപ്പന്നങ്ങളും പഞ്ചായത്തിന് പുറത്ത് നിന്ന് വിതരണം ചെയ്യുന്നതാണ്. ഇറക്കുമതി ചെയ്യുന്ന വ്യാവസായിക ഉല്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന യൂനിറ്റുകൾ ഇവിടെ ഉയർന്ന് വരാത്തത് പഠനത്തിന് വിധേയമാക്കേണ്ടതാണ്. ഇന്ന് ഏറെയും തൊഴിലാളികൾ ജോലി ചെയ്യുന്ന നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ ഗ്രിൽസ് കരിങ്കൽ ജില്ലി എന്നിവ മാത്രമേ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളു. പട്ടിക ഒന്നിൽ ചെറുകിട യൂനിറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്.

**പട്ടിക – 1**

| S.No. | സ്ഥാപനങ്ങളുടെ പേര് | എണ്ണം |
|---|---|---|
| 1. | എഞ്ചിനീയറിംഗ് വർക് ഷോപ്പ് | 4 |
| 2. | ഓയിൽ മിൽ | 3 |
| 3. | ഐസ് ഫാക്ടറി | 1 |
| 4. | അച്ചടി | 2 |
| 5. | ഭക്ഷ്യസംസ്ക്കരണം (ഫ്ളവർമിൽ) | 4 |
| 6. | ആയുർവ്വേദമരുന്ന് നിർമ്മാണം | 2 |
| 7. | പാലുൽപ്പന്ന നിർമ്മാണം | 1 |
| 8. | ബേക്കറി | 10 |
| 9. | സോഡാ നിർമ്മാണ യൂനിറ്റ് | 2 |
| 10. | മെറ്റൽ വർക്സ് | 7 |
| 11. | ഫർണ്ണിച്ചർ | 12 |
| 12. | റെഡീമെയ്ഡ് | 3 |
| 13. | സ്റ്റോൺ ക്രഷർ | 1 |
| 14. | അച്ച്, ഉരൽ (കരിങ്കല്ല്) | 1 |
| 15. | ജല്ലി നിർമ്മാണം | 4 |
| 16. | ഗോൾഡ് ഡൈ | 3 |
| 17. | സിനിമ | 1 |
| 18. | വാഹന ബോഡി ബിൽഡിംങ്ങ് | 2 |

തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ ആനുകൂല്യം നല്കുന്നതിൽ പല സ്ഥാപനങ്ങളും താല്പര്യം കാണിക്കുന്നില്ല. മാത്രമല്ല തൊഴിലാളികളെ താല്കാലിക തൊഴിൽ പരിശീലകരാക്കി കുറഞ്ഞ കൂലി നല്കിക്കൊണ്ട് തൊഴിൽ എടുപ്പിക്കുകയും ചെയ്യുന്നത് ഈ രംഗത്ത് ഇന്ന് കാണുന്ന പ്രവണതയാണ്. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നല്കുന്നുണ്ട്. സ്ത്രീ തൊഴിലാളികൾ കൂടുതലായി പണി എടുക്കുന്ന രണ്ട് സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിനുള്ളത്. 30ഓളം സ്ത്രീകൾ പണിയെടുക്കുന്ന നിടുമ്പ്രത്തെ കേരള ദിനേശ് ബീഡി ബ്രാഞ്ചും, പത്തുപേർ പണിയെടുക്കുന്ന ചൊക്ലിയിലെ അക്ഷര വുമൺ ഗാർമെന്റ്സും ആണ്.

ഉപഭോഗ സംസ്ക്കാരത്തിന്റെയും ഉദാവത്ക്കരണത്തിന്റെയും ഫലമായി ജനങ്ങൾ പ്രാദേശിക ഉല്പന്നങ്ങൾ വാങ്ങുന്നതിൽ താല്പര്യം കാണിക്കുന്നില്ല. എന്നുള്ളത് പ്രാദേശിക ചെറുകിട വ്യവസായങ്ങൾ നേരിടുന്ന ഒരു വെല്ലുവിളിയാണ്. ചെറുതും വലുതുമായ പന്ത്രണ്ടോളം ഫർണിച്ചർ ഫാക്ടറികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫർണിച്ചറുകളിൽ 75% വും മറ്റു സ്ഥലങ്ങളിൽ നിന്ന് നിർമ്മിച്ച് ഇവിടെ ഇറക്കുമതി ചെയ്യുന്നതാണ്. മരത്തിന്റെ ദൗർലഭ്യമാണ് കാരണമെന്ന് പറയുന്നുണ്ടെങ്കിലും തൊഴിലാളികളുടെ കൂലികൂടുതലും തൊഴിലാളികളെ കിട്ടാനുള്ള പ്രയാസവുമാണ് ഇതിന്റെ യഥാർത്ഥ കാരണമെന്നത് മറ്റൊരു വസ്തുതയാണ്. വളരെയധികം വികസനത്തിന് സാധ്യതയുള്ള ഒരു മേഖലയാണിത് – മറ്റൊന്ന് ചൊക്ലി പാൽ സൊസൈറ്റിയുടെ കീഴിലുള്ള ക്ഷീരോല്പന്ന യൂനിറ്റാണ്. ഇവിടെ 3 ഓളം സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഗ്രാമസഭയിൽ നിന്ന് ഉയർന്ന് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രശ്നങ്ങളും സാധ്യതകളും ചുവടെ ചേർക്കുന്നു.

**പ്രശ്നങ്ങൾ:**

1. കാർഷികോല്പന്നങ്ങളായ നാളികേരം അടക്കകശുവണ്ടി എന്നിവ വ്യാവസായികമായി ഉപയോഗപ്പെടുത്തുന്നില്ല.
2. ചില മേഖലകളിലെ കുറഞ്ഞ കൂലി നിരക്ക്
3. സഹകരണ മേഖലയുടെ പിന്നോക്കാവസ്ഥ
4. ധനസഹായം കിട്ടാനുള്ള പ്രയാസം
5. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം
6. വ്യവസായത്തോടുള്ള ആഭിമുഖ്യം ഇല്ലായ്മ
7. വൈദ്യുതി രംഗത്തുള്ള പ്രശ്നങ്ങളും കണക്ഷൻ കിട്ടാനുള്ള കാലതാമസവും
8. സ്ത്രീകളുടെ പങ്കാളിത്തക്കുറവ്

**സാധ്യതകൾ:**

1. സ്ക്കൂൾ, ഓഫീസുകൾ തുടങ്ങിയവയ്ക്ക് ആവശ്യമായ സാധനങ്ങൾ ഉൽപാദിപ്പിക്കൽ
2. ചിലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് ആവശ്യത്തിനാവശ്യമായ സാമഗ്രികൾ ഉണ്ടാക്കൽ
3. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണവും റിപ്പേറിങ്ങും
4. സുലഭമായികിട്ടുന്ന നാളികേരം ഉപയോഗപ്പെടുത്തിയുള്ള വ്യവസായം
5. തെങ്ങ്, ചിരട്ട എന്നി വ ഉപയോഗിച്ചുള്ള വ്യവസായം
6. കരകൗശല വസ് ക്കളുടെ നിർമ്മാണം
7. ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സ്ഥിരം വിപണന കേന്ദ്രങ്ങളും ആഴ്ച ചന്തകളും.
8. സഹകരണാടിസ്ഥാനത്തിൽ തീപ്പെട്ടി, മെഴുകുതിരി ചന്ദനത്തിരി തുടങ്ങിയവയുടെ നിർമ്മാണം

**പട്ടിക – 2**

| വിഭാഗം | No. | ഇനം |
|---|---|---|
| | 1. | ചന്ദനത്തിരി |
| | 2. | മെഴുകുതിരി |
| ജനറൽ എസ്. എസ്. ഐ | 3. | ചെരുപ്പുനിർമ്മാണം |
| | 4. | സ്ക്കൂൾ ബാഗ് |
| | 5. | ഡിസ്പോസിബിൾ ഗ്ലാസ് & പ്ലയിറ്റ് |
| | 6. | മസാലപ്പൊടിയുടെ നിർമ്മാണം |
| | 7. | നോട്ട്ബുക്ക് നിർമ്മാണം |
| | 8. | പേപ്പർബാഗ് നിർമ്മാണം |
| | 9. | കരകൗശല വസ്തുക്കളുടെ നിർമ്മാണം |
| | 10. | സിമന്റുകട്ട, ഗ്രിൽസ് നിർഡമ്മാണം |

**പട്ടിക – 3 (തൊഴിലാളികളുടെ കൂലിനിരക്ക്)**

| ചീ. | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | ആൺ | പെൺ |
| 1. | എഞ്ചിനീയറിംഗ് | 50 | -- |
| 2. | ബേക്കറി | 60 | -- |
| 3. | ഗ്രിൽസ് | 60 | -- |
| 4. | ഫർണീച്ചർ | 150 | -- |
| 5. | സിനിമ | 800 (മാസശമ്പളം) | -- |
| 6. | സ്റ്റോൺ ക്രഷർ | 80 | 56 |
| 7. | ബീഡി | 30 DA പുറമെ | 30 DA പുറമെ |

# വിദ്യാഭ്യാസം

> *''വിദ്യാഭ്യാസം ഇന്നുള്ളതുപോലെ ഒരു സ്വകാര്യപ്രക്രിയയല്ല. ഓരോരുത്തരും സ്വന്തം കുഞ്ഞിനെ പ്രത്യേകമായി വളർത്തുകയും, അവരെന്ത് പഠിക്കണമെന്ന് തങ്ങൾ തീരുമാനിക്കുകയും അത് മാത്രം പഠിപ്പിക്കുകയും ചെയ്യുന്ന രീതിയാണിന്ന്. വിദ്യാഭ്യാസം ഒരു സാമൂഹികപ്രക്രിയയാണ്. എല്ലാവർക്കും ഒരേ തരം വിദ്യാഭ്യാസം നൽകണം. മുഴുവൻ സമുദായത്തിന്റേതായ എല്ലാ കാര്യങ്ങളിലും വ്യക്തിയെ അവ നിർവ്വഹിക്കാൻ പഠിപ്പിക്കേണ്ടതും സമൂഹത്തിന്റെ താൽപ്പര്യത്തിന് അനുസ്യൂതമായാണ്. ''*
>
> **– അരിസ്റ്റോട്ടിൽ**

''ഒരു കുഞ്ഞ് ജനിക്കുന്നതു മുതൽ സമൂഹം അവനിൽ അർപ്പിക്കുന്ന ചുമതലകൾ ഏറ്റെടുക്കാൻ പാകത്തിൽ അവനെ രൂപപ്പെടുത്തുവാനുള്ള ചിട്ടയായ പ്രവർത്തനമാണ് വിദ്യാഭ്യാസം എന്ന് നാം അറിയുന്നു. വിദ്യാഭ്യാസത്തെ സാമൂഹിക ഉത്തരവാദിത്തമായി പ്രഖ്യാപിച്ച രാജഭരണവും സാമൂഹ്യ നവോത്ഥാനപ്രസ്ഥാനങ്ങളും ജനാഭിലാഷം മുൻനിറുത്തി കൈകൊണ്ട നടപടികൾ കേരളത്തിൽ പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം ഫലപ്രദമാക്കുകയും സാമൂഹ്യക്ഷേമ രംഗങ്ങളിലടക്കം കേരളത്തെ മുന്നോട്ട് നയിക്കുകയും ചെയ്തു. എന്നാൽ പൊതു വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച, തൊഴിൽ കണ്ടെത്താനുള്ള അടിസ്ഥാന വിജ്ഞാനവും കഴിവുകളും വികസിക്കാത്ത അവസ്ഥ, ധനികർക്ക് മാത്രം മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നേടാനാകുന്ന സൗകര്യങ്ങൾ ഇവയൊക്കെ ഈ രംഗത്തെ രൂക്ഷമായ പ്രശ്നങ്ങളാണ്. ജനകീയ പങ്കാളിത്തത്തോടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിക്കുമ്പോൾ ഈ ഒരു പശ്ചാത്തലം സുപ്രധാനമാണ്.

1900 നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ വിദ്യാഭ്യാസ രംഗത്ത് നേതൃത്വപരമായ പങ്ക് വഹിച്ച ഒരു പ്രദേശമാണ് ചൊക്ലി . ഹെർമൻ ഗുണ്ടർട്ടിനെ മലയാളത്തിന്റെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ച് ''മലയാളം – ഇംഗ്ലീഷ് നിഘണ്ടു '' രചനയ്ക്ക് പ്രാപ്തരാക്കിയ ഊരാച്ചേരി ഗുരുനാഥൻമാർ (1. കുഞ്ഞിക്കണ്ണൻ ഗുരുനാഥൻ, 2. കുഞ്ഞിച്ചന്തൻ ഗുരുനാഥൻ, 3. ഒതേനൻ ഗുരുനാഥൻ 4. ചാത്തപ്പൻ ഗുരുനാഥൻ 5. കോരൻ ഗുരുനാഥൻ ) കവിയൂരിലായിരുന്നു ജീവിച്ചത്. സംസ്കൃതം, തർക്കം, വ്യാകരണം, ജ്യോതിഷം, വൈദ്യം എന്നീ ശാഖകളിൽ അപാര വിജ്ഞാനികളായിരുന്നു അവർ.

1870 ൽ ഗുരുനാഥൻമാരുടെ ശിഷ്യരിൽ പ്രധാനിയായിരുന്ന വരേരി പൊക്കൻ ഗുരുക്കൾ കവിയൂരിൽ സ്ഥാപിച്ച ഒളവിലം എൽ. പി. സ്ക്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. തുടർന്നുള്ള വർഷങ്ങളിൽ ചൊക്ലി ഗുരുകുലം. എൽ.പി സ്ക്കൂൾ, നിടുംമ്പ്രത്തുള്ള കാരാറത്ത് യു.പി. സ്ക്കൂൾ രാമകൃഷ്ണ സ്ക്കൂൾ എന്നീ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.

ഇന്ന് വിദ്യാഭ്യാസ രംഗത്ത് ഗണപരമായി വളരെയധികം പുരോഗതിയാണ് പഞ്ചായത്തിനുള്ളത്. 25 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ 18 എൽ.പി സ്ക്കുളുകളും, 4 യു.പി. സ്ക്കുളുകളും, 3 ഹൈസ്ക്കൂളുകളുമാണ്. ഇവ മുഴുവൻ എയിഡഡ് മേഖലയിലാണ്. വിദ്യാഭ്യാസ രംഗത്ത് സർക്കാർ മുതൽ മുടക്കില്ലാത്ത അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. വിദ്യാലയങ്ങളിൽ 3 ഹൈസ്ക്കൂളുകൾ ഒഴികെ മുഴുവൻ പ്രൈമറി വിദ്യാലയങ്ങളും സ്വാതന്ത്ര്യത്തിന് ഏറെ മുമ്പ് തന്നെ സ്ഥാപിക്കപ്പെട്ടവയാണ്. ഹൈസ്ക്കൂളുകൾ ആരംഭിക്കുന്നത് 1957 മുതൽക്കാണ്. (1957ൽ രാമവിലാസ് ഹൈസ്ക്കൂൾ, 1958 ൽ വി.പി. ഓറിയന്റൽ ഹൈസ്ക്കൂൾ 1978ൽ രാമകൃഷ്ണ ഹൈസ്ക്കൂൾ) പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതി വിവരകണക്കുകൾ പട്ടിക 1(അ) കൊടുത്തിരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ രംഗത്ത് ശക്തമായ മുന്നേറ്റമുണ്ടായ അതേ കാലത്ത് തന്നെ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് കൊണ്ട് ഒട്ടേറെ സ്ഥാപനങ്ങൾ ഉയർന്ന് വരുകയുണ്ടായി. നിടുമ്പ്രം മഠപ്പുര കാരാറത്ത് യു.പി. സ്ക്കൂൾ എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് സർക്കാർ സഹായത്തോടെ പ്രവർത്തിച്ച നിശാപാഠശാലകൾ, ചൊക്ലി ഓറിയന്റൽ ഹൈസ്ക്കൂളിന് സമീപമുള്ള ബാബുരാജേന്ദ്രമന്ദിരം, കവിയൂരിലുള്ള പഞ്ചായത്ത് വായനശാല, മേനപ്രം ദേശീയ വായനശാല, ഒളവിലം ഗ്രാമോദയ വായനശാല തുടങ്ങിയ സ്ഥാപനങ്ങൾ

## പട്ടിക –1 (A)
## വിദ്യാലയവിവരങ്ങൾ

| സിരിയൽ നമ്പർ | വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | | അധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | | | 92-93 | 93-94 | 94-95 | 96-97 | M | FM | Total |
| 1 | ചൊക്ലി. M.L.P | എയിഡഡ് | 103 | 101 | 101 | 106 | 1 | 4 | 5 |
| 2 | ഗുരുകുലം L.P | " | 160 | 157 | 153 | 145 | 1 | 5 | 6 |
| 3 | ഇക്ബാൽ L.P | " | 81 | 90 | 100 | 101 | 1 | 4 | 5 |
| 4 | കല്ലുംങ്കൂൽ M.L.P | " | 100 | 100 | 100 | 100 | 3 | 2 | 5 |
| 5 | കവിയൂർ L.P | " | 162 | 156 | 151 | 151 | 4 | 1 | 5 |
| 6 | ലക്ഷ്മി വിലാസം L.P | " | 133 | 128 | 129 | 136 | 4 | 2 | 6 |
| 7 | മതിയമ്പത്ത് M.L.P | " | 149 | 150 | 147 | 152 | 2 | 4 | 6 |
| 8 | മേനപ്രം L.P | " | 259 | 254 | 249 | 237 | 6 | 4 | 10 |
| 9 | നാവള്ളൂർ M.L.P | " | 195 | 198 | 182 | 184 | 5 | 2 | 7 |
| 10 | നിടുമ്പ്രം രാമകൃഷ്ണ L.P | " | 128 | 130 | 136 | 141 | 3 | 4 | 7 |
| 11 | നോർത്ത് മേനപ്രം L.P | " | 186 | 176 | 168 | 173 | 4 | 3 | 7 |
| 12 | ഒളവിലം L.P | " | 132 | 135 | 138 | 138 | 2 | 2 | 4 |
| 13 | ഒളിവിലം നോർത്ത് L.P | " | 191 | 201 | 159 | 179 | 5 | 2 | 7 |
| 14 | പാറക്കണ്ടി M.L.P | " | 132 | 141 | 145 | 142 | 3 | 2 | 5 |
| 15 | തിരുവംഗലം L.P | " | 137 | 132 | 125 | 124 | 3 | 1 | 4 |
| 16 | വണ്ണത്താംകണ്ടി M.L.P | " | 158 | 159 | 129 | 127 | 5 | 1 | 6 |
| 17 | വള്ളാച്ചേരി M.L.P | " | 101 | 100 | 92 | 51 | 3 | 2 | 5 |
| 18 | വി.പി.എൽ.പി | " | 232 | 211 | 170 | 141 | 5 | 2 | 7 |
| | **UP** | | | | | | | | |
| 19 | ചൊക്ലി യു.പി | " | 202 | 193 | 194 | 238 | 6 | 5 | 11 |
| 20 | കാരാറത്ത്. യു.പി | " | 291 | 269 | 236 | 175 | 7 | 6 | 13 |
| 21 | മേനപ്രം ഈസ്റ്റ് യു.പി | " | 650 | 618 | 605 | 625 | 10 | 11 | 21 |
| 22 | ഒളവിലം യു.പി | " | 520 | 507 | 517 | 512 | 15 | 8 | 23 |
| | **HS** | | | | | | | | |
| 23 | ആർ.വി. എച്ച് എസ്സ് | " | 1969 | 1961 | 2000 | 1959 | 38 | 36 | 74 |
| 24 | ആർ.കെ. എച്ച്. എസ്സ് | " | 826 | 861 | 851 | 839 | 26 | 13 | 39 |
| 25 | വി.പി.ഒ.എച്ച് എസ്സ് | " | 860 | 880 | 890 | 816 | 28 | 12 | 40 |

ഈ രംഗത്ത് ഏറെ സേവന അനുഷ്ഠിച്ചിട്ടുണ്ട്. 1990–91 വർഷത്തിൽ കേരളത്തിൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി പഠിതാക്കളെ സാക്ഷരരാക്കി സാക്ഷരതാ കേന്ദ്രങ്ങൾ നിലവിലുണ്ടായിരുന്നു. തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായ ജനവിദ്യാകേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. എന്നാൽ ഇവയുടെ പ്രവർത്തനം ഇന്ന് തീർത്തും നിരാശാജനകമാണ്.

1996–97 അദ്ധ്യായന വർഷത്തിൽ 1മുതൽ 10വരെയുള്ള ക്ലാസുകളിൽ മൊത്തം 7691 വിദ്യാർത്ഥികൾ പഞ്ചായത്തിൽ പഠനം നടത്തുന്നു. ഇതിൽ 2527 വിദ്യാർത്ഥികൾ എൽ.പി. വിഭാഗത്തിലും 2376 യു.പി. വിഭാഗത്തിലും 2788 ഹൈസ്ക്കൂൾ വിഭാഗത്തിലുമാണ് അധ്യായനം നടത്തുന്നത്. കഴിഞ്ഞ 4 വർഷം കൊണ്ട് വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്നിട്ടുള്ള വിത്യാസം പട്ടിക – 1(B) യിൽ നിന്ന് മനസ്സിലാക്കാം.

പട്ടിക – 1(B)

**പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം**

| | LP | UP | HS | Total |
|---|---|---|---|---|
| 1992-93 | 2739 | 2494 | 2834 | 8067 |
| 1993-94 | 2720 | 2438 | 2851 | 8009 |
| 94-95 | 2580 | 2434 | 2579 | 7593 |
| 96-97 | 2527 | 2376 | 2788 | 7691 |

LP, UP, HS വിഭാഗത്തിലെ ആൺ/പെൺകുട്ടികളുടെ എണ്ണം

| | LP | | UP | | HS | |
|---|---|---|---|---|---|---|
| | M | FM | M | FM | M | FM |
| 2527 - LP<br>2376 - UP<br>2788 - HS<br>7691 | 1331 | 1201 | 786 | 764 | 1862 | 1752 |

പട്ടികജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | UP | | HS | |
|---|---|---|---|---|---|
| Total | Sc/St | Total | Sc/St | Total | Sc/St |
| 2532 | 13 | 1550 | 36 | 3614 | 93 |

സ്ക്കുളിലേക്കുള്ള ശരാശി ദൂരം

| | | |
|---|---|---|
| LP | 500 m | 1km |
| UP | 1 km | 2km |
| HS | 11/2 | 21/2 |

കഴിഞ്ഞ 4 വർഷമായി വിദ്യാർത്ഥികളുടെ എണ്ണം ക്രമമായി കുറഞ്ഞ് വരുന്നതായാണ് കാണുന്നത്. തൊട്ടടുത്ത കേന്ദ്രഭരണപ്രദേശമായ മാഹിയിലെ വിദ്യാലയങ്ങളിൽ കുട്ടികളെ അയക്കാനുള്ള പ്രവണത, പട്ടണത്തിലെ സ്ക്കൂളുകളിലും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലും കുട്ടികളെ പഠിപ്പിക്കാൻ സമൂഹത്തിലെ മധ്യവർഗ്ഗം കാണിക്കുന്ന അമിത താൽപ്പര്യം, കുടുംബാസൂത്രണത്തിന്റെ ഫലമായി ജനന തിരക്കിലുണ്ടായ കുറവ് എന്നിവ കുട്ടികളുടെ കുറവിനുള്ള കാരണമായി ചൂണ്ടികാണിക്കപ്പെടുന്നു. പഞ്ചായത്തിലെ 25 വിദ്യാലയങ്ങളിലായി 328 അധ്യാപകർ ജോലി ചെയ്ത് വരുന്നു. ഇവരിൽ 190 പുരുഷന്മാരും 138 സ്ത്രീകളുമാണ്. കഴിഞ്ഞ 4 വർഷം കൊണ്ട് അധ്യാപകരുടെ എണ്ണത്തിലും കുറവ് സംഭവിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണത്തിലുണ്ടായ കുറവ് സ്പെഷലിസ്റ്റ് അധ്യാപകരുടെ നിയമനം നിർത്തിവച്ച നടപടി തുടങ്ങിയവ അധ്യാപകരുടെ എണ്ണത്തിൽ കുറവ് വരാൻ കാരണമായതായി ചൂണ്ടിക്കാണിക്കപ്പെട്ടു.

ഒട്ടുമിക്ക പ്രൈമറി വിദ്യാലയങ്ങളിലും ഭൗതിക സൗകര്യങ്ങൾ പരിതാപകരമാണ്. എല്ലാ വിദ്യാലയങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഭൂരിഭാഗവും വേണ്ടത്ര സൗരമില്ലാത്ത പ്രി. കെ.ഇ. ആർ കെട്ടിടങ്ങളാണ്. ക്ലാസ്സ് റൂം വിഭജനം നടത്താത്ത ഒട്ടേറെ പ്രൈമറി വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്തരം വിദ്യാലയങ്ങളിൽ അദ്ധ്യാപനവും അദ്ധ്യയനവും ഒരു പോലെ ദുഷ്കരമാണ്. പല വിദ്യാലയങ്ങളിലും വേണ്ടത്ര ഫർണിച്ചറുകൾ ഇല്ല. പ്രാഥമിക സൗകര്യങ്ങൾ പരിശോധിക്കുമ്പോൾ മൂത്രപുരയില്ലാത്ത 6 എൽ.പി. സ്ക്കൂളും, പാചകമുറിയില്ലാത്ത 9 എൽ.പി. സ്ക്കൂളും ഉണ്ട്. തുറസായ സ്ഥലങ്ങളിൽ പാചകവും പ്രധമികകൃത്യങ്ങളും നിർവ്വഹിക്കപ്പെടുന്ന 5 എൽ.പി. സ്ക്കൂളും 2 യു.പി. സ്ക്കൂളും ഉണ്ട്. 18ൽ 13 എൽ.പി. സ്ക്കൂളിന് കുടിവെള്ളത്തിന് സൗകര്യമില്ല. പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങൾ കാണിക്കുന്ന പട്ടിക – 1(ഇ) യിൽ കൊടുത്തിരിക്കുന്നു.

പട്ടിക – 1(C)

| ഭൗതിക സൗകര്യങ്ങൾ | LP | | UP | | HS | |
|---|---|---|---|---|---|---|
| | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| ഓഫീസ്മുറി | 16 | 2 | - | 4 | - | 3 |
| ലാബ് | 18 | - | - | 4 | - | 3 |
| ലൈബ്രറി | - | 18 | - | 4 | - | 13 |
| മൂത്രപ്പുര | 6 | 12 | - | 4 | - | 3 |
| പാചകമുറി | 9 | 9 | 2 | 2 | - | 3 |
| കളിസ്ഥലം | 10 | 8(3cent to 5cent | - | 4(3cent to 18cm | - | 3 |
| കുടിവെള്ളം | 13 | 5 | 1 | 3 | - | 3 |

കേന്ദ്രസർക്കാരിന്റെ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി അനുസരിച്ച് കുറേ പഠനോപകരണങ്ങളും ലൈബ്രറി പുസ്തകങ്ങളും കളിസാധനങ്ങളും മറ്റു പ്രൈമറി വിദ്യാലയങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. എങ്കിലും മിക്ക വിദ്യാലയങ്ങളിലും പഠനം മെച്ചപ്പെടുത്തുന്നതിന് ഫലപ്രദമായി ഇവ ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് വസ്തുത. എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപക രക്ഷാകർത്തൃസമിതിയും, മാതൃസമിതിയും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും, അവയുടെ പ്രവർത്തനം ചില പ്രത്യേക ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതിൽ ഒതുങ്ങിയിരിക്കുകയാണ്. (ക്ലാസ്സ് വിഭജനം, ഫർണിച്ചർ) എന്നാൽ സ്ക്കൂളുകളിലെ അക്കാഡമിക് പാരാ അക്കാഡമിക് മേഖലകളിലെ പ്രവർത്തനങ്ങളിൽ ഇടപെടാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഒളവിലും യു.പി. മേനപ്രം എൽ.പി. ആർ. കെ.എച്ച്. എസ്സ് എന്നീ വിദ്യാലയങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് രക്ഷാ കർതൃ സമിതി ശ്ലാഘനീയമായ പ്രവർത്തനം കാഴ്ച വെച്ചതായി ചൂണ്ടിക്കാണിക്കട്ടെ.

നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങൾ മുഴുവൻ എയിഡഡ് മേഖലയിൽ ആയത് കൊണ്ട് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് രക്ഷാകർതൃസമിതികൾ വിമുഖത കാണിക്കുന്ന അവസ്ഥയുണ്ട്. വിദ്യാലയങ്ങൾ യഥാർത്ഥത്തിൽ സമൂഹത്തിന്റേതാണ്. സമൂഹമാണ് അതിന്റെ ഗുണഭോക്താവ് എന്നതിനാൽ ആ സ്ഥാപനങ്ങളുടെ ഉന്നതിക്കുവേണ്ടി നാം ചെയ്യുന്ന ഏതു പ്രവർത്തിയും സാമൂഹ്യ സേവനമാണ് എന്ന ചിന്ത നമുക്ക് മാർഗ ദീപമാകണം.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. പഞ്ചായത്തിലെ പൊതുപഠന നിലവാരത്തെ സൂചിപ്പിക്കുന്ന ചാർട്ട് ചുവടെ ചേർക്കുന്നു. (ചാർട്ട് –1(D)

പട്ടിക 1 (D)

| മാർക്ക് പരിധി | കുട്ടികളുടെ എണ്ണം | ശതമാനം |
|---|---|---|
| 30% താഴെ | *113 | 8.05 |
| 30–40% | 180 | 12.82 |
| 40–50% | 287 | 20.31 |
| 50–60% | 405 | 28.62 |
| 60% മുകളിൽ | 424 | 30.20 |

3ാം ക്ലാസ്സ് മുതലുള്ള ക്ലാസ്സുകളിലെ മാർക്കുകൾ മാത്രമാണ് ശേഖരിച്ചത്

**UP**

| മാർക്ക് പരിധി | കുട്ടികളുടെ എണ്ണം | ശതമാനം |
|---|---|---|
| 30% താഴെ | 124 | 8.69 |
| 30– 40% | 375 | 28.61 |
| 40–50% | 359 | 26.99 |
| 50–60% | 185 | 16.82 |
| 60% മുകളിൽ | 209 | 18.89 |

**HS**

| മാർക്ക് പരിധി | കുട്ടികളുടെ എണ്ണം | ശതമാനം |
|---|---|---|
| 30% താഴെ | 804 | 22.20 |
| 30–40% | 1372 | 38.56 |
| 40–50% | 879 | 25.02 |
| 50–60% | 291 | 7.95 |
| 60% മുകളിൽ | 229 | 6.27 |

എൽ.പി. വിഭാഗത്തിൽ കുട്ടികളുടെ പഠന നിലവാരം പൊതുവേ തൃപ്തികരമാണെങ്കിലും ഉയർന്ന ക്ലാസ്സിലെത്തുമ്പോഴേക്കും നിലവാരം ക്രമാനുഗതമായി കുറഞ്ഞുവരുന്നു. രക്ഷിതാക്കളുടെ നേരിട്ടുള്ള ഇടപെടൽ ഇല്ലായ്മ; ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, ഗൈഡുകളുടെയും നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടേയും പ്രചാരണം, ഗൾഫ് പണത്തിന്റെ സ്വാധീനം, കടൽകടക്കാനുള്ള വ്യഗ്രത ഇവ നിലവാരത്തകർച്ചക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലെ എസ്സ്. എസ്സ്. എൽ. സി വിജയശതമാനം കഴിഞ്ഞ വർഷവും ക്രമാനുഗതമായി കുറഞ്ഞു വരുന്നതായാണ് ശേഖരിച്ച കണക്കുകൾ കാണിക്കുന്നത്. S.S.L.C. വിജയശതമാനത്തെ കാ

ണിക്കുന്ന ചാർട്ട് ചുവടെ കൊടുത്തിരിക്കുന്നു.

**പട്ടിക - 1 (B)**

| സ്ക്കൂൾ | 93-94 | 94-95 | 95-96 |
|---|---|---|---|
| ആർ.വി.എച്ച.എസ് | 37% | 36% | 34% |
| വി.പി.ഒ.എച്ച്.എസ്സ് | 34% | 30% | 20% |
| ആർ.കെ.എച്ച്.എസ്സ് | 44% | 47% | 56% |




## ഗുരുകുലം സമഗ്ര വിദ്യാഭ്യാസ പദ്ധതി:

ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഗുരുകുലം പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് വിദ്യാഭ്യാസ സമിതി നിലവിൽ വന്നിട്ടുണ്ട്. നേതൃ സ്ക്കൂൾ ആർ.വി. എച്ച്. എസ്സ്. ആണ്. വാർഡ് വിദ്യാഭ്യാസ സമിതികൾ പൂർണ്ണമായും നിലവിൽ വന്നിട്ടില്ല. സ്ക്കൂൾ വിദ്യാഭ്യാസ സമിതികളാകട്ടെ. പൊതു പ്രവർത്തകർ അടങ്ങുന്ന കമ്മിറ്റി ഉണ്ടായി എന്നതിലുപരി ആശാവഹമായ പ്രവർത്തനങ്ങൾക്കൊന്നും തന്നെ നേതൃത്വം നൽകുന്നുമില്ല. സ്ക്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢമാക്കാനും വിദ്യാർത്ഥി, അധ്യാപൻ, രക്ഷിതാവ് സാമൂഹ്യപ്രവർത്തകർ ഇവരുടെ കൂട്ടായ്മ ഉണ്ടാക്കത്തക്കവിധത്തിൽ നിർദ്ദേശിക്കപ്പെട്ട അയൽക്കൂട്ടങ്ങൾ പലതും രൂപീകരിച്ചിട്ടില്ല. ഉള്ളവയ്ക്ക് തന്നെ തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും കഴിഞ്ഞിട്ടില്ല. ഗുരുകുലം വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള പരീക്ഷാരീതി അവലംബിക്കാത്ത ഒരു ഹൈസ്ക്കൂൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ചില സ്ക്കൂളിലാകട്ടെ പ്രായോഗിക പരീക്ഷകൾ ഫലപ്രദമായി നടത്തുന്നതിന് വേണ്ടത്ര താൽപ്പര്യം കാണിച്ചിട്ടില്ല. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ സജീവമായിരുന്നെങ്കിലും തുടർന്നുള്ള പ്രവർത്തനങ്ങൾ ആശാവഹമല്ല.

പൊതുവെ ഗുരുകുല പദ്ധതിയിലെ അക്കാഡമിക് പാര അക്കാഡമിക്, ജനകീയ മേഖലകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും പഞ്ചായത്തിലെ വിദ്യാഭ്യാസ കാര്യങ്ങളിൽ പൊതു പ്രവർത്തനകരുടെയും രക്ഷിതാക്കളുടെയും കൂട്ടായ ശ്രദ്ധ പതിയാനുള്ള പരിപാടി ഉണ്ടാകണം.

വാർഡുകളിൽ ശരാശരി 50 വീടുകൾക്ക് ഒന്ന് എന്ന രീതിയിൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാനും പ്രവർത്തന നിരതമാക്കാനും നിർദ്ദേശം നൽകണം.

## പ്രി. പ്രൈമറി:

ഒരു കുട്ടിയുടെ വിദ്യാഭ്യാസം ആരംഭിക്കുന്നത് അമ്മയുടെ മടിത്തട്ടിൽ നിന്നാണ്. അമ്മയുടെ മടിത്തട്ട് പോലെ കുട്ടിക്ക് ഹൃദ്യമായ അനുഭവം പകർന്നു നൽകാൻ കഴിയുന്ന തരത്തിലുള്ള പ്രി-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനിവാര്യമാണ്. ''പഠിക്കാൻ പഠിപ്പിക്കുന്ന'' മാതൃകാ സ്ഥാപനങ്ങളായി, സ്വഭാവ രൂപീകരണത്തിന്റെയും സാമൂഹ്യ ചിന്തയുടെയും ആദ്യചവിട്ടുപടിയായി ആധുനിക സമൂഹം വിവക്ഷിക്കുന്ന പ്രി-പ്രൈമറി സ്ഥാപനങ്ങൾ നിർഭാഗ്യവശാൽ ഇന്ന് ഔപചാരിക വിദ്യാഭ്യാസത്തിന്റെ നിഴലായി അധപതിച്ചിരിക്കുന്നു.

സ്വകാര്യമേഖലയിൽ മൂന്ന് നേഴ്സറി സ്ക്കൂളുകളും (2 മലയാളം മീഡിയം, ഒരു ഇംഗ്ലീഷ് മീഡിയം) പ്രൈമറി സ്ക്കൂളുകളോട് ചേർന്ന് നാല് നേഴ്സറി സ്ക്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ സമഗ്രമായ വ്യക്തിത്വ വികസനത്തിന് തീർത്തും വിഘാതമായ രീതിയിലാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്നത് ഖേദകരമായ ഒരു വസ്തുതയാണ്. സമഗ്രമായ ഒരു പ്രീ പ്രൈമറി സമീപന രേഖ അടിയന്തിരമായി തയ്യാറാക്കേണ്ടതുണ്ട്.

കലാകായികരംഗത്ത് എടുത്ത് പറയത്തക്ക നേട്ടങ്ങൾ ഉണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടില്ല. സബ് ജില്ലാ - സംസ്ഥാന മത്സരങ്ങളിൽ നമ്മുടെ കുട്ടികൾ പങ്കെടുക്കാറുണ്ടെങ്കിലും ഈ രംഗത്ത് നമ്മുടെ നിലവാരം തൃപതികരമല്ല. കായിക വിദ്യാഭ്യാസത്തിന് ധർമ്മടം പഞ്ചായത്തിൽ നടക്കുന്ന രീതിയിൽ പ്രത്യേക പരിപാടികൾ തയ്യാറാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചാണ് ഇതു വരെ പറഞ്ഞത്. ഇവയ്ക്ക് പുറമെ 3 സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും മൂന്ന് ടൈപ്പ്

റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്കളും ഒരു കമ്പ്യൂട്ടർ വിദ്യാഭ്യാസ കേന്ദ്രവും ഒരു നേഴ്സറി ടീച്ചർ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്.

**ഗ്രാമസഭയിൽ നിന്ന് വന്ന നിർദ്ദേശങ്ങൾ:**

1. വാർഡ് തലത്തിൽ അങ്കണവാടികൾ സ്ഥാപിക്കുക.
2. വിദ്യാലയങ്ങളിലെ പ്രാഥമിക സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുക
3. എല്ലാ എൽ.പി. സ്ക്കൂളിനോട് അനുബന്ധിച്ചും പ്രി–പ്രൈമറികൾ ആരംഭിക്കുക. പഞ്ചായത്തിലെ അധ്യാപനയോഗ്യതയുള്ളതും സന്നദ്ധതയുമുള്ള അധ്യാപകരുടെ സേവനം ലഭ്യമാക്കാവുന്നതാണ്.
4. സ്ക്കൂളുകളിൽ പാഠപുസ്തകങ്ങൾ സദാസമയം എത്തിക്കുക
5. ഉച്ചക്കഞ്ഞി പരിപാടിയുടെ സാമ്പത്തിക ബാധ്യത പഞ്ചായത്ത് സമിതികൾ ഏറ്റെടുക്കുക
6. സഹകരണമേഖലയിൽ സാങ്കേതിക വിദ്യാലയങ്ങൾ ആരംഭിക്കുക
7. ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് V.H.S.C. ആരംഭിക്കുക.
8. P.T.A, M.P.T.A എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
9. തുടർ സാക്ഷരതാ പരിപാടി ഏറ്റെടുക്കുക
10. നിർദ്ധനരായ വിദ്യാർത്ഥികൾക്ക പഠനോപകരണങ്ങൾ പഞ്ചായത്ത് വിതരണം ചെയ്യുക
11. ''അയൽപക്ക സ്ക്കൂൾ സമ്പ്രദായം നടപ്പാക്കാൻ ബോധവൽക്കരണം നടത്തുക
12. അധ്യാപകർക്ക് പുന പരിശീലനത്തിനുള്ള പരിപാടി തയ്യാറാക്കുക
13. വിദ്യാഭ്യാസ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് വിദ്യാഭ്യാസ നിധി രൂപീകരിക്കുക
14. കായിക വിദ്യാഭ്യാസത്തിന് പ്രത്യേക പരിശീലന പരിപാടി തയ്യാറാക്കുക
15. അധ്യാപക – വിദ്യാർത്ഥി അനുപാതം കുറക്കുക
16. വി.പി.ഒ.എച്ച് എസ്സിൽ മാതൃഭാഷാ പഠനം നിർബന്ധമാക്കുക
17. പഞ്ചായത്ത് കേന്ദ്രമായി ഒരു റഫറൻസ് ലൈബ്രറി ആരംഭിക്കുക
18. ആർ.കെ. എസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കടവിൽ കൂടിയുള്ള യാത്രാപ്രശ്നം പരിഹരിക്കുക

**സാധ്യതകൾ**

1. വിദ്യാർത്ഥികൾക്കാവശ്യമായ നോട്ട് പുസ്തകങ്ങൾ സ്ക്കൂൾ തന്നെ നിർമ്മിച്ച് വിതരണം ചെയ്യാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക
2. സ്ക്കൂൾ പച്ചക്കറി തോട്ടപരിപാടിക്ക് പ്രോൽസാഹനം നൽകുക
3. ഹൈസ്ക്കൂൾ കേന്ദ്രീകരിച്ച് നിർമ്മാണ/കൈത്തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക
4. പഠനസമയത്തിന് ശേഷം വിദ്യാലയങ്ങളെ സാമൂഹ്യ വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റുക.
5. സ്ക്കൂളുകളിൽ ആരോഗ്യ – വിദ്യാഭ്യാസ – പരിസ്ഥിതി നൈപുണ്യം കൈവരിക്കാൻ ഉതകുന്ന ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുക
6. മാസാന്ത പരീക്ഷ, മാതൃസംഗമങ്ങൾ, ദിനാചരണങ്ങൾ, വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ, പഠന വിനോദയാത്രകൾ, സാഹിത്യ സമാജങ്ങൾ കൈയെഴുത്ത് മാസികകൾ, പി.ടി.എ ഇവ സ്ക്കൂളുകളിൽ നിർബന്ധമാക്കുക.
7. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഗുരുകുലം പദ്ധതി വിപുലമായ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക
8. വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് കേന്ദ്രം സ്ഥാപിക്കുക
9. ചിലവ് കുറഞ്ഞ പഠനോപകരണങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം ചെയ്യുക
10. പഞ്ചായത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കാൻ വേണ്ടി പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ സമഗ്ര വിദ്യാഭ്യാസ പരിപാടിക്ക് രൂപം നൽകുക
11. അധ്യാപനരംഗത്ത് സർഗ്ഗവാസനയുള്ളവർ വരുന്നില്ല. പണം കൊടുത്ത് ജോലി നേടുന്നതിന്റെ
12. ഇൻ സർവ്വീസ് കോഴ്സ് നിർബന്ധമാക്കുക. കോഴ്സിന് മൂല്യനിർണ്ണയം ഏർപ്പെടുത്തി പാസ്സാകാത്തവരുടെ ഇൻക്രിമെന്റ് തടയുക
13. സ്ക്കൂളുകളിൽ ദിനപത്രങ്ങൾ നിർബന്ധമായും വരുത്തി വായിപ്പിക്കുക
14. സ്ക്കൂളുകൾക്ക് കളിസ്ഥലം നിർബന്ധമാക്കുക

# കുടിവെള്ളം, പൊതുജനാരോഗ്യം പരിസര ശുചിത്വം

ആരോഗ്യമുള്ള ഒരു ജനതക്ക് മാത്രമെ ആരോഗ്യമുള്ള ഒരു രാജ്യത്തെ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. ആരോഗ്യമുള്ള ഒരു ജനതക്ക് ശുദ്ധ ജലം, വായു, ശുചിത്വമുള്ള പാർപ്പിടം, പോശകമൂല്യമുള്ള ആഹാരം എന്നിവ ആവശ്യം ആണ്.

## കുടിവെള്ളം.

ജീവന്റെ നിലനിൽപ്പിന് വെള്ളം അത്യന്താപേക്ഷിതമാണ്. ജീവന്റെ ഉൽപ്പത്തി തന്നെ വെള്ളത്തിൽ നിന്നാണ് എന്നാണല്ലോ ശാസ്ത്രജ്ഞൻമാർ വിശ്വസിച്ച് വരുന്നത്. മനുഷ്യസംസ്ക്കാരങ്ങൾ ആദ്യമായി ഉടലെടുത്തത് നദീതടങ്ങളിലാണ്. എവിടെയെല്ലാം ജലസ്രോതസ്സുകൾവരണ്ടുപോയോ അവിടെയെല്ലാം മനുഷ്യസംസ്ക്കാരങ്ങൾക്ക് നാശം സംഭവിച്ചു. മനുഷ്യന്റെ ആസൂത്രിതമായ പുരോഗതിക്ക് വെള്ളം ഇല്ലാതെ സാധ്യമല്ല തന്നെ.

പഞ്ചായത്തിലെ 90% ജനങ്ങളും കുടിവെള്ളത്തിന് വേണ്ടി കിണറുകളെയാണ് ആശ്രയിക്കുന്നത്.

**പട്ടിക .1 എ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കപ്പാസിറ്റി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | നിടുമ്പ്രത്ത് കണ്ടി മിനി വാട്ടർസപ്ലൈ സ്ക്കിം. | 5000ലിറ്റർ | 40 വീടുകൾ |
| 2 | മേക്കരെ വീട്ടിൽ മിനി വാട്ടർ സപ്ലൈ സ്ക്കിം | 15000 ലിറ്റർ | 40 വീടുകൾ |
| 3 | ചൊക്ലി റൂറൽ വാട്ടർ സപ്ലൈ സ്ക്കിം (kwa) | | ചൊക്ലി ടൗൺ |

ഇതിൽ 32% കിണറുകളും വേനൽക്കാലങ്ങളിൽ പൂർണ്ണമായെയൊ, ഭാഗീകമായെയൊ വരണ്ടുപോകുന്നവയാണ്. പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 10% മുതൽ 15% വരെ ഭൂപ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നവയാണ്. ശുദ്ധജലവിതരണത്തിനായി 14 പൊതുകിണറുകളും 2 ചെറുകിട ശുദ്ധജല വിതരണപദ്ധതികളും പഞ്ചായത്തിന്റെ വകയായി ഉണ്ട്. കൂടാതെ കേരളാ വാട്ടർ അതോറിറ്റിയുടെ ഒരു ശുദ്ധജല പദ്ധതിയും പഞ്ചായ

**പട്ടിക .1 ബി**

| ക്രമ നമ്പർ | പേര് | എസ്റ്റിമേറ്റ് | കപ്പാസിറ്റി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | ഒളവിലം വാട്ടർ സപ്ലൈസ്കീം | 3 ലക്ഷം | 13500 ലി | 40 വീടുകൾ |
| 2 | മേക്കുന്ന് ഹരിജൻ കോളനി വാട്ടർ സപ്ലൈസ് | 3 ലക്ഷം | 18000ലി | 40 വീടുകൾ |

ത്തിലെ ടൗൺ കേന്ദ്രകരിച്ച് പ്രവർത്തിക്കുന്നു. പദ്ധതിയുടെ വിവരങ്ങൾ പട്ടിക 1 എ ൽ കൊടുത്തിരിക്കുന്നു.

ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് രണ്ട് മിനി വാട്ടർ സപ്ലൈ സ്ക്കീമുകളുടെ പ്രവർത്തി പുരോഗമിക്കുന്നുണ്ട്. മേക്കുന്ന് ഹരിജൻ കോളനിയിലെ ജലക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക ഘടക പദ്ധതിയിൽ 3 ലക്ഷം രൂപ ചിലവിലും, MP മാരുടെ പ്രാദേശിക വികസന പദ്ധതിയിൽ 3 ലക്ഷം രൂപ ചിലവിൽ ഒളിവിലത്തും ആണ്. പ്രസ്തുത പദ്ധതികൾ. വിശദവിവരങ്ങൾ പട്ടിക ബി യിൽ കൊടുത്തിരിക്കുന്നു.

പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നും ലഭിച്ച സ്ഥിതി വിവരകണക്കനുസരിച്ച് 95-96 വർഷത്തിൽ 109 പേർക്ക് ജലജന്യരോഗം ബാധിച്ചതായിക്കാണുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് ജലജ്യരോഗബാധ കുറഞ്ഞതായിക്കാണുന്നു. കുടിവെള്ളക്ഷാമം അതിരൂക്ഷമായി അഭിമുഖീകരിക്കുന്ന പ്രദേശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ്. | പ്രദേശങ്ങൾ. |
|---|---|
| 1. | കുന്നുമ്മൽ പ്രദേശം<br>പഞ്ചായത്ത് ഓഫീസ് പരിസരം<br>സർവീസ് ബാങ്ക് പരിസരം |
| 2. | കവിയൂർ, നിടുമ്പ്രത്ത് കണ്ടിപ്രദേശങ്ങൾ,<br>ആലോള്ളതിൽ ഭാഗം തൈക്കണ്ടി ഭാഗം. |
| 3. | ഒളവിലം പാത്തിക്കൽ ഭാഗം. |
| 4. | ചാത്തോത്ത് മുക്ക് മുതൽ സേട്ട് മുക്ക<br>വരെ<br>തയ്യുള്ളതിൽ കോര്യോട്ട് ഭാഗങ്ങൾ കരോൾ ഭാഗം,<br>ചേപ്രത്ത് ഭാഗം. |
| 5. | ഒളവിലം phc പ്രദേശങ്ങൾ കാഞ്ഞിരത്തിൻ<br>കീഴിൽ കല്ലിൽ മൊട്ട പ്രദേശങ്ങൾ,<br>മത്തിപ്പറമ്പ് |
| 6. | മേക്കുന്ന് ലക്ഷം വീട് കോളനി<br>പൂവുള്ളതിൽ, മത്തിപ്പറമ്പ് ഭാഗങ്ങൾ |
| 7. | തരശിയിൽ മുക്ക്, പുതുക്കുടി മുക്ക്<br>വളക്കെ പുളിയുള്ള പറമ്പത്ത് ഭാഗത്ത്. |
| 8. | മൈലാടി മൊട്ട, പരൾ മൊട്ട, പുനത്തിൽ<br>മുക്ക് ഭാഗങ്ങൾ |
| 9. | പട്ടർ വയൽ പ്രദേശം,<br>സി.പി. റോഡ് ഭാഗം. |
| 10. | കാഞ്ഞിരാട്ട് ഭാഗം. |
| 11. | ഇളന്തോടത്ത് ഭാഗം,<br>കുറ്റിപ്രം ക്ഷേത്ര പ്രദേശം,<br>ഗ്രമാത്തികരീക്കുന്നുഭാഗം<br>കുറ്റ്യന്റവിട ഭാഗം,<br>വലിയപറമ്പത്ത് ഭാഗം |

## സാദ്ധ്യതകൾ

ജലസംരക്ഷണം.– മഴമൂലം നമുക്ക് ലഭിക്കുന്ന വെള്ളത്തിന്റെ ഭൂരിഭാഗവും. മണ്ണ് ആഗിരണം ചെയ്യാതെ പാഴായിപോകുകയാണ് പതിവ്. ശാസ്ത്രീയമായ ജലപരിപാലന പരിപാടിക്ക് പ്രാധാന്യം കൽപിച്ച് പ്രവർത്തിക്കേണ്ടതാണ്. ഉയർന്ന സ്ഥലങ്ങളിൽ നീർക്കുഴികൾ കുഴിച്ചും, വരമ്പുകൾ ഇട്ടും മഴവെള്ളം സംഭരിക്കണം. വീട്ടാവശ്യങ്ങൾക്ക് ഉപയോഗിച്ച് പാഴായിപോകുന്ന ജലം ചാലുകൾ വഴിയും അടുക്കളത്തോട്ടങ്ങൾക്കും, പറമ്പിലുള്ള മറ്റു വൃക്ഷങ്ങൾക്കും ഉപയുക്തമാകുന്ന രീതിയിൽ പ്രയോജനപെടുത്തണം. കനകമലയിൽ നിന്നും വരുന്ന ശുദ്ധ ജലം പാലാഴിത്തോടിലൂടെയാണ് കടന്ന്പോകുന്നത്. പ്രസ്തുത വെള്ളം ബണ്ട് കെട്ടിതടഞ്ഞ് നിർത്തി പ്രസ്തുത പ്രദേശങ്ങളിലൂടെ ജലസ്രോതസ്സ് വർദ്ധിപ്പിക്കാവുന്നതാണ് നികത്തികൊണ്ടിരിക്കുന്ന കുളങ്ങൾ ചിറകൾ എന്നിവ ജനപങ്കാളിത്തത്തോടെ സന്നദ്ധപ്രവർത്തനങ്ങൾ വഴി വീതികൂട്ടിയും വൃത്തിയാക്കിയും സംരക്ഷിച്ച്നിർത്തണം. കൂടാതെ ജനങ്ങളിൽ ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷണത്തെയും കുറിച്ചുള്ള ബോധവൽക്കരണം നടത്തേണ്ടതുമാണ്

### ചെറുകിട ശുദ്ധജല പദ്ധതികൾ.

പഞ്ചായത്തിൽ 6ാം വാർഡിലും 3 ാം വാർഡിലും നിർമാണത്തിലിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതോടപ്പം കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്ന സ്ഥലങ്ങളിൽ, ജനപങ്കാളിത്തത്തോടെ പണമായും അധ്വാനമായും വിഭവങ്ങൾ സംഭരിച്ച് ജലസ്രോതസ്സുകൾ കണ്ടെത്തി ജലവിതരണ സമ്പ്രദായം രൂപപെടുത്താവുന്നതാണ്. കൂടാതെ ഉപയോഗ ശ്യൂന്യമായികിടക്കുന്ന കിണറുകൾ കുളങ്ങൾ എന്നിവ കണ്ടെത്തുകയും മേൽപ്രവർത്തനത്തിലൂടെ ഉപയോഗിക്കാൻ പാകത്തിൽ പ്രവർത്തനത്തിന് രൂപം കൊടുക്കാൻ സാധിക്കണം

### ഇടത്തരം പദ്ധതി.

കനകമലയിലുള്ള വറ്റാത്ത നീരുറവ സംഭരിച്ച് വെക്കാനും വിതരണം നടത്താനും ചൊക്ലി, പെരിങ്ങളം, പന്ന്യന്നൂർ പഞ്ചായത്തുകൾ സംയുക്തമായി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആസൂത്രണംനടത്തി വേണ്ടത് ചെയ്യേണ്ടതുണ്ട്.

### ഉപ്പ് വെള്ള പ്രശ്നം.

പഞ്ചായത്തിന്റെ 2,3,4,5 വാർഡുകളിലെ താണ പ്രദേശങ്ങളിൽ മയ്യഴിപുഴയിൽ നിന്ന് ഉപ്പ് വെള്ളം കയറി കൃഷി നശിക്കുകയും കുടിക്കാനുള്ള വെള്ളം ഉപയോഗ ശൂന്യമാകുകയും ചെയ്യുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്.

# ആരോഗ്യം.

ആരോഗ്യമെന്നത് ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിരതയാണ്. രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യം നാം കേരളീയർ ഇപ്പോൾ തന്നെ നേടിയിട്ടുണ്ടെങ്കിലും രോഗമുള്ളവരുടെ എണ്ണം കേരളത്തിൽ കൂടിവരികയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.അം ഗീകൃത മാനദനണ്ഡങ്ങളായ പൊതു ശിശു മരണനിരക്ക്, ആയുർദൈർഘ്യം ഇവ കണക്കിലെടുത്താൽ ഏതാണ്ട് വികസിത രാജ്യങ്ങൾക്കൊപ്പം കേരളം എത്തിയിട്ടുണ്ട്. '' കുറഞ്ഞ മരണനിരക്ക് കൂടിയ രോഗാതുരത'' എന്ന പ്രത്യേകതരം പ്രതിഭാസമാണ് കേരളത്തിൽ കാണപ്പെടുന്നത്.

കേരളീയരുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ച പൊതുജനാരോഗ്യ സംവിധാനത്തിന്റെ തകർച്ചയും, സ്വകാര്യ മേഖലയുടെ അമിതമായ ലാഭക്കൊതിയുമാണ് ഈ രംഗത്ത് നാം നേരിട്ട് കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നം

ചൊക്ലി പഞ്ചായത്തിനെ സംബന്ധിച്ചടത്തോളം പൊതുജനാരോഗ്യമേഖലയിൽ മെച്ചപ്പെട്ട നിലവാരമാണ് ഉള്ളത്. 1980ൽ ചൊക്ലിയിലെ ഒളവിലം ഭാഗത്ത് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. അതിന് മുമ്പ് തന്നെ ഇവിടെ ഒട്ടേറെ നാട്ടു ചികിത്സകരും, പാരമ്പര്യ വൈദ്യൻമാരും ഉണ്ടായിരുന്നു. വി.സി. കണ്ണൻ ഗുരുക്കൾ, വി.സി. കുഞ്ഞിരാമൻ വൈദ്യർ, വിഷചികിത്സകനായ ബലാരി വീട്ടിൽ കുമാരൻ വൈദ്യർ, പന്ന്യന്നൂരിലെ അച്ചു വൈദ്യർ, കൃഷ്ണൻ ഗുരുക്കൾ മകൻ ഗോപാലൻ വൈദ്യർ, കവിയൂരിലെ കണ്ടോത്ത് കേളപ്പൻ വൈദ്യർ ഇന്ന് ജീവിച്ചിരിക്കുന്ന ചൊക്ലിയിലെ അച്ചുതൻ വൈദ്യർ എന്നിവർ വളരെ പ്രധാനികളാണ്. ഇവരുടെ ചികിത്സാരീതികൾ നിലനിൽക്കെ തന്നെ അന്ധവിശ്വാസികളായ ഒരു ചെറിയ വിഭാഗം ജനങ്ങൾ മാരകമായ രോഗങ്ങൾക്ക് പോലും വഴിപാട് നേരുകയും ജപിച്ച് ചൊല്ലുകയും,മന്ത്രച്ചരട് കെട്ടുകയും ചെയ്തിരുന്നു. ആധുനിക വൈദ്യശാസ്ത്രം ഏറെ പുരോഗമിച്ചെങ്കിലും പഞ്ചായത്തിന്റെ ചില മേഖലകളിൽ ഇത്തരം പ്രവണതകൾ ഇന്നും തുടരുന്നുണ്ട്.

പഞ്ചായത്തിലെ ജനന മരണനിരക്ക് സംസ്ഥാന ശരാശരിയോട് ചേർന്ന് നിൽക്കുന്നു. 1000 പുരുഷൻമാർക്ക് 1030 സ്ത്രീകൾ എന്ന കണക്കിലാണ് ജനസംഖ്യ. 1988ൽ സ്ഥാപിതമായ പ്രൈമറി ഹെൽത്ത് സെന്ററാണ് പഞ്ചായ

**പട്ടിക – 1സി**

| ക്രമ നമ്പർ | സ്ഥിതിചെയ്യുന്ന സ്ഥലം | പ്രയോജനം ലഭിക്കുന്ന വാർഡുകൾ |
|---|---|---|
| 1 | ഒളവിലം | 3,4,5 |
| 2 | കവിയൂർ | 1,2 |
| 3 | ചൊക്ലി | 6,7,8 |
| 4 | നിടുമ്പ്രം | 9,10,11 |

ത്തിലെ സർക്കാർ മേഖലയിലെ ഏക പൊതു ജനാരോഗ്യ കേന്ദ്രം. ഇത് ഒളവിലത്ത് V ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിലെ എല്ലാ ഭാഗത്ത് നിന്നും ജനങ്ങൾക്ക് ഇവിടെ എത്തിച്ചേരാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിലും, കവിയൂർ, ഒളവിലം ഭാഗത്തുള്ളവർ ഈ ആരോഗ്യകേന്ദ്രത്തെ പൊതുവായി ആശ്രയിക്കുന്നുണ്ട്. PHC യുടെ കീഴിൽ 4 സബ് സെന്ററുകൾ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. പട്ടിക –1 കാണുക

സബ് സെന്ററുകൾക്ക് സ്വന്തമായി പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങൾ നാല് കേന്ദ്രങ്ങളിലും ഇല്ല. വാടക കെട്ടിടത്തിലാണ് ഇവ പ്രവർത്തിക്കുന്നത്. PHC യിൽ ഡോക്ടറടക്കം 17 പേർ ജോലി ചെയ്യുന്നുണ്ട്. ഈ ജീവനക്കാരുടെ എണ്ണമനുസരിച്ച് ജനങ്ങൾ ഈ സെന്ററിനെ ഉപയോഗപ്പെടുത്തുന്നില്ല എന്നത് പഠനത്തിന് വിധേയമാക്കേണ്ടതാണ്. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും പള്ളൂരിലുള്ള PHC യെയും, തലശ്ശേരിയിലെയും, ചൊക്ലിയിലേയും സ്വകാര്യ ക്ലിനിക്കുകളെയുമാണ് ചികിത്സക്ക് വേണ്ടി സമീപിക്കുന്നത്. 4 അലോപ്പതി ക്ലിനിക്കുകളും, 3 ഹോമിയോ ക്ലിനിക്കുകളും, 5 ആയുർവേദ ക്ലിനിക്കുകളും പഞ്ചായത്തിലുണ്ട്. പൊതുവെ അലോപ്പതി ചികിത്സയാണ് ജനങ്ങൾ അവലംഭിക്കുന്നത്. പഞ്ചായത്തിൽ

**പട്ടിക 1 – ഡി**

| വർഷം | ജലജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 124 | 16 | 20 | 2143 |
| 1994-95 | 110 | 13 | 15 | 1935 |
| 1995-96 | 109 | 15 | 12 | 3582 |

3 മെഡിക്കൽ ഷാപ്പുകളും, ലബോട്ടറികളും പ്രവർത്തിക്കുന്നു. PHC യിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 95 –96 വർഷക്കാലത്ത് 109 ജലജന്യരോഗങ്ങളും 15 ഓളം വായു ജന്യരോഗങ്ങളും 12 പ്രാണി ജന്യരോഗങ്ങളും

**പട്ടിക 1 – ഇ**

| [illegible] | [illegible] എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ | | | |
|---|---|---|---|---|---|
| | | [illegible] | [illegible] | [illegible] | [illegible] |
| 92-93 | 4555 | 5 | 8 | 1213 | 3329 |
| 93-94 | 3250 | 3 | - | 1104 | 2143 |
| 94-95 | 3655 | 5 | 3 | 1712 | 1935 |
| 95-96 | 4380 | 5 | 5 | 788 | 3582 |

3582 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

വിശദവിവരങ്ങൾ പട്ടിക –1ഡി യിൽ കൊടുത്തിരിക്കുന്നു.

അടുത്തകാലത്തായി മലമ്പനി, മുണ്ടിനീര്, മലേറിയ തുടങ്ങിയ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക–1 ഇയിൽ കൊടുത്തിരിക്കുന്നു.

### തൊഴിൽ ജന്യരോഗങ്ങൾ

കരിങ്കൽ കോറയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, നെയ്ത്ത്, കെട്ടിടനിർമ്മാണം, ബീഡി എന്നീ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ജന്യമായ രോഗങ്ങൾ കണ്ടുവരുന്നു. ആസ്ത്മ, സിലിക്കോസിസ് ഫ്ളൂറോസിസ് എന്നീ രോഗങ്ങളാണ് ഈ മേഖലയിലുള്ളത്.

### പ്രശ്നങ്ങൾ

1. PHC യിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
2. ചികിത്സാ ചിലവ് വർദ്ധിക്കുന്നു. സാധാരണക്കാരന് അപ്രാപ്യമാകുന്നു.
3. പൊതുജനാരോഗ്യപ്രവർത്തനത്തിൽ ജനങ്ങളുടെ വിശ്വാസം കുറയുന്നു.
4. PHC യിൽ മരുന്നുകൾ ലഭ്യമല്ല.
5. സബ് സെന്ററുകളുടെയും ഫീൽഡ് പ്രവർത്തകരുടെയും സേവനം തൃപ്തികരമല്ല.
6. PHC യിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്
7. ജനങ്ങൾക്ക് എത്തിപ്പെടാൻ സാധിക്കുന്നില്ല.
8. ഈ രംഗത്തും ജനകീയ ഇടപെടൽ കുറവാണ്.
9. ആരോഗ്യപ്രവർത്തനം ഒരു ജനകീയ പ്രവർത്തനമായി കാണുന്നില്ല.
10. ജനങ്ങളിൽ ആരോഗ്യവിദ്യാഭ്യാസത്തിന്റെ കുറവ്
11. സ്ത്രീകൾ ഭൂരിപക്ഷമായിട്ടും, വനിതാ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

12. മദ്യപാന ശീലവും പുകവലിയും മറ്റു ലഹരി വസ്തുക്കളുടെ ഉപയോഗവും വർധിക്കുന്നു.

**സാധ്യതതകൾ**

1. PHC യിലേക്ക് യാത്രാ സൗകര്യം വർധിപ്പിക്കൽ അല്ലെങ്കിൽ എല്ലാവർക്കും എത്തിപ്പെടാൻ കഴിയുന്ന സ്ഥലത്തേക്ക് PHC യെ മാറ്റൽ
2. ആയുർവേദ, ഹോമിയോ ഡിസ്പൻസറികൾ സ്ഥാപിക്കൽ
3. ഹെൽത്ത് വർക്കർമാർ പരമാവധി ഫീൽഡ് വർക്കിന് പ്രാധാന്യം കൊടുക്കൽ
4. ഡിസ്പൻസറിയിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കൽ
5. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ
6. ഹോട്ടലുകൾ, ബേക്കറികൾ, ചായക്കടകൾ എന്നിവ മാസത്തിൽ പരിശോധനക്ക് വിധേയമാണ്
7. പൊതു സ്ഥലങ്ങളിലും, സ്ക്കൂൾ പരിസരത്തും നടത്തുന്ന അനാരോഗ്യ ഭക്ഷണ സാധനങ്ങളുടെ വില്പന നിയന്ത്രിക്കൽ

**പരിസര ശുചിത്വം**

പഞ്ചായത്തിൽ വ്യവസായങ്ങളൊന്നും കാര്യമായി ഇല്ലാത്തതിനാൽ പരിസരമലിനീകരണം ഗുരുതരമല്ല. എന്നാൽ സ്റ്റോൺ ക്രഷർ പ്രവർത്തിക്കുന്ന പരിസരം, മാർക്കറ്റുകളിലെ ചപ്പ് ചവറുകൾ നിക്ഷേപിക്കുന്ന സ്ഥലം എന്നിവ പരിസര മലിനീകരണത്തിന് കാരണമാകുന്നുണ്ട്. പൊതുവെ 2 ശുചീകരണ ജോലിക്കാർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മാലിന്യങ്ങൾ യഥാവസരം നീക്കം ചെയ്യാനും സംസ്കരിക്കാനും സാധിക്കാത്തത് വലിയ പരാതികൾക്ക് ഇടനൽകാറുണ്ട്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പ് ചവറുകളും കമ്പോസ്റ്റാക്കി മാറ്റുക തുടങ്ങിയ കാര്യങ്ങളിൽ ബോധവൽക്കരണം അത്യാവശ്യമാണ്. ഇപ്പോൾ പൊതുവെ കണ്ട് വരുന്ന കൊതുകുശല്യം വേണ്ടത്ര ബോധത്തോടെ ജനകീയ പ്രവർത്തനത്തോടെ കൈകാര്യ ചെയ്യേണ്ടതാണ്. കക്കൂസില്ലാത്ത പാവപ്പെട്ട വീടുകൾക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തന്നെ കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകി. കക്കൂസുള്ള വീടുകളിൽ അതിന്റെ നല്ല രീതിയിലുള്ള സംരക്ഷണത്തിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകേണ്ടിയിരിക്കുന്നു. സാമ്പത്തിക പരാധീനതമൂലവും, സ്ഥലപരിമിതി മൂലവും, ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തത് മൂലവുമാണ് ജനങ്ങൾ കക്കൂസ് നിർമാണത്തിൽ വിമുഖത കാട്ടുന്നത്. ഇത് പരിഹരിക്കാൻ സാധിക്കണം.

**പ്രശ്നങ്ങൾ**

1. മാർക്കറ്റുകളിൽ മാലിന്യങ്ങളിൽ കുമിഞ്ഞു കൂടുന്നു
2. സംസ്കാരിക്കാനുള്ള സംവിധാനമില്ലായ്മ
3. കിണറും പരിസരവും വേണ്ടത്ര ശുചിയോടെ സൂക്ഷിക്കുന്നില്ല.
4. അങ്ങാടിയിൽ മൂത്രപ്പുരയും, കക്കൂസും ഇല്ല.
5. മാലിന്യങ്ങൾ ചെറിയ അളവുള്ളപ്പോൾ തന്നെ നശിപ്പിക്കാനുള്ള സന്നദ്ധതയില്ലായ്മ
6. എല്ലാം സർക്കാറിനെ (പഞ്ചായത്തിനെ) കാത്തിരിക്കുന്ന അവസ്ഥ
7. ജനകീയ പങ്കാളിത്തക്കുറവ്

**സാദ്ധ്യതകൾ**

1. മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സ്ഥിരം സംവിധാനം
2. അയൽക്കൂട്ടങ്ങൾ ഉപയോഗപ്പെടുത്തി ശുചിത്വവും സ്കൂൾ ശുചിത്വവും ഉറപ്പുവരുത്തൽ
3. കച്ചവടക്കാരിൽ മാസത്തിലൊരിക്കൽ – പൊതുയോഗവും ബോധവൽക്കരണവും
4. ശുചിത്വം നശിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ
5. ക്ലീൻ – ചൊക്ലി പരിപാടിക്ക് രൂപം കൊടുക്കൽ
6. ആരോഗ്യ പ്രവർത്തകരും – അധികൃതരും മാസത്തിലൊരിക്കൽ ഹോട്ടൽ, ചായക്കട എന്നിവ സന്ദർശിക്കൽ

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഇന്നത്തെ ചൊക്ലി സി.പി. റോഡും കാഞ്ഞിരം മത്തിപ്പറമ്പ് റോഡുമാണ് ചൊക്ലി പഞ്ചായത്തിലെ ആദ്യകാല റോഡുകളായി പരിഗണിക്കപ്പെട്ടിരുന്നത്. ഇന്ന് സാമാന്യം ഭേദപ്പെട്ട ഒരു റോഡ് ശൃംഖല തന്നെ ചൊക്ലി പഞ്ചായത്തിനുണ്ട്. സ്റ്റേറ്റ് ഹൈവെ, PWD റോഡുകൾ, പഞ്ചായത്ത് റോഡുകൾ എന്നിവ ഉൾപ്പെടെ 84 km ദൈർഘ്യം റോഡിന്റെ കാര്യത്തിൽ ഈ പഞ്ചയത്തിനുണ്ട്. ഏകദേശം എല്ലാ പ്രദേശമായും എല്ലാ വാർഡുകളുമായും റോഡുമുഖേന ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ റോഡുകളുടെ നിലവാരമില്ലയ്മയാണ് ഗതാഗത രംഗത്ത് പഞ്ചായത്ത് ഇന്ന് അഭീമുഖീകരിക്കുന്നപ്രശ്നം. തലശ്ശേരി, നാദാപുരം, ചൊക്ലി രജി: ആപ്പീസ് – പൂക്കോം, മാടപീടിക – പൂക്കോം, മേക്കുന്ന് – പാനൂർ, മേക്കുന്ന് – മോന്താൽ, മാഹി – ചൊക്ലി എന്നീ പ്രധാനപ്പെട്ട PWD റോഡുകൾ വഴി ബസ് ഗതാഗതം നടത്തിവരുന്നു. ഈ പ്രധാന റോഡുകളെ പരസ്പരം ബന്ധിപ്പിക്കുന്ന ചെറിയ ലിങ്ക് റോഡുകളാണ് ചൊക്ലി മാർക്കറ്റ് റോഡ്, നിടുമ്പ്രം – വയലിൽ പീടിക റോഡ്, കാഞ്ഞിരം – മത്തിപ്പറമ്പ് റോഡ്, പള്ളിക്കുനി – പെരിങ്ങാടി, മേനപ്രം അമ്പലം കീഴ്മാടം, കവിയൂർ – ഡിസ്പൻസറി റോഡ്, ചൊക്ലി പോലീസ് സ്റ്റേഷൻ – മാരാങ്കണ്ടി റോഡ്, കാഞ്ഞിരം – തൃക്കണ്ണാപുരം റോഡ്, ബീഡിപ്പിടിക – പന്ന്യന്നൂർ റോഡ്.

എന്നാൽ മൊത്തം 84 കിലോമിറ്ററിൽ 16 കിലോമിറ്റർ റോഡ് മാത്രമെ ടാർ ചെയ്തിട്ടുള്ളു. മേൽപറഞ്ഞ പ്രധാന PWD റോഡുകളിൽ പെടാത്തവ ചരക്ക് ഗതാഗതത്തിനോ മറ്റു കാർഷിക വ്യാവസായിക ഉല്പന്നങ്ങളുടെ കടത്തിക്കൊണ്ടു പോകലിനോ ഉപയോഗപ്പെടുത്തുന്നില്ല. മറിച്ച് അതാത് പ്രദേശത്തെ ജനങ്ങളുടെ യാത്രാ സൗകര്യത്തിനും നിർമ്മാണ പ്രവർത്തനത്തിനുള്ള സാധന സാമഗ്രികൾ എത്തിക്കാനുമാണ് ഉപയോഗിക്കുന്നത്. അത്കൊണ്ട് മേൽപറഞ്ഞ ലിങ്ക് റോഡുകൾ പ്രധാന പഞ്ചായത്ത് റോഡുകളാക്കി വികസിപ്പിക്കുകയും ഉപ റോഡുകൾ അതാതിന്റെ പ്രാദേശിക പ്രധാന്യം അനുസരിച്ച് വികസിപ്പിക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ പരിമിതമായ ഫണ്ട് ഉപയോഗിച്ചുകൊണ്ട് അതാത് കാലങ്ങളിൽ നിർമ്മിച്ച പലറോഡുകളും മഴക്കാലമാകുന്നതോടെ തകർന്ന് പേകുന്നു എന്നുള്ളതാണ് സത്യം. റോഡുകളുടെ ഗുണ നിലവാരം ഉയർത്താൻ വേണ്ട കൾവർട്ടുകളുടെ നിർമ്മാണം, റോഡിന്റെ വിതാനം ഉയർത്തൽ ഡ്രൈനേജുകളുടെ നിർമ്മാണം എന്നിവ യഥാവാസരത്തിൽ നടത്താത്തതും റോഡുകളുടെ തകർച്ചക്ക് മറ്റൊരു കാരണമാണ്. ചെക്ലിയിലെ സിരാകേന്ദ്രം തന്നെ ഗതാഗതക്കുരുക്ക് കൊണ്ട് വീർപ്പ് മുട്ടുന്നത് ഒരു നിത്യ സംഭവമാണ്.

പഞ്ചയത്തിലെ റോഡുകളുടെ 3പട്ടികകൾ അന്യത്ര കൊടുത്തിട്ടുണ്ട്.

പ്രശ്നങ്ങൾ :

1 – റോഡുകളുടെ പൊതുസ്ഥിതി മോശമാണ്

2 – മിക്ക റോഡുകളിലും ആവശ്യമായ ഓടകളും കലുങ്കുകളും ഇല്ല.

3 – ഗതാഗത സൗകര്യമില്ലാത്ത ചില പ്രദേശങ്ങൾ പഞ്ചായത്തിനുണ്ട്.

4 – ഫണ്ടുകളുടെ അപര്യാപ്തതയും ജനശക്തി ഉപയോഗപ്പെടുത്താതിരിക്കലും

5 – അറ്റക്കുറ്റപ്പണികൾ യഥാസമയം നടത്താതിരിക്കുക.

6 – നിർമ്മാണത്തിലും അറ്റകുറ്റപ്പണിയിലും ശാസ്ത്രീയ രീതി അവലംബിക്കാറില്ല.

7 – പ്രദേശിക ഇടപെടൽ ഇല്ലാത്തത് കൊണ്ടുള്ള ഫണ്ടുകളുടെ ചോർച്ച.

8 – നിർമ്മാണ സാധനങ്ങൾ റോഡിലാക്കി ദിവസങ്ങളോളം വെക്കുന്നത്

9 – വീട്ടിലേക്കുള്ള റോഡ് ഉണ്ടാക്കാൻ റോഡിലുള്ള ഡ്രയിനേജ് മൂടുന്നു. റോഡുകളുടെ വർദ്ധന കൃഷി ഭൂമിയുടെ വിസ്തൃതി കുറയുന്നതിന് കാരണമാകുന്നു.

സാധ്യതകൾ

1– ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങൾക്ക് മുൻഗണനാക്രമത്തിൽ റോഡ് നിർമ്മിക്കുക.

2 – ലഭ്യമാക്കുന്ന ഫണ്ടും പ്രാദേശിക മാനുഷിക വിഭവശേഷിയും ഉപയോഗപ്പെടുത്തി റോഡ് നിർമ്മിക്കുക.

3 – റോഡ് സംരക്ഷണത്തിനും ഓട വൃത്തിയാക്കുന്നതിനും കർശന നിയമങ്ങൾ നടപ്പാക്കൽ

4 – ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ബൈപാസ് റോഡുകൾ ഉപയോഗിക്കുക.

5 – ആവശ്യമായ സ്ഥലങ്ങളിൽ ജനപങ്കാളിത്തത്തോടു കൂടി ബസ് ഷെൽട്ടർ നിർമ്മിക്കുക.

6 – പെരിങ്ങത്തൂർ – മോന്താൽ – മാഹി ബോട്ട് സർവ്വീസ്.

7 – റോഡ് റിപ്പേറിനേക്കാൾ പ്രധാന്യം ഡ്രൈനേജ് നിർമ്മാണത്തിന്

8 – സമൂഹത്തിന്റെ ഭാഗമാണ് ട്രാൻസ്പോർട്ട് ജിവനക്കാരും. വാഹനങ്ങൾ ജനങ്ങളുടെ സൗകര്യർത്ഥം ഉപയോഗപ്പെടുത്താൻ ആവശ്യമായ ബോധ വൽക്കരണം ജീവനക്കാരിൽ ഉണർത്തേണ്ടതാണ്.

## പട്ടിക 1
## പഞ്ചായത്തിലെ PWD റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ദൂരം മീ. | വീതി മീ. | ബസ്സ് സൗകര്യം |
|---|---|---|---|---|
| 1. | തലശ്ശേരി - നാദാപുരം റോഡ് | 2.50 | 8 | ഉണ്ട് |
| 2. | ചൊക്ലി രജി: ആഫീസ് - പൂക്കോ റോഡ് | 0.50 | 8 | ,, |
| 3. | മാടപ്പീടിക - പൂക്കോട്ട് | 1.50 | 8 | ,, |
| 4. | ചൊക്ലി - മാഹി | 3 | 8 | ,, |
| 5. | മേക്കുന്ന് - മോന്താൽ | 4 | 8 | ,, |

## പട്ടിക 2
## പഞ്ചായത്തിലെ ഫുട്പാത്ത്

| നമ്പർ | വാർഡ് | ഫുട് പാത്തിൻെറ പേര് | ദൂരം K.M. | വീതി K.M |
|---|---|---|---|---|
| 1. | | കുറ്റിയിൽ പീടിക നാവള്ളൂർ | 0.750 | 2 |
| 2. | | ആണ്ടിപ്പീടിക കണ്ണോത്ത് | 0.350 | 1.50 |
| 3. | | പട്ടർ വയൽ - കണ്ണോത്ത് | 0.250 | 1.50 |
| 4. | | വലിയാണ്ടിപ്പള്ളി | 1.120 | 2 |
| 5. | | മാവുള്ളതിൽ | 0.250 | 2 |
| 6. | | കണ്ണോത്ത് പള്ളി | 0.125 | 3 |
| 7. | | ഗുരുകുലം സ്ക്കൂൾ ചെറിയത്ത് | 0.750 | 2 |
| 8. | | മഞ്ചിൽ പറമ്പത്ത് - കണ്ടൻചാലിൽ | 0.200 | 2 |
| 9. | | പുത്തൻ പുരയിൽ - മാളിയൽ താഴെ | 0.300 | 2 |
| 10. | | പാറെമ്മൽ മുക്ക് - മഠത്തിൽ താഴെ | 0.300 | 1.50 |
| 11. | | ഒളവിലം ബാലഗോപാലക്ഷേത്രം | 0.350 | - |
| 12. | | കവിയൂർ ഈസ്റ്റ് പള്ളൂർ | 0.750 | 3 |
| 13. | | കവിയൂർ നാലുകണ്ടി ഒളവിലം L.P.S | 0.550 | 3 |
| 14. | | ചെറിയത്ത് എടുവന ഫുട്പാത്ത് | 0.600 | 3 |

# പട്ടിക 3
## നിലവിലുള്ള റോഡുകൾ, ഗ്രാമസഭ റിപ്പോർട്ടുകൾ

| നമ്പർ | റോഡുകളുടെ പേര് | നീളം - കി.മീ | വീതി - മീ. | ടാർ: ചെയ്തത് | ടാർ: ചെയ്യേണ്ടത് | സോളിംഗ്: ചെയ്തത് | സോളിംഗ്: ചെയ്യേണ്ടത് | മൺറോഡ് | അറ്റകുറ്റപണി: ചെയ്തത് | അറ്റകുറ്റപണി: ചെയ്യുന്നത് | അറ്റകുറ്റപണി: ചെയ്യേണ്ടത് | യാത്രാസൗകര്യം: ഉണ്ട് | യാത്രാസൗകര്യം: ഇല്ല | ഓട: ഉള്ളത് | ഓട: വേണ്ടത് | കലുങ്ക്: ഉള്ളത് | കലുങ്ക്: വേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | പള്ളിക്കുനി പെരിങ്ങാടി റോഡ് | 3.000 | 4 | ✓ | | | | | | ✓ | | | | | ✓ | | |
| 2. | പൂറ്റുവക്കാട് - കേളോത്ത് റോഡ് | 0.410 | 4 | ✓ | | | | | | | ✓ | | | | | | |
| 3. | പൂറ്റുവക്കാട് - കേളോത്ത് റോഡ് | 0.440 | 4 | | | | | | | | | | | | | | |
| 4. | മുണ്ടയാട് - കേളോത്ത് റോഡ് | 0.275 | 4 | | | ✓ | | | | | | | | | | | |
| 5. | മൊട്ടേമ്മൽ - മുണ്ടയാട് റോഡ് | 0.850 | 4 | | | | | ✓ | | | | | | | | | |
| 6. | വളവിൽ നാരായണൻ പറമ്പ് റോഡ് | 0.900 | 4 | | | | ✓ | ✓ | | | | | | | | | |
| 7. | ളെവിലം സൗത്ത് യു.പി.എസ് (രാമകൃഷ്ണ) | 0.500 | 4 | | | | | ✓ | | | | | | | | | |
| 8. | കഷാട്ടുമ്മൽ - കരിങ്കണാമ്പ്രത്ത് റോഡ് | 0.610 | 3 | | | | | ✓ | | | | | | | | | |
| 9. | ചിരികണ്ടോത്ത് - വലിയപറമ്പത്ത് റോഡ് | 1.700 | 4 | | ✓ | | ✓ | ✓ | | | ✓ | | | | ✓ | | |
| 10. | മേനപ്രം ക്ഷേത്രം - കീഴ്മാടം റോഡ് | 1.600 | 4 | ✓ | | | | | | | ✓ | | | | | | |
| 11. | ഓറിയൻറൽ സ്ക്കൂൾ- നിടുമ്പ്രം റോഡ് | 1.560 | 5 | ✓ | | | | | | | ✓ | | | | | | |
| 12. | കാഞ്ഞിരത്തിൻ കീഴിൽ - മത്തിപറമ്പ് റോഡ് | 2.165 | 8 | ✓ | | | | | | | ✓ | | ✓ | | | | |
| 13. | താഴ്ത്തിലേരി - കല്ലിൽ താഴെ റോഡ് | 0.450 | 4 | | | | | ✓ | | | | | | | | | |
| 14. | പാലോളികണ്ടി - മേനപ്രം റോഡ് | 0.680 | 4 | | | | | ✓ | | | | | | | | | |
| 15. | ഇരട്ടപ്പിലാക്കൂൽ നിടുംമ്പ്രം റോഡ് | 1.190 | 4 | | ✓ | | ✓ | ✓ | | | | | | | | | |
| 16. | കരയിച്ചിത്താങ്കണ്ടി റോഡ് | 0.850 | 4 | | | | ✓ | ✓ | | | | | | | | | |
| 17. | രയോരത്ത് താഴെ - മാവിലോട്ട് താഴെ റോഡ് | 0.350 | 4 | ✓ | | | | | | | | | | | | | |
| 18. | നെടുമ്പ്രം - മനേക്കര | 0. 350 | 4 | | ✓ | ✓ | | | | | | | | | | | |
| 19. | ഇല്ലത്ത് താഴെ - മണ്ഡലം പൊയിൽ റോഡ് | 0.200 | 4 | | | | | ✓ | | ✓ | | | | | | | |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 20. | വലിയവീട്ടിൽ - നടക്കൽ താഴെ റോഡ് | 0.300 | 4 | | | | | ✓ | | | | | | | | | |
| 21. | ചൊക്ലി മാർക്കറ്റ് റോഡ് | 0.700 | 6 | | ✓ | ✓ | | | | | | | | | | | |
| 22. | പുനത്തിൽ മുക്ക് തൃക്കണ്ണാപുരം റോഡ് | 0.350 | 4 | | | | | ✓ | | | | | | | | | |
| 23. | തെക്കിലേരി കരിയാടൻകണ്ടി റോഡ് | 0.850 | 4 | | | | | ✓ | | | | | | | | | |
| 24. | കാഞ്ഞിരത്തിൻകീഴിൽ സി.പി. റോഡ് | 1.350 | 6 | | ✓ | | ✓ | ✓ | | | ✓ | | | | | | |
| 25. | ചൊക്ലി പള്ളി - സി.പി. റോഡ് | 0.350 | 6 | | | ✓ | | | | | | | | | | | |
| 26. | സി.പി. റോഡ് - പന്ന്യന്നൂർ റോഡ് | 1.000 | 6 | | ✓ | ✓ | | | | | | | | | | | |
| 27. | കുലോത്ത് പള്ളി - ചെറുവള്ളത്ത് റോഡ് | 0.650 | 4 | | | | | ✓ | | | ✓ | | | | | | |
| 28. | മള്ളേരിമുക്ക് - അരയാക്കൂൽ റോഡ് | 0.550 | 4 | | | | | ✓ | | | ✓ | | | | | | |
| 29. | വള്ളിൽ മുക്ക് - കല്ലീൽ താഴെ റോഡ് | 0.250 | 3.50 | | | | | ✓ | | | | | | | | | |
| 30. | വഴ്ഡേശ്വരം - അരയാക്കൂൽ റോഡ് | 0.450 | 4 | | | | | ✓ | | | | | | | | | |
| 31. | കുട്ടിച്ചൻറപറമ്പ് - മാണിക്കോത്ത് റോഡ് | 0.200 | 3 | | | | | ✓ | | | | | | | | | |
| 32. | ചൊക്ലി സർവ്വീസ് ബാങ്ക് - കവിയൂർ റോഡ് | 0.500 | 6 | | ✓ | | ✓ | | | | | | | | | | |
| 33. | ചൊക്ലി സർവ്വീസ് ബാങ്ക് - കവിയൂർ റോഡ് | 0.300 | 6 | ✓ | | | | | | | | | | | | | |
| 34. | ശ്രീമുത്തപ്പൻ റോഡ് | 0.500 | 4 | | | | ✓ | ✓ | | | | | | | | | |
| 35. | ചൊക്ലി പള്ളി - പന്ന്യന്നൂർ റോഡ് | 1.000 | 6 | | | | | ✓ | | | | | | | | | |
| 36. | ഊരാച്ചേരി - കൊറ്റുമ്മൽ റോഡ് | 0.500 | 4 | | | | | ✓ | | | | | | | | | |
| 37. | അരയാക്കൂൽ - കുറുന്താളി പീടിക റോഡ് | 0.400 | 4 | | | | | ✓ | | | ✓ | | | | | | |
| 38. | പുറ്റുവക്കാട് കേളോത്ത് റോഡ് മുക്കിൽ R.V.H.S. വരെ | 1.100 | – | | | | | ✓ | | | ✓ | | | | | | |
| 39. | മണ്ണികുലോത്ത് താഴെ റോഡ് | 0.400 | 3.60 | | | | | ✓ | | | | | | | | | |
| 40. | പുത്തൻ പുരയിൽ കുനിയൽ റോഡ് | 0.400 | 3.50 | | | | | ✓ | | | | | | | | | |
| 41. | കാരക്കുന്നുമ്മൽ - കുറഞ്ഞക്കമ്മൽ റോഡ് | 0.400 | 3.50 | | | | | ✓ | | | | | | | | | |
| 42. | നിടുമ്പ്രം- ചാലാറത്ത് റോഡ് | 3.370 | 3.50 | | | | | ✓ | | | | | | | | | |
| 43. | ഗ്രാമത്തി റോഡ് | 0.180 | 3.25 | | | | | ✓ | | | | | | | | | |
| 44. | പുത്തൻ വീട് വൈശ്യബ്രൻറവിട റോഡ് | 0.250 | 3 | | | | | ✓ | | | | | | | | | |
| | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 45. | ഗ്രാമത്തിപള്ളി റോഡ് | 0.750 | 3 | | | | | ✓ | | | | | | | | | |
| 46. | മഞ്ചാൻറവിട - മീത്തൽ പറമ്പ് റോഡ് | 1.040 | 4.50 | | ✓ | | ✓ | ✓ | | | | | | | | | |
| 47. | പഴയനിരത്ത് - മാപ്പുറ താഴെ റോഡ് | 0.700 | 4 | | ✓ | | ✓ | ✓ | | | | | | | | | |
| 48. | പെരിയാണ്ടി മുതൽ - കല്ലിൽ താഴെ റോഡ് | 0.450 | 4 | | | | | ✓ | | | | | | | | | |
| 49. | കുട്ടിച്ചാത്തൻ റോഡ് | 0.230 | 3.50 | | | | | ✓ | | | | | | | | | |
| 50. | രയരോത്ത് കൊറ്റുമ്മൽ റോഡ് | 0.500 | 4.50 | | | | | ✓ | | | | | | | | | |
| 51. | പുനത്തിൽ മുക്ക് - തോട്ടത്തിൽ താഴെ റോഡ് | 0.420 | 4 | | | | | ✓ | | | | | | | | | |
| 52. | വട്ടപറമ്പ് - തോഴോട്ട് റോഡ് | 1.000 | 4.25 | | | | | ✓ | | | ✓ | | | | ✓ | | |
| 53. | കുഞ്ഞിപറമ്പത്ത് - കുനിയിൽ താഴെ റോഡ് | 0.250 | 4 | | | | | ✓ | | | | | | | | | |
| 54. | കോമച്ചംകണ്ടി ഊരാം താഴെ കുനിയിൽ | 0.500 | 3 | | | | ✓ | ✓ | | | | | | | | | |
| 55. | പരത്തിൻറവിട - എകരത്ത് റോഡ് | 0.2000 | 3 | | | | | ✓ | | | | | | | | | |
| 56. | ഇരട്ടപിലാക്കൂൽ - വെള്ളാച്ചേരി പള്ളി റോഡ് | 0.975 | 3 | | | | | ✓ | | | | | | | | | |
| 57. | കച്ചേരിമൊട്ട കൊളായി റോഡ് | 0.400 | 4 | | | | | ✓ | | | ✓ | | | | | | |
| 58. | പാലോളി മീത്തൽ വടക്കോട്ട് റോഡ് | 0.200 | 4 | | | | | ✓ | | | | | | | | | |
| 59. | തയ്യുള്ളതിൽ ഒറ്റപറമ്പ് റോഡ് | 0.120 | 3 | | | | | ✓ | | | | | | | | | |
| 60. | മാരാംകണ്ടി - തുണ്ടായിപ്പീടിക റോഡ് | 1.450 | 4 | | | | | ✓ | | | ✓ | | | | | | |
| 61. | മേക്കുന്ന് - മുനിച്ചിറാണ്ടി ലക്ഷം വീട് റോഡ് | 0.360 | 4 | | | | | ✓ | | | | | | | | | |
| 62. | കുന്നുമ്മക്കണ്ടി കാരോറക്കുന്ന് ലക്ഷം വീട് റോഡ് | 0.225 | 3.50 | | | | | ✓ | | | | | | | | | |
| 63. | മുനിച്ചിറാണ്ടി - കുന്നുമ്മകണ്ടി റോഡ്. | 0.700 | 3 | | | | | ✓ | | | | | | | | | |
| 64. | ഒറ്റിയൻറൽ ഹൈസ്ക്കൂൾ പഴയ നിരത്ത് | 0.125 | 3 | | | | | ✓ | | | | | | | | | |
| 65. | ചെറിയത്ത് മുക്ക് താഴ്ത്തിലേരി റോഡ് | 0.300 | 4 | | | | | ✓ | | | | | | | | | |
| 66. | കിഴക്കേയിൽ - കൊട്ടിയതുൽ റോഡ് | 1.365 | 4 | | | | | ✓ | | | | | | | | | |
| 67. | തൃക്കണ്ണാപുരം ക്ഷേത്രം മുണ്ടയോട്ട് റോഡ് | 0.650 | 4 | | | | ✓ | ✓ | | | | | | | | | |
| 68. | ഇല്ലിക്കൽ തലാപ്പ് റോഡ് | 0.280 | 3.50 | | | | | ✓ | | | | | | | | | |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 69. | ചുങ്കക്കാരൻറവിട ചാലഠറത്ത് റോഡ് | 0.385 | 3.50 | | | | | ✓ | | | | | | | | | |
| 70. | പുള്ളിയൻറവിട റോഡ് | 0.520 | 3.50 | | | | | ✓ | | | | | | | | | |
| 71. | ഉണിച്ചിരത്തി പറമ്പ് - കച്ചേരിതാഴെ | 0.250 | 3.50 | | | | | ✓ | | | | | | | | | |
| 72. | വൈശ്യങ്കണ്ടി - കുഴിച്ചാൽ റോഡ് | 0.500 | 4 | | | | | ✓ | | | | | | | | | |
| 73. | താഴെപുത്തൻ പുരയിൽ മാവിലേറ്റ് റോഡ് | 0.350 | 3 | | | | | ✓ | | | | | | | | | |
| 74. | വലിയാണ്ടിമുക്ക് - എടത്തിൽ താഴെ റോഡ് | 0.175 | 3 | | | | | ✓ | | | | | | | | | |
| 75. | കരോൾക്ക് -തയ്യിൽ താഴെ റോഡ് | 0.335 | 4 | | | | | ✓ | | | | | | | | | |
| 76. | കാവിൽ - ഇടയിൽ പീടിക റോഡ് | 0.440 | 4 | | | | | ✓ | | | | | | | | | |
| 77. | അബ്ദുള്ളഹാജി റോഡ് | 0.100 | 4 | | | | | ✓ | | | | | | | | | |
| 78. | കോട്ടേപ്പുറത്ത് തയ്യ്കണ്ടി റോഡ് | 0.250 | 4 | | | | | ✓ | | | | | | | | | |
| 79. | കല്ലിനാണ്ടി - മാണിക്കോത്ത് താഴെ റോഡ് | 0.220 | 4 | | | | | ✓ | | | | | | | | | |
| 80. | തങ്ങൾ റോഡ് | 0.720 | 4 | | | | | ✓ | | | | | | | | | |
| 81 | ആശാരികണ്ടി റോഡ് | 0.175 | 4 | | | | | ✓ | | | ✓ | | | | | | |
| 82. | രാമവിലാസം എച്ച്.എസ്. - ഒളവിലം റോഡ് (തൃക്കണ്ണാപുരം) | 0.400 | 4 | | ✓ | | ✓ | ✓ | | | ✓ | | | | ✓ | | |
| 83. | കണ്ടോത്ത് മുക്ക് കണ്ടിയിൽ താഴെ റോഡ് | 0.300 | 3.50 | | | | | ✓ | | | | | | | | | |
| 84. | മൂപ്പൻറവിടെ രയരോത്ത് റോഡ് | 0.300 | 3.50 | | | | | ✓ | | | | | | | | | |
| 85. | കളത്തിൽ മുക്ക് നടക്കൽ താഴെ റോഡ് | 0.725 | 4 | | | | | ✓ | | | | | | | | | |
| 86. | സഹകരണാശുപത്രി കുട്ടിച്ചാത്തൻ റോഡ് | 0.450 | 3 | | | | | ✓ | | | | | | | | | |
| 87. | നിടുങ്കുടിയിൽ ചാലിയാറത്ത് റോഡ് | 0.370 | 3 | | | | | ✓ | | | | | | | | | |
| 88. | ഒളവിലം ആശുപത്രി റോഡ് | 0.975 | 4 | | | ✓ | | | | | | | | | | | |
| 89. | വേണ്ടർകുനിയിൽ ചേറോത്ത് താഴെ ക്ഷേത്രം | 0.325 | 3 | | | | | ✓ | | | ✓ | | | | | | |
| 90. | കുറ്റിപ്പുറത്ത് താഴെ തയ്യിൽ താഴെ റോഡ് | 0.500 | 3 | | | | | ✓ | | | | | | | | | |
| 91. | സഫ്ദർ ഹാശ്മി റോഡ് | 0.850 | 3 | | | | | ✓ | | | | | | | | | |
| 92. | എടോത്ത്കണ്ടി - വട്ടകണ്ടി റോഡ് | 0.475 | 3 | | | | | ✓ | | | ✓ | | | | ✓ | | |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 93. | ആയാടത്ത് കേളോത്ത് റോഡ് | 0.750 | 3.60 | | | | | ✓ | | | | | | | | |
| 94. | തയ്യിൽ താഴെ മുണ്ടക്കൻറവിട റോഡ് | 0.800 | 3 | | | | | ✓ | | | | | | | | |
| 95. | തിരുമംഗലത്ത് മുക്ക് - ചമ്മക്കോർ റോഡ് | 0.200 | 3 | | | | | ✓ | | | | | | | | |
| 96. | ചാത്തോത്ത് മുക്ക് - പാറോള്ളതിൽ റോഡ് | 0.425 | 3.60 | | | | | ✓ | | | | | | | | |
| 97. | മേക്കര വീട്ടിനു താഴെ നിടുന്നാൽ താഴെ റോഡ് | 0.500 | 3 | | | | | ✓ | | | ✓ | | | | | |
| 98. | രാമകൃഷ്ണ എൽ.പി.എസ്. ചിക്കുവയൽ റോഡ്. | 0.400 | 3.50 | | | | | ✓ | | | | | | | | |
| 99. | ചൊക്ലി പോസ്റ്റ് ആഫീസ് - കടുക്ക ബസാർ റോഡ് | 0.250 | 3.60 | | | | | ✓ | | | ✓ | | | | ✓ | |
| 100. | ചെറുവയൽ മുക്ക് - ആശാരിൻറവിട റോഡ് | 0.400 | 3.50 | | | | | ✓ | | | ✓ | | | | | |
| 101. | ഉല്ലത്തുപ്പീടിക ശ്രീനാരായണ മഠം റോഡ് | 0.400 | 4 | | | | | ✓ | | | ✓ | | | | | |
| 102. | കവിയൂർ പുനത്തിൽ പറമ്പ് - കുനിയിൽ പറമ്പ് റോഡ് | 0.100 | 4 | | | | | ✓ | | | | | | | | |
| 103. | കുന്നോത്ത് മുക്ക് - വയലിൽ പള്ളി റോഡ് | 0.100 | 4 | | | | | ✓ | | | | | | | | |
| 104. | ഉല്ലത്തുപ്പീടിക - ചിരുവയൽ റോഡ് | 0.300 | 4 | | | | | ✓ | | | | | | | | |
| 105. | മതിയമ്പത്ത് പള്ളി - ആലയുള്ളമുക്ക് റോഡ് | 0.650 | 3.60 | | | ✓ | | | | | | | | | | |
| 106. | പറമ്പത്ത് മുക്ക് സോപ്പ് ഫാക്ടറി റോഡ് | 0.575 | 4 | | | | | ✓ | | | ✓ | | | | | |
| 107. | മേനപ്രം ക്ഷേത്രം - ചിറ റോഡ് | 0.350 | 3 | | | | | ✓ | | | | | | | | |
| 108. | ഉണ്ണ്യം പൊറ്റേമ്മൽ റോഡ് | 0.350 | 3 | | | | | ✓ | | | | | | | | |
| 109. | രയരോത്ത് തൃപ്രതാഴെ കുനിയിൽ റോഡ് | 0.350 | 3 | | | | | ✓ | | | | | | | | |
| 110. | എടത്തിൽ മുക്ക് മിന്നങ്കോടൻ താഴെ റോഡ് | 0.300 | 3 | | | | | ✓ | | | | | | | | |
| 111. | ഒളവിലം തയ്യുള്ളതിൽ മുക്ക് താഴെ റോഡ് | 0.400 | 3 | | | | | ✓ | | | | | | | | |
| 112. | ചാലിൽ താഴെ ചാത്തോത്ത് മുക്ക് റോഡ് | 0.4350 | 3 | | | | | ✓ | | | ✓ | | | | | |
| 113. | തുളുവർ റോഡ് | 0.350 | 3 | | | | | ✓ | | | | | | | | |
| 114. | തെയോത്ത് കണ്ണിപ്പൊയിൽ റോഡ് | 0.500 | 3.50 | | | | | ✓ | | | | | | | | |
| 115. | ചേരൻറവിട വണ്ണാൻറവിട റോഡ് | 0.275 | 4 | | | | | ✓ | | | | | | | | |
| 116. | കുനിയിൽ മുക്ക് - അച്ചമ്പലത്ത് റോഡ് | 0.430 | 3 | | | | | ✓ | | | | | | | | |
| 117. | തൈക്കണ്ടിമുക്ക് - എരഞ്ഞിപ്രത്ത് റോഡ് | 0.500 | 3 | | | | | ✓ | | | | | | | | |
| 118. | സി.പി. റോഡ് - അച്ചമ്പത്ത് റോഡ് | 0.230 | 3 | | | | | ✓ | | | | | | | | |
| 119. | മേക്കുന്ന് ബൈപാസ് റോഡ് | 0.750 | 6 | | ✓ | ✓ | | | | | | | | | | |
| 120. | ചൊക്ലി ടാക്സിസ്റ്റാൻഡ് റോഡ് | 0.175 | 6 | ✓ | | | | | | | | | | | | |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 121. | കരിയാറത്ത് താഴെമുക്ക് ചെറിയത്ത് താഴെ പീടിക | 0.300 | 4 | | | | | ✓ | | | | | | | | | |
| 122. | ഒളവിലം നെല്ലിയുള്ള പറമ്പത്ത് - നാമത്ത് മുക്ക് റോഡ് | 0.300 | 3 | | | | | ✓ | | | | | | | | | |
| 123. | തൈക്കണ്ടിമുക്ക് താനോത്ത് റോഡ് | 0.100 | 4 | | | | | ✓ | | | | | | | | | |
| 124. | കവിയൂർ ഒളവിലം റോഡ് | 0.500 | 4 | | ✓ | | ✓ | ✓ | | | | | | | | | |
| 125. | മാളിയൻറവിടെ പുമാൻറ കീഴിൽ റോഡ് | 0.400 | 3.50 | | | | | ✓ | | | ✓ | | | | | | |
| 126. | കവിയൂർ കാട്ടിൽപുരയിൽ റോഡ് | 0.600 | 3 | | | | | ✓ | | | | | | | | | |
| 127. | നിടുമ്പ്രത്ത് കണ്ടിമുക്ക് - പൂവ്വാക്കണ്ടി റോഡ് | 0.350 | 3 | | | | | ✓ | | | | | | | | | |
| 128. | കല്ലുകൊത്തിയ പറമ്പ് - കൊടിയരൂൽ റോഡ് | 0.900 | 3.50 | | | | | ✓ | | | | | | | | | |
| 129. | മാരങ്കണ്ടി മദ്രസ്സ മുതൽ ചോയിയിൽ താഴെ കനാൽ റോഡ് | 1.000 | 4 | | | | | ✓ | | | | | | | | | |
| 130. | ഇടയത്ത് താഴെ മുതൽ കോറോത്ത് താഴെ റോഡ് | 0.700 | 3.50 | | | | | ✓ | | | | | | | | | |
| 131. | കാഞ്ഞിരത്തിൻ കീഴിൽ KSEB മൂടാൻ കനാൽ റോഡ് | 0.300 | 1.50 | | | | | ✓ | | | | | | | | | |
| 132. | മുതുവനമുക്ക് കൂട്ടാങ്കണ്ടി താഴെ റോഡ് | 0.220 | 3 | | | | | ✓ | | | ✓ | | | | ✓ | | |
| 133. | നോർത്ത് ഒളവിലം കോറോത്ത് താഴെ റോഡ് | 0.800 | 4 | | | | | ✓ | | | | | | | | | |
| 134 | മൈലാട്ട് മുക്ക് കണ്ടിയിൽ താഴെ റോഡ് | 0.500 | 3.50 | | | | | ✓ | | | | | | | | | |
| 135 | വണ്ണാൻറവിടെ കക്കാടൻറവിട മുക്ക് | 0.230 | 3 | | | | | ✓ | | | | | | | | | |
| 136 | കുറുങ്ങോട്ട് പറമ്പ് മുതൽ നോർത്ത് മേനപ്രം LPS Road | 0.510 | 3 | | | | | ✓ | | | | | | | | | |
| 137. | മുണ്ടയോട്ട് കാവ് റോഡ് | 0.101 | 4 | | | | | ✓ | | | | | | | | | |
| 138. | തറാൽ താഴെ PHC Road | 0.400 | 2 | | ✓ | | ✓ | ✓ | | | | | | | | | |
| 139. | യുവശക്തി റോഡ് | 0.180 | 4.20 | | | | | ✓ | | | | | | | | | |
| 140. | ഇടയിൽ പീടിക വണ്ണാത്തി തോട് റോഡ് | 0.195 | 5 | | | | | ✓ | | | | | | | | | |
| 141. | കണിയേരിക്കൽ കുന്നോത്ത് താഴെ റോഡ് | 0.180 | 3.50 | | | | | ✓ | | | | | | | | | |
| 142. | ഇല്ലത്ത് പീടിക കരീക്കുന്ന് റോഡ് | 0.245 | 3.50 | | | | | ✓ | | | | | | | | | |
| 143. | മഠം പെട്രോൾ പമ്പ് റോഡ് | 0.155 | 3 | | | | | ✓ | | | | | | | | | |
| 144. | നാരായണൻ പറമ്പ് - മോന്താൽ | – | – | | ✓ | | ✓ | ✓ | | | ✓ | | ✓ | | | | ✓ |

## ഭൂപ്രകൃതി

തെക്ക് കിഴക്ക് മോന്താൽ മുതൽ വടക്ക് പടിഞ്ഞാറ് നിടുമ്പ്രം വരെയും. പടിഞ്ഞാറ് കവിയൂർ മുതൽ വടക്ക് കിഴക്ക് പൂക്കോം തുണ്ടായിപ്പീടിക വരെ 11.98 Sqr KM വിസ്തീർണ്ണമുള്ളതാണ് ചൊക്ലി പഞ്ചായത്ത്. ഈ പ്രദേശം പൊതുവെ ഒരു സമതലമാണെന്ന് പറയാം നാലു ചെറിയ കുന്നുകൾ ചെറിയ ചെരുവിൻ പ്രദേശം വയൽ പ്രദേശം ചതുപ്പ് നിലം എന്നിങ്ങനെയാണ് ഭൂമിയുടെ കിടപ്പ്. കൊളായി ഭാഗം മോന്താൽ പള്ളിക്കുനി എന്നിവിടങ്ങളിലെ ഉയർന്ന പ്രദേശം ഒഴിച്ചു നിർത്തിയാൽ ബാക്കി ഭാഗം സമനിലമാണ്. ഒളവിലം പുഴയോരത്ത് ചതുപ്പ് നിലങ്ങളുമുണ്ട്.

1- പുഴയോട് ചേർന്ന ചതുപ്പ് നിലം
2- ഏക്കൽ മണ്ണുള്ള വയൽ പ്രദേശം
3- വയലിനോട് ചേർന്നിരിക്കുന്ന താഴ്വരകൾ
4- ഇടത്തരം ചെരിവുകളും പാറപ്രദേശങ്ങളും
5- മേൽത്തട്ടിലെ ചെങ്കൽ പ്രദേശം

കുന്നുകളുടെ പട്ടിക താഴെ കെടുക്കുന്നു.

| ക്രമ: | കുന്നിന്റെ പേര് | വാർഡ് | പ്രദേശം |
|---|---|---|---|
| 1 | തുളുവർക്കുന്ന് | 5 | ഒളവിലം വടക്ക് |
| 2 | കൊളായി | 6 | കനകമലയുടെ താഴ്വര |
| 3 | കോട്ടക്കുന്ന് | 3 | RKHSന് സമീപം |
| 4 | കാട്ടിക്കുന്ന് | 3 | മാന്താൽ-ഒളവിലം |

ഉയർന്ന ഭാഗങ്ങളിൽ കശുവണ്ടിയും ചതുപ്പുകളിൽ തെങ്ങും സമതലങ്ങളിൽ വാഴ, മരച്ചീനി, വയലുകളിൽ നെൽകൃഷിയും ചെയ്തു വരുന്നു. വയലുകളിൽ നെൽകൃഷി നാമ മാത്രമായി ത്തിർന്നിരിക്കുന്നു. കുന്നുകൾ ഇടിച്ച് മണ്ണ് നീക്കം ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്. ഇത് വലിയ പരസ്ഥിതി പ്രശ്നങ്ങളുണ്ടാക്കാൻ ഇടയുണ്ട്. മറ്റൊരു വസ്തുത കൃഷിയിടത്തിൽ ഉണ്ടായ കുറവാണ്. കൃഷി ഭൂമി പാർപ്പിടങ്ങളായും റോഡുകളായും മാറിക്കൊണ്ടിരിക്കുന്നു. ഇതിൽ നിയന്ത്രണവും ബോധവത്ക്കരണവും ഉണ്ടകേണ്ടതാണ്.

പട്ടിക രണ്ടിൽ ഭൂ ഉപയോഗം കൊടുത്തിരിക്കുന്നു.

| | ദേശം | പുരയിടം | നിലം | പുറമ്പോക്ക് |
|---|---|---|---|---|
| 1 | മേനപ്രം | 900.261/2 | 276.02 | 34.541/2 |
| 2 | ഒളവിലം | 618.03 | 274.60 | 55.06 |
| 3 | നിടുമ്പ്രം | 391.701/2 | 103.431/2 | 5.45 |
| 4 | കവിയൂർ | 226.71 | 23.18 | 3.72 |
| | ആകെ. | 2136.71 | 677.231/2 | 98.771/2 |

കണക്കുകൾ ഏക്കറിലാണ് കൊടുത്തിരിക്കുന്നത്. നിലം (വയൽ) കണക്കുകളിൽ കാണുന്നതിനേക്കാൾ കുറവേ ഇന്നുള്ളു. തരിശായിക്കിടക്കുന്ന സ്ഥലങ്ങൾ നിലത്തിന്റെ കൂടെയാണ് കണക്കിൽ ഉണ്ടാവുക.

### ജനപ്രക്രതി

1991 ലെ സെൻസസ് പ്രകാരം ചൊക്ലി പഞ്ചായത്തിലെ ജനസംഖ്യ 25849 ആയിരുന്നു. ഇതിൽ 11866 പുരുഷൻമാരും 13983 സ്ത്രികളുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് 2217 സ്ത്രികൾ കൂടുതലാണ്. മൊത്തം വീടുകൾ 4002 അതായത് ശരാശരി വീടൊന്നിന് 6.45 ആളുകൾ അധിവസിക്കുന്നുണ്ട്. 6 വയസ് വരെയുള്ള 3544 കുട്ടികളിൽ 1781 ആൺകുട്ടികളും 1763 പെൺകുട്ടികളും ഉണ്ട്. പട്ടിക ജാതിയിൽ പ്പെട്ട 549 പേരിൽ 273 പുരുഷൻമാരും 276 സ്ത്രികളുമാണ്. മൊത്തം ജനസംഖ്യയിൽ 21139 പേർ സാക്ഷരരാണ്. ഇതിൽ 9856 പുരുഷൻമാരും 11283 പേർ സ്ത്രികളാണ്. 3 ഹൈസ്കൂളുകളും 4 U.P സ്കൂളുകളും 18 L.P സ്കൂളുകളും ഉള്ള ചൊക്ലി പഞ്ചായത്ത് വിദ്യാഭ്യാസ രംഗത്ത് വളരെ മുന്നിട്ടു നിൽക്കുന്നുവെങ്കിലും അഭ്യാസ്തവിദ്യരായ ധാരാളം പേർ തൊഴിൽ രഹിതരായിട്ടുണ്ട്. നേരത്തെ കാർഷിക രംഗത്ത് തൊഴിൽ എടുത്തിരുന്ന ധാരാളം പേർ നിർമ്മാണം തുടങ്ങിയ പുതിയ മേഖലകളിലേക്ക് മാറി പോയിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി,ചകിരി,ബീഡി,തുടങ്ങിയവ ഇന്ന് പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുകയാണ്.

മാനവിക വികസന സൂചികയുടെ കാര്യത്തിൽ സുപ്രധാന പുരോഗതി ഉണ്ടായിട്ടുണ്ടങ്കിലും നമ്മുടെ പഞ്ചായത്തും കേരളം മൊത്തത്തിലും കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടുകയാണ്. ജനജിവിതം മെച്ചപ്പെടുത്തുന്നതിനും ജനക്ഷേമകരമായ പ്രശ്നങ്ങളിലും നാം വളരെയേറെ സമയവും ശ്രദ്ധയും വിനിയോഗിക്കുമ്പോൾ തന്നെ സാമ്പത്തിക വളർച്ചയുടെയും ഭൗതിക ഉത്പാദനത്തിന്റെയും കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ വന്നിട്ടില്ല. നമ്മുടെ ഏറ്റവും വലിയ ആസ്ഥി ബഹുജന സംഘടനകളും ജനങ്ങളുടെ രാഷ്ട്രീയ ബോധവുമാണ്. നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം ആളുകൾ ഏതെങ്കിലും സംഘടിത പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരും വിശ്വസിക്കുന്നവരുമാണ്. കൂടാതെ സംസ്കാരിക സംഘടനകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ മറ്റു സനദ്ധ സംഘടനകൾ തുടങ്ങിയവയും നമ്മുടെ പഞ്ചായത്തുകളിലുണ്ട്.

പരമ്പരാഗത സംഘടനാ ശൈലിയിൽ നിന്ന് വ്യത്യസ്ഥമായി ഒരു പ്രദേശത്തിന്റെ വികസനത്തിൽ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ ഈ

സംഘടനാ ശക്തിയും രാഷ്ട്രീയ ബോധവും ഉപയോഗപ്പെടുത്തിയാൽ മാത്രമെ അല്പമെങ്കിലും മുന്നോട്ട് പോകു വാൻ നമ്മുടെ പ്രദേശത്തിന് സാധിക്കുകയുള്ളു. ഈ തീരുമാനം സംഘടിത ശക്തികളിൽ നിന്ന് ജനങ്ങൾ പ്രതീക്ഷി ക്കുകയാണ്.

**ജലപ്രകൃതി**

ജലക്ഷാമം വലിയ തോതിൽ അനുഭവപ്പെടാത്ത ഒരു പ്രദേശമാണ് നമ്മുടേത്. പഞ്ചായത്തിന്റെ തെക്ക് കി ഴക്കുള്ള മാഹിപുഴ; കനകമലയിൽ നിന്നും ഒഴുകിയെത്തുന്ന ശുദ്ധജലം കടന്നുപോകുന്ന പാലായിത്തോട്, നിടുമ്പ്രം ഇല്ലിക്കൽ വയലിലൂടെ കടന്നുപോകുന്ന തോഡ് വലിയ വിസ്തൃതിയിലുള്ള അമ്പലക്കുളങ്ങൾ, പള്ളിക്കുളങ്ങൾ എന്നിവ നമ്മുടെ ജലസ്രോതസ്സുകളും സംഭരണികളും ആണ്. കുളങ്ങളിൽ എടുത്ത് പറയേണ്ടത് മേനപ്രം അമ്പല ത്തിലെ ചിറ, മുണ്ടയാട് കാവ് തൃക്കണ്ണാപുരം ചിറ, കൊട്ടാരത്ത് ചിറ, കണ്ണോത്ത് പള്ളി, വയലിൽ പള്ളി, മതിയമ്പത്ത് പള്ളി, തുടങ്ങിയ പള്ളിക്കുളങ്ങൾ, ചെറിയ ചെറിയ സ്വകാര്യകുളങ്ങൾ എന്നിവയുമുണ്ട്. എന്നാൽ ചെറുകിട ജലസം ഭരണികളായ ധാരാളം കുളങ്ങൾ നികത്തപ്പെടുകയുണ്ടായി.ഇന്ന് മഴക്കാലങ്ങളിൽ നീർക്കെട്ടിനും വേനൽക്കാലങ്ങ ളിൽ വരൾച്ചയ്ക്കും കാരണമാകുന്ന സൂചനകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ടുണ്ട്. മഴവെള്ളം പകുതിയിലധികം കു ത്തിയൊലിച്ച് കടലിൽ എത്തിച്ചേർന്ന് മനുഷ്യന് ഉപയുക്തമല്ലാതായിത്തീരുന്നു. മഴവെള്ളം കുത്തിയൊലിച്ച്പോകു ന്നത് വളരെ പെട്ടെന്നായത്കൊണ്ട് മണ്ണിലേക്ക് വെള്ളം കനിഞ്ഞിറങ്ങുന്നതിനു വേണ്ട സമയം ലഭിക്കുന്നില്ല. അതു കൊണ്ട് തന്നെ ഭൂഗർഭ ജല സ്രോതസ്സുകൾ വീണ്ടും നിറയാൻ ഇടവരുന്നില്ല. നമ്മുടെ ജലവിഭവങ്ങളെ സമർത്ഥമായി ഉപയോഗിക്കേണ്ടതുണ്ട്. ചിറകെട്ടിയും തുറന്നപ്രദേശങ്ങളിൽ ആഴംകുറഞ്ഞതും വീതികുറഞ്ഞതുമായ തോടുകൾ കീറിയും പലവലിപ്പത്തിലുള്ള കുണ്ടുകളിലും കുളങ്ങളിലും വെള്ളം സംഭരിച്ചും തടയണകൾ കെട്ടിയും മറ്റും മഴ വെള്ളം ശേഖരിച്ച് സൂക്ഷിക്കേണ്ടത് ആവശ്യമായിവന്നിരിക്കുന്നു. പഞ്ചായത്തിലെ കുളങ്ങളുടെയും തോടുകളു ടെയും പട്ടിക താഴെ കൊടുക്കുന്നു.

| No | കുളങ്ങൾ / ചിറകൾ | വാർഡ് | തോടുകൾ | വാർഡ |
|---|---|---|---|---|
| 1. | മേനപ്രം അമ്പല ചിറ | 8 | പാലായിത്തോട് | |
| 2. | തൃക്കണ്ണാപുര ചിറ | 4 | | |
| 3. | മുണ്ടയോട്കാവ് ചിറ | 4 | ചിങ്ങവയൽ അട്ടമ്പായി<br>താഴവണ്ണാത്തിതോട് | |
| 4. | കൊട്ടാരത്ത് അമ്പല ചിറ | 9 | നടുത്തോട് | |
| 5. | മതിയമ്പത്ത് പള്ളിക്കുളം | 6 | | |
| 6. | കണ്ണോത്ത് പള്ളിക്കുളം | 1 | | |
| 7. | വയലിൽ പള്ളിക്കുളം | 1 | | |
| 8. | പാറക്കുളം (ബാങ്ക്റോഡ്) | 1 | | |
| 9. | മേക്കുന്ന് കരിങ്കൽക്വാറി കുളം | 5 | | |
| 10. | കവിയൂർ കണ്ടോത്ത് കുളം | 2 | | |
| 11. | നാലുകണ്ടിപ്പള്ളിക്കുളം | 2 | | |
| 12. | ഇല്ലത്ത് കുളം | 1 | | |
| 13. | തൃപ്പാക്കുളം | 1 | | |
| 14. | കുന്നത്ത് പൊയിൽകുളം | 11 | | |
| 15. | എളന്തോടത്ത് കുളം | 11 | | |
| 16. | മൊയാരത്ത് | 11 | | |
| 17. | മാടാടത്തിൽ കുളം | 11 | | |
| 18. | വെള്ളാച്ചേരിപള്ളിക്കുളം | 11 | | |
| 19. | ഇല്ലിക്കൽ കുളം | 10 | | |

## ഊർജ്ജം

ഒരു പ്രദേശത്തിന്റെ വികസന പ്രക്രിയയിൽ ഊർജ്ജം പ്രധാന ഘടകമാണ്. പൊതുവെ ഒരു റസിഡൻസ്യൽ ഏരിയയായി മാറിയിട്ടുള്ള ചൊക്ലി പഞ്ചായത്തിൽ വൻ വ്യവസായ സ്ഥാപനങ്ങളോ വളരെ വിസ്തൃതമായ കൃഷിയിടങ്ങളോ ഇല്ല. അതുകൊണ്ട് തന്നെ മൊത്തം വൈദ്യുതോർജ്ജത്തിന്റെ ഉപയോഗത്തിൽ ഏകദേശം 3% കാർഷിക ആവശ്യത്തിനും 1% വ്യവസായിക ആവശ്യത്തിനും ഉപയോഗിക്കുന്നു. 10% ത്തോളം ഊർജ്ജം വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന ഊർജ്ജം ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റ് ഗാർഹിക ആവശ്യത്തിനുള്ള പ്രവർത്തനത്തിനും ഉപയോഗിക്കുന്നു. നേരത്തെ വ്യപകമായി വോൾട്ടേജ് ക്ഷാമം അനുഭവപ്പെട്ടെങ്കിലും ഇന്ന് ചില പ്രദേശങ്ങളൊഴിച്ചാൽ പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെട്ടിരികിക്കുന്നു. 11.98 Sqr-.km വിസ്തീർണ്ണമുള്ള ചൊക്ലി പഞ്ചായത്തിൽ 4002 ഓളം വീടുകൾ ഉണ്ട്. ഇതിൽ മിക്ക വീടുകളിലും വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ട്. ചൊക്ലി പഞ്ചായത്തിൽ ഒരു വൈദ്യുതി ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. പെരിങ്ങളം, കരിയാട്, ചൊക്ലി, ന്യുമാഹി, എന്നീ പഞ്ചായത്തുകളുടെ പരിധികൂടി ചൊക്ലിയിലെ ഓഫീസിന്റെ കീഴിലാണ്. പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല എന്ന് ഗ്രാമ സഭാ റിപ്പോർട്ടുകളിൽ ക്കൂടി മനസ്സിലാക്കാൻ കഴിഞ്ഞു. 110 KV പാനൂർ സബ് സ്റ്റേഷന്റെ നിർദ്ദിഷ്ട ഡബിൾ ഫീഡർ ലൈനിന്റെ പണി ഊർജ്ജിതപ്പെടുത്തിയാൽ ഇന്നുള്ള വോൾട്ടേജ് ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും . താപോർജ്ജം ഉപയോഗിച്ചു കൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിച്ചാൽ ഈ രംഗത്ത് കുറെയൊക്കെ വൈദ്യുതി ലാഭിക്കാൻ കഴിയും. അമിതമായ ഗാർഹിക വൈദ്യുത ഉപയോഗം ബോധവത്ക്കരണം വഴിയും സന്നദ്ധ പ്രവർത്തനം വഴിയും കുറച്ചുകൊണ്ടുവന്നാൽ ഒരു പരിധി വരെ ഈ രംഗത്ത് ആശ്വസം നല്കുന്നതാണ്

നിലവിലുള്ള വൈദ്യുത ഉപഭോഗക്താകളുടെയും തെരുവ് വിളക്കു കളുടെയും എണ്ണം താഴെ പട്ടികയിൽ പെടുത്തുയിരിക്കുന്നു.

പട്ടിക1

| No | ഉപഭോക്താക്കൾ | എണ്ണം | No | സട്രീറ്റലൈറ്റ | എണ്ണം |
|---|---|---|---|---|---|
| 1 | ഗാർഹികം | 2522 | 1 | ബൾബ് | 725 |
| 2 | വ്യാപാരം | 455 | 2 | ട്യൂബ് | 56 |
| 3 | വ്യവസായം | 25 | 3 | മെർക്കുറിവേപ്പർ | 2 |
| 4 | കാർഷികം | 75 | 4 | സോഡിയം വേപ്പർ | 81 |
| | മൊത്തം | 3077 | | മൊത്തം | 864 |

തൻ വർഷം കണക്ഷൻ ലഭിച്ച വരുടെയും കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെയും പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക2

| | തൻവർഷം ലഭിച്ച കണക്ഷൻ | എണ്ണം | | ലഭിക്കാൻ ബാക്കിയുള്ള കണക്ഷൻ | |
|---|---|---|---|---|---|
| 1 | ഓർഡിനറി | 30 | 1 | ഓർഡിനറി | 181 |
| 2 | OTP | 53 | 2 | OTP | 3 |
| 3 | OYEC | 2 | 3 | OYEC | 22 |
| | മൊത്തം | 85 | | മൊത്തം | 206 |

നമ്മുടെ പഞ്ചായത്തിന് വേണ്ടി പൂർണ്ണമായി 11 ട്രാൻസ്ഫോർമറുകളും ഭാഗികമായി പ്രവർത്തിക്കുന്ന 4 ട്രാൻസ്ഫോർമറുകളും ഉണ്ട്.

1. പാത്തിക്കൽ
2. മിന്നത്ത്
3. നിടുമ്പ്രം
4. സി.പി.റോഡ്
5. മാരാങ്കണ്ടി
6. വെള്ളാച്ചേരിപള്ളി
7. ചൊക്ലി
8. കാഞ്ഞിരത്തിൻ കീഴിൽ
9. കുറ്റിയിൽ പീടിക
10. കനക തീർത്ഥം
11. നാരായണൻ പറമ്പ്
12. മങ്ങാട്
13. മേക്കുന്ന്
14. പള്ളിക്കുനി
15. മത്തിപ്പറമ്പ്

## ഇന്ധനം

മണ്ണെണ്ണ, വൈദ്യുതി, ഗ്യാസ്, വിറക് എന്നിവ ഗാർഹികമായി ഉപയോഗിക്കുന്നുവെങ്കിലും വിറക് തന്നെയാണ് പ്രധാനമായും ഉപയോഗപ്പെടുത്തുന്നത് ഗ്യാസ് ലഭിക്കാനുള്ള കാല താമസം, മണ്ണെണ്ണയുടെ ക്ഷാമം തുടങ്ങിയവ ഈരംഗത്തെ പ്രശ്നങ്ങളാണ്. വിറക് ക്ഷാമം പരിഹരിക്കുന്നതിനായി ദക്ഷതകൂടിയ പരിഷത്ത് അടുപ്പുകളും അനർട്ടിന്റെ അടുപ്പുകളും പഞ്ചായത്തിൽ വ്യാപകമായി പ്രചരിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പ്രധാന വിളയായ നാളികേര ഉൽപ്പന്നങ്ങളാണ് വിറകിൽ പ്രധാനം. തെങ്ങിന്റെ ഓല, ചകിരി, മട്ടൽ തുടങ്ങിയവയാണ് മുഖ്യമായും ഇന്ധനമായി ഉപയോഗിക്കുന്നത് എന്നാൽ ഇന്ധനക്ഷാമം രൂക്ഷമായി നില നിൽക്കുന്നു.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ വൈദ്യതി എത്തിയിട്ടില്ല.
2. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാല താമസം
3. സ്രടീറ്റ് ലൈറ്റുകളുടെ കുറവ്

4. നിയന്ത്രണമില്ലാതെയും ആഡംബരമായും ഉള്ള വൈദ്യുതോപയോഗം

5. വോൾട്ടേജ് ക്ഷാമം

6. കണക്ഷൻ നല്കുന്നതിലുള്ള സുതാര്യത ഇല്ലായ്മയും ജീവനക്കാരുടെ പെരുമാറ്റവും.

7വൈദ്യുതി ഓഫീസിലെ അഴിമതി

8. ഇന്ധനത്തിന്റെ ക്ഷാമം

**സാദ്ധ്യതകൾ :**

1. ഉപഭോക്താക്കളെ തിരഞ്ഞെടുക്കൽ പഞ്ചയത്തിനെ ഏൽപ്പിക്കൽ

2. അറ്റകുറ്റപ്പണി യഥാസമയം നടത്തി പ്രസരണ നഷ്ടം ഒഴിവാക്കൽ

3. സന്നദ്ധ പ്രവർത്തനത്തിലൂടെയും വിഭവ സമാഹരണത്തിലൂടെയും സ്രടീറ്റ് ലൈറ്റ് സ്ഥാപിക്കൽ.

4. പഞ്ചായത്ത് തലത്തിൽ റജിസ്റ്റർ സൂക്ഷിക്കൽ

5 സോളാർ അടുപ്പുകളും ലൈറ്റുകളും സ്ഥാപിക്കുക.

6. ഭക്ഷത കൂടിയ പരിഷത്ത് അടുപ്പുകളുടെ പ്രചാരണം

7. ബയോഗ്യസ് പ്ലാന്റുകൾ സ്ഥാപിക്കുക

8. ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുക.

**മാർക്കറ്റ്** :

ഒരു കാലത്ത് ഒരു വ്യപാര കേന്ദ്രമായിരുന്ന ചൊക്ലി, പാലത്തായി തൃപ്പങ്ങോട്ടൂർ, പൊയിലൂർ, പാനൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ചുമടുകളായും കാൽനടയായും നേന്ത്രവാഴക്കുലകളും മറ്റും കൊണ്ടുവന്ന് വില്പന നടത്തിയിരുന്നു. ഇന്ന് ഈ തരത്തിലുള്ള വ്യാപാരം പൂർണ്ണമായും നിലച്ചിരിക്കുന്നു. വാഹനങ്ങളുടെ വരവോടുക്കൂടി ഇവിടെ നേരത്തെ നടന്നിരുന്ന കച്ചവടങ്ങൾ തലശ്ശേരിയിലേക്കും മറ്റു സ്ഥലങ്ങളിലേക്കും മാറ്റപ്പെട്ടു കഴിഞ്ഞു. സ്വന്തം ആവശ്യം കഴിഞ്ഞ് ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾ വിറ്റഴിക്കാനും നമ്മൾ ഉൽപാദിപ്പിക്കാത്തവ വാങ്ങാനുമാണല്ലോ മാർക്കറ്റുകളെ ആശ്രയിക്കുന്നത്. വെറും വാങ്ങുന്നവരായി മാറിക്കഴിഞ്ഞ നാം പ്രധാനമായും ചൊക്ലിയിലെ സ്വകാര്യ മാർക്കറ്റിനെയാണ് ആശ്രയിക്കുന്നത്. ഒരു പൊതുമാർക്കറ്റിന്റെ അഭാവം ഇവിടെയുണ്ട്. മാവേലിസ്റ്റോർ പോലുള്ള ഗവൺമെന്റ് ഉടമയിലുള്ളതോ സഹകരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ളതോ ആയ ഒരു മാർക്കറ്റിന് ഇവിടെ സാധ്യത കൂടുതലാണ്. അമിതമായ ലാഭമെടുക്കാതെയും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കികൊണ്ടുമുള്ള ഗ്രാമച്ചന്തകൾ (ആഴ്ചചന്ത) തുടങ്ങികൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ വിലക്കയറ്റത്തിൽ നിന്ന് അൽപം ആശ്വാസം നേടാൻ സാധിക്കും.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾ സാമാന്യം ഭേദപ്പെട്ട ജീവിത നിലവാരം പുലർത്തുന്നവരാണ്. സാമ്പത്തികമായി ഇടത്തരം വിഭാഗം കൂടുതലുള്ള മേഖലയാണിത്.

## പാർപ്പിടം

പഞ്ചായത്തിലെ പാർപ്പിടങ്ങളുടെ നില പരിശോധിക്കുമ്പോൾ ആകെയുള്ള വീടുകളിൽ വിടുകൾ ഭേദപ്പെട്ടതും ഇടത്തരവും ബാക്കി വിടുകൾ ഓലമേഞ്ഞതുമാകുന്നു. എണ്ണം കുടിലുകളും ഈ പഞ്ചായത്തിലുണ്ട്. ഭൂരിഭാഗം വീടുകളും ഓല മേഞ്ഞവയാണ്. നിലവിലുള്ള വീടുകളിൽ 40% കോൺക്രീറ്റ് മേൽക്കൂരയുള്ളവയാണ്. പണിതുകൊണ്ടിരിക്കുന്ന വീടുകളിൽ 90% വും കോൺക്രീറ്റ് നിർമ്മിതമാണ്. 10% പേർ കോൺക്രീറ്റിനോട് ആഭിമുഖ്യമുണ്ടെങ്കിലും സാമ്പത്തിക പരാധീനത കാരണം കോൺക്രീറ്റ് ചെയ്യാൻതക്ക രീതിയിൽ വീട് പണിയുകയും താൽക്കാലികമായി ഓട് പാവുകയും ചെയ്യുന്നു.കോൺക്രീറ്റിനോടുള്ള അമിതമായ ആഭിമുഖ്യത്തിന്റെ ഫലമായി നിലവിലുള്ള ഉപയോഗ യോഗ്യമായ ഓട് മേഞ്ഞ വീടുകൾ പൊളിച്ചുമാറ്റി കോൺക്രീറ്റ് ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നു.

ഏകദേശം 400 ഓളം വീടുകൾ ഈ പഞ്ചായത്തിൽ ഇനിയും ആവശ്യമുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. പുതിയ വീടുകൾ ഭൂരിഭാഗവും കൃഷിസ്ഥലം നികത്തിയാണ് നിർമ്മിക്കപ്പെടുന്നത്. കാർഷിക മേഖലയെ ഇത് തകർക്കുന്നതിനിടയാക്കിയിട്ടുണ്ട്. ഭൂമിയുടെ അമിതമായ വിലയും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും പാർപ്പിട നിർമ്മാണത്തെ രൂക്ഷമായി ബാധിക്കുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ എല്ലാ സാധനങ്ങളും പഞ്ചായത്തിനു പുറത്ത് നിന്നാണ് കൊണ്ടുവരുന്നത്. പരമ്പരാഗത സാങ്കേതിക രീതിതന്നെയാണ് കെട്ടിട നിർമ്മാണരംഗത്ത് തുടർന്നു കൊണ്ടിരിക്കുന്നത്. ആർഭാടം കുറഞ്ഞതും ചെലവുകുറഞ്ഞതുമായ വിടുകൾ നിർമ്മിക്കുന്നതിനുള്ള അവബോധം ജനങ്ങളിലില്ല.

ഭവന നിർമ്മാണ രംഗത്ത് സഹകരണ സംഘങ്ങളൊന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. വായ്പ സൗകര്യത്തിന്റെ അഭാവം പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിൽ തടസ്സമാവുന്നുണ്ട്. നിർമ്മാണ തൊഴിലാളികൾക്ക് കൂലി കൂടുതലുള്ള പ്രദേശമാണ് ഇത്. പുരുഷന്മാർക്ക് 110 – 125 രൂപക്കിടയിലും സ്ത്രീകൾക്ക് 70 രൂപയുമാണ് നിലവിലുള്ള കൂലി.

പഞ്ചായത്തിൽ രണ്ട്; ലക്ഷം വീട് കോളനികൾ ഉണ്ട്. ഈ കോളനികളിൽ അടിസ്ഥാന സൗകര്യത്തിന്റെ അഭാവം മുഖ്യപ്രശ്നമായി അവശേഷിക്കുന്നു. ഉണിച്ചിരാണ്ടി ലക്ഷം വീട് കോളനിയിൽ 42 കുടുംബങ്ങൾ താമസിക്കുന്നു. ഇവിടെ ഒരു കിണർ മാത്രമാണ് ഉള്ളത്. ഈ കിണറിൽ വേനൽക്കാലത്ത് ജലം ലഭ്യമല്ല. ഇവിടെ 36 വീടുകൾക്ക് കക്കൂസ് സൗകര്യമില്ല 42 കുടുംബങ്ങളാണ് കുന്നുമ്മക്കണ്ടി ലക്ഷം വീട് കോളനിയിൽ താമസിക്കുന്നത്. ഇവയിൽ 16 വീടുകൾക്ക് കക്കൂസ് സൗകര്യമില്ല. ഈ കോളനിയിൽ രണ്ട് കിണറുണ്ട്. ഈ കിണറുകളിൽനിന്ന് ശുദ്ധജലം ഒരുപരിധി വരെ ലഭിക്കുന്നുണ്ട്.

വികസന ബ്ലോക്ക് മുഖേന NREP, RLEGP, IAY, MWS എന്നീ പദ്ധതികൾ മുഖേന 25 വീടുകൾ മാത്രമേ ഈ പഞ്ചായത്തിൽ ഇതുവരെ അനുവദിച്ചിട്ടുള്ളൂ. ഭവന നിർമ്മാണ ബോർഡ് വഴി ദുർബല, ഇടത്തരക്കാർക്ക് വേണ്ടി നടപ്പാക്കുന്ന ഭവന വായ്പയും, റവന്യു വകുപ്പ് വഴി നടപ്പിലാക്കിയ പുനരധിവാസ ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യവും വളരെ കുറച്ച് പേർക്ക് മാത്രമെ ലഭിച്ചിട്ടുള്ളു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

## സാധ്യതകൾ

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഒരു ഭവന നിർമ്മാണ സൊസൈറ്റി സ്ഥാപിക്കുകയും

അതു കൂടാതെ സാങ്കേതിക സഹായവും ന്യായ വിലക്ക് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുകയും വേണം.

നൂതനവും ചെലവുകുറഞ്ഞതുമായ സാങ്കേതിക വിദ്യ പരിശീലിപ്പിക്കുകയും തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്യുക. ആർഭാട പൂർണ്ണമായ വലിയ വലിയ വീടുകൾ നിർമ്മിക്കുന്ന രീതിയിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുവാനാവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.

ഭവന നിർമ്മാണത്തിന് ഗവൺമെന്റ് നൽകി വരുന്ന സഹായധനം വർദ്ധിപ്പിക്കുകയും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുകയും, ആയതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

ഓല മേഞ്ഞവീടുകൾ ഓടു മേയുന്നതിന് സഹായ ധനം നൽകുകയും, കക്കൂസുകൾ നിർമ്മിക്കുന്നതിന് സഹായ ധനം നൽകുകയും വേണം.

വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് പ്രസ്തുത ക്ഷേമനിധിയിൽ നിന്നും വീട് നിർമ്മിക്കാൻ വായ്പ ലഭ്യമാക്കുകയും വേണം.

## സാമൂഹ്യക്ഷേമം

പ്രധാനമായും സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള സംയോജിത ഗ്രാമ വികസന പരിപാടിയാണുള്ളത്. 92ലെ IRDP സർവ്വെ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള 1302 കുടുംബങ്ങൾ ഉണ്ട്. ഈ ലിസ്റ്റിൽ നിന്ന് 55 കുടുംബങ്ങൾക്ക് മാത്രമാണ് ഈ പദ്ധതിയിൽ നിന്ന് സഹായം ലഭിച്ചിട്ടുള്ളത്. വർഷം തോറും നാമമാത്രമായ കുടുംബങ്ങൾക്ക് മാത്രമേ ഈ പദ്ധതിയിൽ സഹായം ലഭ്യമാകുന്നുള്ളൂ. 94-95ൽ പഞ്ചായത്തിലെ 23 കുടുംബങ്ങൾക്ക് സബ്സിഡിയായി 92,550രൂപയും വായ്പയായി 2,79,120രൂപയും, 95-96 വർഷത്തിൽ 17 കുടുംബങ്ങൾക്ക് സബ്സിഡിയായി 68,150രൂപയും വായ്പയായി 2,95,970രൂപയും നൽകിയതായി കണക്കുകൾ വ്യക്തമാക്കുന്നു.

അർഹതപ്പെട്ടവർക്ക് സഹായം ലഭിക്കാത്ത അവസ്ഥ, ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അജ്ഞത, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ കുറവ്, ആവശ്യത്തിനും, സമയത്തിനും കിട്ടായ്ക, വായ്പനൽകുന്നതിനുള്ള ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത എന്നിവ ഈ പദ്ധതിയുടെ പോരായ്മയായി പ്രകടമാവുന്നു. കടം വാങ്ങുന്നതിനുള്ള താൽപര്യകുറവും ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അർഹരായ പല കുടുംബങ്ങളും നിലവിലുള്ള IRDP ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അനർഹരായ പലരും ഉൾപ്പെട്ടിട്ടുണ്ട്.

വർഷം തോറും സർവേ ലിസ്റ്റ് പുതുക്കുകയും ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാണ്. IRDP ലോണുകൾ കൊടുക്കുന്നതിൽ ബാങ്കുകൾകാണിക്കുന്ന വിമുഖത പരിഹരിക്കാൻ സർക്കാർ തലത്തിൽ ഇടപെടൽ ആവശ്യമാണ്. വായ്പകൾ ദുരുപയോഗം ചെയ്യാതിരിക്കാനും, വായ്പാ തുക ഗുണഭോക്താക്കളെ കൊണ്ട് കൃത്യമായി തിരിച്ചടപ്പിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ അവലോകന സമിതികൾ ആവശ്യമാണ്. ഈ പദ്ധതിയിൽ കൂടുതൽ പേർക്ക് സഹായം ലഭ്യമാകുന്ന വിധത്തിൽ വിപുലീകരിക്കേണ്ടതാണ്.

## DWCRA

വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായധനവും നൽകിവരുന്ന ഈ പദ്ധതിയിൽ മൂന്ന് യൂണിറ്റുകളാണ് പഞ്ചായത്തിലുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന നിത്യ ഗാർമന്റ്സിന്റെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമാണ്. 2,5 വാർഡുകളിലായി പ്രവർത്തിക്കുന്ന 2 കരിങ്കൽ ചില്ലി യൂണിറ്റുകളിൽ ഒന്നാം വാർഡിലുള്ളതിന്റെ പ്രവർത്തനം തൃപ്തികരമല്ല. കൂടുതൽ DWCRA യൂണിറ്റുകൾ രൂപീകരിച്ച് വനിതകൾക്ക് തൊഴിലവസരം

ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

വനിതകൾക്ക് തൊഴിലവസരം ഉണ്ടാക്കാനുള്ള ഒരു പ്രധാന പരിപാടിയാണ് ഈ പദ്ധതി. ഈ പഞ്ചായത്തിലെ ഗ്രൂപ്പുകൾ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

DWCRA പദ്ധതികളെ കുറിച്ച് വനിതകൾക്ക് ബോധവൽക്കരണം നൽകണം.

## ട്രൈസം

18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടിയുള്ള ഈ പദ്ധതിയിൽ 1883-84 മുതൽ 95-96 വരെ ഈ പഞ്ചായത്തിലെ 29 പേർക്ക് പരിശീലനം ലഭ്യമായിട്ടുണ്ട്. ഇവരിൽ 6 പേർ മാത്രമേ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളൂ. മറ്റുള്ളവർ ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുകയാണ്. അനുയോജ്യമായ മേഖലകളിൽ ട്രൈസം പരിശീലനം ലഭിക്കുന്നില്ല. പരിശീലനം ലഭിച്ചവർക്ക് തന്നെ വായ്പകൾ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സാധിക്കാതെ വരുന്നു. ഇക്കാര്യത്തിൽ ഗുണഭോക്താക്കൾക്ക് വേണ്ട സഹായം ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ പ്രവർത്തനം ഉറപ്പ് വരുത്തണം. ഇപ്പോൾ നൽകുന്ന ട്രേഡുകൾ വർദ്ധിപ്പിക്കുകയും കൂടുതൽ പേർക്ക് പരിശീലനം നൽകുകയും വേണം.

## റൂറൽ ആർട്ടിസാൻ പ്രോഗ്രാം

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന ഈ പദ്ധതിയിൽ 93-94, 94-95, 95-96 വർഷങ്ങളിലായി 36000 രൂപ ചെലവിൽ 18 പേർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിയെ കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ വേണ്ടത്ര അറിവില്ലാത്തവരാണ്. പദ്ധതിയെ കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും കൂടുതൽ പേർക്ക് നവീന ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതുവഴി ഗ്രാമീണ കൈത്തൊഴിലുകാരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും വേണം.

## CRSP

ദാരിദ്ര്യരേഖക്ക് താഴെ ഉള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ സഹായം നൽകുന്ന ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിലെ 34 പേർക്ക് 2000 രൂപ വീതം സഹായധനം അനുവദിച്ച് കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. കക്കൂസ് സൗകര്യം ഇല്ലാത്ത ഏകദേശം 600 വീടുകളുള്ള ഈ പഞ്ചായത്തിൽ നാമമാത്രമായ പേർക്ക് മാത്രമേ ഈ പദ്ധതി അനുസരിച്ചുള്ള സഹായം ലഭിക്കുന്നുള്ളൂ.

സഹായധനം വർദ്ധിപ്പിക്കുകയും കൂടുതൽ പേർക്ക് കക്കൂസുകൾ ലഭ്യമാക്കുകയും വേണം.

## പെൻഷൻ സഹായ പദ്ധതികൾ

പഞ്ചായത്തും റവന്യൂ ഡിപ്പാർട്ടുമെന്റും വഴി വിതരണം ചെയ്യുന്ന വിധവ - വികലാംഗ - വാർദ്ധക്യകാല പെൻഷനുകളും, തൊഴിൽ വകുപ്പ് മുഖേന നൽകുന്ന കർഷക തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവുമാണ് സാമൂഹ്യ ക്ഷേമ രംഗത്ത് ഈ പഞ്ചായത്തിൽ ലഭ്യമാകുന്നത്. 1991-92 മുതൽ 95-96 വരെയുള്ള കാലയളവിൽ ഈ പഞ്ചായത്തിൽ 12 വിധവകൾക്കും, 10 വികലാംഗർക്കും, 8 പേർക്ക് വാർദ്ധക്യകാല പെൻഷനും 3 ക്ഷയ രോഗികൾക്കും, 4 ക്യാൻസർ രോഗികൾക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. 91-92 മുതൽ 95-96 വരെ 53 കർഷക തൊഴിലാളികൾക്ക് പെൻഷനും 90 പേർക്ക് തൊഴിലില്ലായ്മ വേതനവും ലഭിക്കുന്നുണ്ട്. 95-96ൽ കർഷക തൊഴിലാളി പെൻഷന് 9 അപേക്ഷയും തൊഴിലില്ലായ്മ വേതനത്തിന് 20 അപേക്ഷയും ലഭിച്ചിട്ടുണ്ട്.

അർഹതപ്പെട്ട ധാരാളം പേർ പെൻഷന് അപേക്ഷിക്കാതെ നിലവിലുണ്ട്. പദ്ധതിയെ കുറിച്ചുള്ള

അജ്ഞതയാണ് ഇതിന് കാരണം. അർഹതയുള്ളവർക്ക് ആനുകൂല്യം കിട്ടുന്നില്ല എന്നുള്ളതും അനർഹരായ പലരും പെൻഷൻ വാങ്ങുന്നു എന്നുള്ളതും ഒരു വസ്തുതയാണ്.

പെൻഷൻ പദ്ധതിയിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുകയും തെരഞ്ഞെടുത്തവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും വേണം.

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിലെ കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്ന മേഖലയാണ് നിർമ്മാണ തൊഴിലാളി മേഖല. 185 സ്ത്രീകളടക്കം 381 തൊഴിലാളികൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്നിട്ടുണ്ട്. ഈ ക്ഷേമനിധിയിൽനിന്ന് 6 സ്ത്രീകളടക്കം 28 തൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. 7 പേർക്ക് മരണാനന്തര ആനുകൂല്യവും രണ്ട് പേർക്ക് പ്രസവാനുകൂല്യ ങ്ങളും മൂന്ന് പേർക്ക് അപകട സഹായധനവും ഒരാൾക്ക് തുടർ വിദ്യാഭ്യാസ സ്കോളർഷിപ്പും ലഭി ച്ചിട്ടുണ്ട്. ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് ബോർഡിൽനിന്നും ഭവനനിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ആവശ്യമായിട്ടുണ്ട്.

## കർഷക തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ 541 കർഷകതൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. ഇതിൽ നിന്ന് അംഗങ്ങൾക്ക് ഇതുവരെയും ആനുകൂല്യങ്ങൾ ലഭിച്ചുതുടങ്ങിയിട്ടില്ല.

## അംഗൻവാടികൾ

പഞ്ചായത്തിൽ ഇപ്പോൾ അംഗൻവാടികൾ/ബാലവാടികൾ ഒന്നും തന്നെ ഇല്ല. പഞ്ചായത്തിലെ എല്ലാ വർഡുകളിലും ചുരുങ്ങിയത് രണ്ട് വീതം അംഗൻവാടികൾ സ്ഥാപിക്കേണ്ടതാണ്. അംഗൻവാടികൾ ആരംഭിക്കുന്നതിനുള്ള സ്ഥലവും അനുബന്ധ സൗകര്യങ്ങളും അടിയന്തിരമായും കണ്ടെത്തേണ്ടിയിരിക്കുന്നു.

## മഹിളാ സമാജങ്ങൾ

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർന്ന നിലവാരം പുലർത്തുന്നു വെങ്കിലും പഞ്ചായത്തിലെ പൊതുപ്രവർത്തനങ്ങളിൽ കൂടുതലായി സ്ത്രീകൾ മുന്നോട്ട് വരുന്നതായി കാണുന്നില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിക്കുകയും സ്ത്രീകളുടെ സർവ്വതോൻമുഖമായ ഉന്നമനത്തിനുള്ള പരിപാടികളും ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്.

## പൊതുവിതരണം

പഞ്ചായത്തിൽ എട്ട് പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. മാവേലി സ്റ്റോറുകൾ നിലവിലില്ല. മാവേലി സ്റ്റോറുകൾ ആരംഭിക്കുകയും പൊതുവിതരണ കേന്ദ്രം വഴി എല്ലാ ആവശ്യ സാധനങ്ങളും വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം. പഞ്ചായത്തിലെ സഹകരണമേഖലയിൽ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുകയും ഗുണഭോക്താക്കൾക്ക് ന്യായവിലക്ക് ആവശ്യസാധനങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം.

# സംസ്കാരം

മഹത്തായ ഒരു സാംസാക്കാരിക പൈതൃകം അവകാശപ്പെടാവുന്ന ഒരു ഗ്രാമമാണ് ചൊക്ലി. സാംസ്കാരിക നായകൻ മാരും പ്രഗൽഭരായ കവികളും ഇവിടെ ജീവിച്ചിരുന്നു. മലയാം ഇംഗ്ലീഷ് നിഘണ്ടു തയ്യാറാക്കിയ ജർമ്മൻകാരനായ ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ടിനെ സംസ്കൃതവും മലയാളവും പഠിപ്പിക്കുകയും നിഘണ്ടു നിർമ്മാണത്തിൽ സഹായിക്കുകയും ചെയ്ത ഊരാച്ചേരി ഗുരുനാഥൻമാർ ജീവിച്ചിരുന്ന ഗ്രാമമാണിത്. ഊരാച്ചേരി വീട് പഴയ സ്മരണകൾ അയവിറക്കി കൊണ്ട് ഇപ്പോഴും നിലകൊള്ളുന്നുണ്ട്. ഭിഷഗ്വരൻമാരും കവികളും ആയിരുന്ന ഊരാച്ചേരി ഗുരുനാഥൻമാരിൽ നിന്നാണ് കവിയൂർ ഗ്രാമത്തിന് ആ പേർ വന്നത് എന്ന് പണ്ടുള്ളവർ പറയുന്നു.

സ്വാതന്ത്ര്യസമര സേനാനികളായിരുന്ന പലരുടെയും പൊതുപ്രവർത്തന പരിശീലനകളരിയായത് ചൊക്ലിയിലെ ശ്രീനാരായണ ഗുരു സ്മാരക ഗ്രന്ഥാലയമാണ്. നിടുമ്പ്രം ഗ്രാമത്തിൽ ജനിച്ച മൊയാരത്ത് ശങ്കരൻ മെഡിക്കൽ വിദ്യാഭ്യാസത്തിനുവേണ്ടി കൽക്കത്തയിൽ പോയെങ്കിലും ദേശീയ വിമോജന പോരാട്ടത്തിന്റെ തീജ്വാലയേറ്റുവാങ്ങി മെഡിക്കൽ വിദ്യാഭ്യാസം ഉപേക്ഷിച്ച് കേരളത്തിലേക്ക് പോന്നു. ദേശീയ വിമോചനത്തിന്റെ ഭാഗമായ ഹിന്ദി പ്രചാരത്തിനും സ്വാതന്ത്ര്യ സമര പ്രവർത്തനത്തിനും വേണ്ടിയാണ് പിന്നീടുള്ള ജീവിതം ചെലവഴിച്ചത്. സ്വാതന്ത്ര്യം നേടി ഏറെ കഴിയുന്നതിനു മുൻപ് ഇദ്ദേഹം കണ്ണൂർ സെൻട്രൽ ജയിലനകത്തുവച്ച് കൊല്ലപ്പെട്ടു. മൊയാരത്ത് ശങ്കരൻ, വി.സി. കുഞ്ഞിരാമൻ വൈദ്യർ, തറമ്മൽ കൃഷ്ണൻ, ടി. എൻ. കുമാരൻ മാസ്റ്റർ, കെ. കണാരൻ മാസ്റ്റർ, സി. എം. ശങ്കരൻ മാസ്റ്റർ, വി. കുമാരൻ മാസ്റ്റർ, കോട്ടയിൽ കൃഷ്ണൻ മാസ്റ്റർ, ആർ. വി. അച്ചുതൻ മാസ്റ്റർ എന്നിവരാണ് ദേശീയ വിമോചന സമരത്തിൽ പങ്കെടുത്തവർ.

സവർണ്ണ നാടുവാഴികളുടെ അധീശത്വം നിലനിന്ന പ്രദേശങ്ങളാണ് ചൊക്ലി പഞ്ചായത്തിലെ പല പ്രദേശങ്ങളും. അയിത്തവും ജന്മിത്തവും അതോടനുബന്ധിച്ച പീഢനങ്ങളും ഇവിടെ ശക്തമായിരുന്നു. താഴ്ന്ന ജാതിക്കാരെ വിചാരണ ചെയ്ത് ശിക്ഷിക്കുന്ന പ്രാകൃതമായ നീതിന്യായ വ്യവസ്ഥ ഇവിടെയുണ്ടായിരുന്നു. വധശിക്ഷപ്പോലും നടപ്പിലാക്കുന്ന 'പുകയറകൾ' ഇവിടെയുണ്ടായിരുന്നു. അയിത്തത്തിനും സവർണ്ണ മേധാവിത്വത്തിനുമെതിരായി ഈ പഞ്ചായത്തിൽ തനതായ മുന്നേറ്റങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. മുതുർ തറവാട്ടിലെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ പയ്യന്നൂരിലെ വടേശ്വരത്തുനിന്നു വന്നു മേനപ്രത്തു താമസിച്ച കുമാര ഗുരു അവർണ്ണജാതിക്കാരായ ഊരാച്ചേരി ഗുരുനാഥൻമാരെ വിദ്യാഭ്യാസം ചെയ്യിക്കാൻ നടത്തിയ ശ്രമമല്ലാതെ അയിത്തത്തിനും സവർണ്ണ മേധാവിത്വത്തിനുമെതിരെ ഇവിടെ പറയത്തക്ക മുന്നേറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. കേരളത്തിലെ പൊതുവായ സാമൂഹ്യ മാറ്റത്തിന്റെയും നാരായണ ഗുരുവിന്റെ പ്രസ്ഥാനത്തിന്റെയും വിദ്യാഭ്യാസ പ്രചാരത്തിന്റെയും ഭാഗമായി അയിത്തവും സവർണ്ണ മേധാവിത്വവും ക്രമേണ ഇവിടെയും ദുർബലമായി. ഈ ഗ്രാമത്തിലെ സാധാരണക്കാർക്ക് ഊരാച്ചേരി ഗുരുനാഥൻമാരുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞത് അന്നത്തെ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം എടുത്തുപറയത്തക്ക ഒരു നേട്ടമാണ്.

പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയം ഒളവിലാ എൽ.പി. (1870) ആണ്. തുടർന്ന് ഊരാച്ചേരി ഗുരുനാഥൻമാർ സ്ഥാപിച്ച 'ഗുരുകുലം' എൽ.പി. (1871) കാരാറത്ത് UP (1882) എന്നീ വിദ്യാലയങ്ങൾ നിലവിൽവന്നു. മൂന്ന് ഹൈസ്കൂളുകൾ അടക്കം 25 വിദ്യാലയങ്ങളും 5 പാരലൽ കോളേജുകളും 3 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരു കംപ്യൂട്ടർ ട്രെയിനിങ്ങ് സെന്ററും ഈ പഞ്ചായത്തിലുണ്ട്.

ഈ ഗ്രാമത്തിലെ ആദ്യകാല വായനശാലകൾ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി പ്രവർത്തിച്ചിരുന്നു. ഏറ്റവും പഴക്കം ചെന്ന വായനശാല ഡോക്ടർ ബാബു രാജേന്ദ്രപ്രസാദ് വായനശാലയാണ്. ഡോക്ടർ രാജേന്ദ്രപ്രസാദ് സ്മാരക വായനശാല, കവിയൂർ വായനശാല, ഒളവിലം ഗ്രാമോദയ സമാജം വായനശാല, അണ്ടില്ലേരി വിശ്വനാഥൻ സ്മാരക വായനശാല, മൊയാരത്ത് ശങ്കരൻ സ്മാരകാ വായനശാല എന്നിവയാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വായനശാലകൾ. മറ്റു വായനശാലകളും ഗ്രന്ഥാലയങ്ങളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി രൂപപ്പെട്ടുവന്ന ക്ലബ്ബുകളും അമേച്വർ കലാസമിതികളും, സാംസ്കാരിക മുന്നേറ്റത്തിനും വിദ്യാഭ്യാസ പ്രവർത്തനത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. ഇവയിൽ പലതിന്റെയും ഇന്നത്തെനില ശോചനീയമാണ്.

പുള്ളുവർ കൃഷ്ണൻ തൊഴിലാളികളായിരുന്നു നാട്ടുകലാകാരന്മാർ ഗ്രാമത്തിലെ ആദ്യകാല നാടൻകലാരൂപങ്ങൾ. തുടർന്ന് മാതമംഗലം ഗോവിന്ദൻ സ്വാമികൾ, കുഞ്ഞാമൻ മാസ്റ്റർ, കേളോത്ത് കുഞ്ഞിരാമൻ സ്വാമികൾ, എളമ്പാടൻ കേളൻ സ്വാമികൾ, പാലക്കീഴിൽ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ പുതിയ സംഘങ്ങളുണ്ടായിരുന്നു. പുതിയ സംഘങ്ങൾക്കാവശ്യമായ പാട്ടുകൾ എഴുതിക്കൊടുത്തിരുന്നത് വി.വി. കണ്ണൻ സ്വാമികൾ ആയിരുന്നു.

കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ ക്ഷേത്രകലകൾ കൊട്ടാരം അമ്പലം, ദേവസ്വം അമ്പലം എന്നിവിടങ്ങളിൽ നടന്നിരുന്നു. കോൽക്കളിയും മാപ്പിള വിഭാഗങ്ങളിലും പ്രചാരത്തിലുണ്ടായിരുന്നു. പല ക്ഷേത്രോത്സവങ്ങളിൽ കഥകളി അവതരിപ്പിക്കാറുണ്ടായിരുന്നു. തെയ്യമുള്ള പാരമ്പര്യ കുഞ്ഞിരാമൻ സ്വാമികൾ, മടപ്പള്ളി അനന്തൻ സ്വാമികൾ, ടി.വി. നാരായണ പണിക്കർ എന്നിവരുടെ നേതൃത്വത്തിലുള്ള കളരികളും ഉണ്ടായിരുന്നു. പ്രശസ്തരായ പല തെയ്യം കലാകാരന്മാരും ഇവിടെ ഉണ്ടായിരുന്നു. (രാമൻ കുഞ്ഞിരാമൻ, കണ്ണൻ പണിക്കർ). വാദ്യ സംഗീതത്തിൽ പ്രാവീണ്യമുള്ള ചിലരും ഇവിടെ ഉണ്ടായിരുന്നു. (കുഞ്ഞിരാമ മാരാർ, കുഞ്ഞിരാമ പണിക്കർ) ഞാറു നടുമ്പോഴും കള പറിക്കുമ്പോഴും സ്ത്രീ തൊഴിലാളികൾ പാടാറുണ്ടായിരുന്ന (വടക്കൻ പാട്ടുകൾ) തലമുറകളായി വാമൊഴിയായി പകർന്നുകിട്ടിയ ഈ ഗാന സമ്പത്ത് പുതിയ തലമുറക്ക് നഷ്ടപ്പെടുകയാണ്. ഈ പാട്ടുകൾ അറിയുന്നവരെ കണ്ടെത്തി അവ ശേഖരിച്ച് വെക്കേണ്ടത് ആവശ്യമാണ്.

കായികരംഗത്ത് പ്രത്യേക പാരമ്പര്യമൊന്നും ഈ പഞ്ചായത്തിന് അവകാശപ്പെടാനില്ല. നിലവിൽ പല സ്പോർട്സ് ക്ലബ്ബുകളും ഉണ്ടെങ്കിലും എടുത്തുപറയത്തക്ക നേട്ടങ്ങൾ ഒന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കാനാവശ്യമായ ശ്രദ്ധാപൂർവ്വമായ പ്രവർത്തനങ്ങൾ ഒന്നും സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നില്ല. കളിസ്ഥലത്തിന്റെ അഭാവമാണ് ഈ പിന്നോക്കാവസ്ഥക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു കാരണം.

നമ്മുടെ ഗ്രാമത്തിലും യുവതലമുറയിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ച് വരികയാണ്. നാനാവിധമായ മാനസിക പ്രശ്നങ്ങൾ നേരെ രീതിയിൽ കൈകാര്യം ചെയ്യാൻ കഴിയാതെ ജീവിതമവസാനിപ്പിക്കുന്ന ഈ പ്രവണത ആരോഗ്യമുള്ള ഒരു സമൂഹത്തിന് അഭികാമ്യമല്ല.

കലാ സാഹിത്യ വാസനയുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നൽകാൻ കഴിയാത്തത് കൊണ്ട് സാഹിത്യ രംഗത്തും കലാരംഗത്തും നമ്മുടെ ഗ്രാമം ശ്രദ്ധിക്കപ്പെടുന്ന അവസ്ഥയിലല്ല. നല്ല കലാകാരന്മാരും, ഉന്നതരായ സാഹിത്യകാരന്മാരുമുള്ള നമ്മുടെ പഞ്ചായത്ത് ഈ രംഗത്ത് ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

ഈ ഗ്രാമത്തിലെ ഭൂരിഭാഗവും ഹിന്ദുക്കളാണ്. നല്ലൊരു ശതമാനം മുസ്ലീങ്ങളും ചെറിയ ശതമാനം ക്രിസ്ത്യാനികളും ഉണ്ട്. പ്രശസ്തരായ മത പണ്ഡിതന്മാർ ഇവിടെ ജീവിച്ചിരുന്നിട്ടുണ്ട്. സ്വാതന്ത്ര്യത്തിന് മുമ്പ് ഇവിടുത്തെ പ്രമുഖ രാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. ഈ പാർട്ടിയെ കൂടാതെ സി.പി.എം., സി.പി.ഐ., ജനതാദൾ, മുസ്ലിംലീഗ്, ബി.ജെ.പി, നാഷണൽ ലീഗ്, സി.എം.പി എന്നീ രാഷ്ട്രീയ പാർട്ടികളും ഉണ്ട്. ഇവയിൽ പലതിന്റെയും യുവജനവിഭാഗവും, മഹിളാ വിഭാഗവും, ടി.യു. സംഘടനകളും, വിദ്യാർത്ഥി സംഘടനകളും, പ്രവർത്തിക്കുന്നുണ്ട്. മതത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ചില സംഘടനകളും ഇവിടെയുണ്ട്. എന്നാൽ മതപരമായ സംഘർഷങ്ങൾ ഇവിടെ പതിവില്ല. എല്ലാ സമുദായത്തിൽപ്പെട്ടവരും

സമ്പൂർണ്ണമായി വിജയിക്കുന്നു. ഉത്സവങ്ങൾ പോലും മതപരമായ ചടങ്ങുകളല്ല ഇവിടെ. എല്ലാവരും പൂർണ്ണ മനസ്സോടെ പരിപാടികളിൽ സഹകരിക്കാറുണ്ട്. മതേതരമായ സഹവർത്തിത്വം ഇവിടെ പൂർണ്ണമായി നിലനിൽക്കുന്നു.

## പ്രശ്നങ്ങൾ

1. 7,11 വാർഡുകളിൽ വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ല. പഞ്ചായത്തിലെ പല ഗ്രന്ഥാലയങ്ങളുടെയും പ്രവർത്തനം നല്ലനിലയിൽ അല്ല. പുസ്തക വിതരണം നടക്കുന്ന രണ്ടു മൂന്നു ഗ്രന്ഥാലയങ്ങളേ ഉള്ളൂ. ചില ഗ്രന്ഥാലയങ്ങളെങ്കിലും തീരെ പ്രവർത്തിക്കാത്ത നിലയിലാണ്. ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്ന നാല് ഗ്രന്ഥാലയങ്ങളും, ഒരു പഞ്ചായത്ത് ലൈബ്രറിയും, ഒരു LLA ലൈബ്രറിയും ഉണ്ട്. പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല. LLA ലൈബ്രറിയുടെ പ്രവർത്തനം നല്ല നിലയിലാണ്.
2. ഒന്നാംഘട്ടം സാക്ഷരതാ പ്രവർത്തനം സജീവമായിരുന്നെങ്കിലും രണ്ടാം ഘട്ടം തീരെയില്ല.
3. കായികപ്രാധാന്യമുള്ള പ്രാചീന കലകളായ പൂരക്കളി, കോൽക്കളി, കളരി, എന്നിവ നാശോന്മുഖമായിരിക്കുന്നു.
4. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല. വിദ്യാലയങ്ങളിൽ വായന പ്രോത്സാഹിപ്പിക്കുന്നില്ല.
5. ടെലിവിഷന്റെ പ്രചാരം സാംസ്കാരിക മേഖല നേരിടുന്ന കടുത്ത ഒരു വെല്ലുവിളിയാണ്.

## സാദ്ധ്യതകൾ

1. ഏഴ്, പതിനൊന്ന് വാർഡുകളിൽ സന്നദ്ധ സാംസ്കാരിക പ്രവർത്തകരുടെ നേതൃത്വത്തിൽ വായനശാലകൾ ആരംഭിക്കുക. നിർജ്ജീവമായ ഗ്രന്ഥാലയങ്ങളെ സജീവമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
2. സാക്ഷരതാ പ്രവർത്തനം സജീവമാക്കുക.
3. പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഉപയോഗിക്കാൻ പറ്റിയ രീതിയിലുള്ള കളിസ്ഥലവും കമ്മ്യൂണിറ്റി ഹാളുകളും നിർമ്മിക്കുക.
4. കലാസാഹിത്യ വാസനയുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കലാമത്സരങ്ങൾ നടത്തുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക. കലാകാരന്മാരും സാഹിത്യകാരന്മാരടങ്ങുന്ന ഒരു സമിതിയുണ്ടാക്കി ഈ രംഗത്ത് പ്രോത്സാഹനം നൽകാൻ സ്ഥിരമായ സംവിധാനമുണ്ടാക്കുക.
5. നിലവിലുള്ള ക്ലബ്ബുകളുടെ ലിസ്റ്റുണ്ടാക്കി അവയ്ക്കാവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുക.
6. സ്കൂൾ കുട്ടികളിൽ വായനാ ഗ്രൂപ്പ് ഉണ്ടാക്കുക. വായനയെ സംബന്ധിച്ച് ഡയറി എഴുതിച്ച് ഏറ്റവും നല്ല വായനക്കാർക്ക് പ്രോത്സാഹന സമ്മാനം നൽകുക. വായനയുമായി ബന്ധപ്പെട്ട ക്വിസുകൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ നൽകുക.
7. ലൈബ്രറികളുടെ ആഭിമുഖ്യത്തിൽ വായന ക്വിസുകൾ സംഘടിപ്പിച്ച് പ്രോത്സാഹന സമ്മാനം നൽകുക.
8. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കുവേണ്ടിയുള്ള വിജ്ഞാന പരിപാടി നടത്തുക.
9. പഞ്ചായത്ത് തലത്തിൽ വായനശാലകളെ ഏകോപിപ്പിച്ച് മാർഗ്ഗനിർദ്ദേശക സമിതി രൂപീകരിക്കുക.
10. വർഷംതോറും ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഗ്രാമോത്സവം നടത്തുക.
11. മനഃശാസ്ത്രപരമായ ഉപദേശങ്ങൾ നൽകുവാൻ ഗൈഡൻസ് വിങ്ങ് രൂപീകരിക്കുക.

| വാർഡ് നമ്പർ | ക്ഷേത്രം | കാവ് | മഠം | പള്ളി | സ്രാമ്പി | മദ്രസ്സ | വായനശാല/ ഗ്രന്ഥലയം | കലാ സമിതി | സ്പോർട്സ് ക്ലബ്ബ് | കളരി | ജിംനേഷ്യം | കായീക പരിശീലനം കരാട്ടെ | സാംസ്കാരിക സമിതി | മഹിളാ സമാജം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | | | 1 | 3 | | | 3 | | 4 | | | 1 | | |
| 2 | | | 4 | 2 | | 2 | 3 | 3 | 1 | | | | 5 | 1 |
| 3 | 1 | 1 | – | – | – | – | 1 | | | | | | | 1 |
| 4 | 3 | | 1 | 2 | 1 | 1 | 4 | 1 | | | | | 2 | |
| 5 | | 1 | 1 | 1 | | 1 | 1 | | 2 | | | | | 1 |
| 6 | | 2 | | 3 | | 1 | | | | | | | | |
| 7 | | 1 | | 3 | | 1 | – | | | 1 | | | | |
| 8 | 1 | 1 | | 2 | | | 3 | 2 | | | | | 2 | |
| 9 | 1 | 1 | | | | 1 | 1 | 3 | 3 | | | | | |
| 10 | | 2 | 1 | – | – | – | 1 | | 1 | 1 | 1 | | | 1 |
| 11 | 1 | 1 | 3 | 1 | | 1 | – | 1 | 1 | | 1 | | | 1 |

| ക്രമ നമ്പർ | പേരും മേൽവിലാസവും | വാർഡ് നമ്പർ | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തകം വിതരണം | കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്ന് | ലൈബ്രേറിയൻ അലവൻസ് കിട്ടുന്നുണ്ടോ | അംഗീകാരം ലഭിച്ചിട്ടുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ശ്രീ നാരായണ ഗുരു സ്മാരക ലോക്കൽ ലൈബ്രറി | 1 | 1937 | സ്വന്തം | 882 | 5169 | 300 | ഇല്ല | ഉണ്ട് | LLA ലൈബ്രേറിയൻ ശംമ്പളം | ഉണ്ട് |
| 2 | തായാട്ട് ശങ്കരൻ സ്മാരക വായനശാലാ & ഗ്രന്ഥാലയം | 1 | | | | | | | | | |
| 3 | മൊയാരം സ്മാരക വായനശാല | 1 | | | | | | | | | |
| 4 | ഖുർത്വബ ലൈബ്രറി | 1 | 1992 | വാടക | 50 | 500 | | | | | |
| 5 | ഇസ്ലാമിക് സെന്റർ | 1 | | | | | | | | | |
| 6 | യുവക് സെന്റർ | 1 | | | | | | | | | |
| 7 | കവിയൂർ രാജൻ സ്മാരക വായനശാല & ഗ്രന്ഥാലയം | 2 | 1984 | വാടക | | | 95 | കലാസമിതി | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | ചൊക്ലി പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റും | 2 | | സ്വന്തം | | | ഇല്ല | | | ഉണ്ട് | |
| 9 | കവിയൂർ ഇസ്ലാമിക് ലൈബ്രറി | 2 | | | | | | | | | |
| 10 | S.N. ലൈബ്രറി | 2 | | | | | | | | | |
| 11 | സഫ്ദർ ഹാഷ്ടമി വായനശാല | 3 | | | | | | | | | |
| 12 | റഹ്മാനിയ ലൈബ്രറി & റീഡിംഗ് റും | 4 | 1977 | സ്വന്തം | | 500 | | | ഇല്ല | ഇല്ല | ഇല്ല |
| 13 | ഗ്രാമോദയ സമാജം വായനശാല & ഗ്രന്ഥാലയം | 4 | 1955 | സ്വന്തം | | 4202 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14 | ശ്രീ നാരായണ ലൈബ്രറി മൊന്താൽ | 4 | | | | | | | | | |
| 15 | മത്തിപ്പറമ്പ് ഇസ്ലാമിക് ലൈബ്രറി | 4 | | | | | | | | | |
| 16 | നോർത്ത് ഒളവിലം പൊതുജന വായനശാല | 5 | | വാടക | | | | | | | |
| 17 | നോർത്ത് മേനപ്രം പൊതുജന വായനശാല | 8 | 1957 | വാടക | | 1050 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 18 | മേനപ്രം ദേശീയ വായനശാല & ഗ്രന്ഥാലയം | 8 | 1955 | വാടക | | 3038 | 400 | സാക്ഷരതാ പ്രവർത്തനം, ഫാർമേഴ്സ് ക്ലബ്ബ്, കലാസമിതി | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 19 | അണ്ടിലേരി വിശ്വനാഥൻ സ്മാരക ലഗ്രന്ഥാലയം | 8 | 1988 | സ്വന്തം | | 450 | തുടങ്ങിയിട്ടില്ല | കലാസമിതി | ഇല്ല | ഇല്ല | ഇല്ല |
| 20 | പഞ്ചായത്ത് സാംസ്കാരിക നിലയം ലൈബ്രറി | 9 | | സ്വന്തം | | | | | | | |
| 21 | മൊയാരത്ത് ശങ്കരൻ സ്മാരക ഗ്രന്ഥാലയം | 10 | 1946 | സ്വന്തം | | 3260 | 120 | സാക്ഷരതാ കേന്ദ്രം, ബാല വിഭാഗം, പുസ്തക കോർണർ | ഉണ്ട് | ഉണ്ട് | ഉണ്ട് |

# വനിത

കേരള സമൂഹത്തിൽ പകുതിയോളം വരുന്ന വനിതകളുടെ സാമൂഹിക നിലവാരവും പ്രവർത്തന പങ്കാളിത്തവും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന ബോധ്യം നമുക്കിന്നുണ്ട്. നിയമസഭകളിലടക്കം ചുരുങ്ങിയത് 3ൽ ഒന്ന് വനിതകൾ ഉണ്ടാകണമെന്ന നിയമ നിർമ്മാണവും ചർച്ചയും നടക്കുകയാണ്. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ സ്ത്രീകളുടെ സാമൂഹ്യ പദവി, തൊഴിൽ മേഖല, സാംസ്കാരികമായ മുന്നേറ്റം ഇവയൊക്കെ ഇനിയും വർദ്ധമാനമായ തോതിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

1991 ലെ സെൻസസ് പ്രകാരം ചൊക്ലി പഞ്ചായത്തിൽ 13981 സ്ത്രീകളാണ് ഉണ്ടായിരുന്നത്. ഇതിൽ 11283 പേരും സാക്ഷരരാണ്.

| മൊത്തം ജനസംഖ്യ | പുരുഷൻ | സ്ത്രീ | ശതമാനം |
|---|---|---|---|
| 25884 | 12073 | 13981 | 53% |

മേൽ പറഞ്ഞ പട്ടിക അനുസരിച്ച് ജനസംഖ്യയുടെ 53% സ്ത്രീകളാണ്. അതുകൊണ്ട് തന്നെ എല്ലാരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം തുല്യ അനുപാതത്തിൽഉണ്ടാകേണ്ടിയിരിക്കുന്നു.

| | | സ്ത്രീ - പുരുഷ അനുപാതം (1000 പുരുഷൻമാർക്ക്) |
|---|---|---|
| ഇന്ത്യ | - | 1000 - 929 |
| കേരളം | - | 1000 - 1036 |
| കണ്ണൂർ | - | 1000 - 1101 |
| ചൊക്ലി | - | 1000 - 1030 |

പൊതുരംഗത്തും പൊതുപ്രവർത്തന രംഗത്തും തൊഴിൽ രംഗത്തും സ്ത്രീകൾക്ക് നേതൃത്വപദവി ഉണ്ടെന്ന് പറയാനാവില്ല. പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ 11 പഞ്ചായത്ത് അംഗങ്ങളിൽ 4 വനിതകൾ വന്നിട്ടുണ്ട്. ചൊക്ലി പഞ്ചായത്ത് പ്രസിഡന്റും ഒരു സ്റ്റാന്റിംഗ് കമ്മറ്റിയംഗവും വനിതകളാണ്. എന്നാൽ ഭരണത്തിലും തീരുമാനമെടുക്കുന്ന മറ്റ് ബോഡികളിലും എല്ലാം സ്ത്രീകളുടെ പ്രാതിനിധ്യം ഇനിയും നിർണ്ണായകമായി വർദ്ധിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ കാര്യങ്ങളിൽ പൊതുവെ 100 ശതമാനം വനിതകളും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. എങ്കിലും സാമൂഹ്യ ബോധവും ശാസ്ത്രബോധവും ഉൾക്കൊണ്ട് കൊണ്ടുള്ള വനിതകളുടെ പ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചവരും ഉയർന്ന ഉദ്യോഗം ഉള്ളവരും പൊതുവെ കുറവാണ്. എന്നാൽ അദ്ധ്യാപന രംഗത്ത് 200 ഓളം വനിതകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റ് തൊഴിൽ മേഖലയുടെ കാര്യത്തിൽ നിർമ്മാണ രംഗത്താണ് വലിയ ശതമാനം സ്ത്രീകളും തൊഴിൽ തേടുന്നത്. കാർഷിക ഭൂമിയുടെ കുറവ് കാരണവും കാർഷിക രംഗത്തെ മുരടിപ്പ് കാരണവും കർഷക തൊഴിലാളികളായ വനിതകളുടെ എണ്ണം താരതമ്യേന കുറവാണ്. രാഷ്ട്രീയ ആഭിമുഖ്യമുള്ള വനിതാസംഘടനകൾ പേരിനു മാത്രം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മൊത്തം വനിതകളെ ഉൾക്കൊള്ളുന്ന വിധം ഈ സംഘടനകൾക്ക് ഇനിയും പ്രവർത്തിക്കാനായിട്ടില്ല. മൂന്ന് മഹിളാ സമാജങ്ങളായി മൂന്നു DWCRA യൂനിറ്റുകളും 4 വനിതാ ടൈലറിങ്ങ് സെന്ററുകളും പ്രവർത്തിക്കുന്നു. ഇതിൽ 10 ഓളം പേർ ജോലിചെയ്യുന്ന ഇൻഡസ്ട്രിയൽ കൊ-ഓപ്പറേറ്റീവ് സൊസൈറ്റിയും ഉൾപ്പെടുന്നുണ്ട്. 90-91ൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ പരിപാടിയിൽ വലിയൊരു വിഭാഗം ഇൻസ്ട്രക്ടർമാർ വനിതകളായിരുന്നു. തൊഴിൽതേടുന്ന യുവജനങ്ങളിൽ നല്ലൊരു പങ്കും അദ്ധ്യയനം പൂർത്തിയാക്കിയ വനിതകളാണ്. തൊഴിൽ മേഖലയിൽ സ്ത്രീക്കും പുരുഷനും ലഭിക്കുന്ന കൂലിയിലും വളരെയേറെ അന്തരം നിലനിൽക്കുന്നുണ്ട്.

| SNo. | തൊഴിൽ മേഖല | സ്ത്രീ | പുരുഷൻ |
|---|---|---|---|
| 1. | നിർമ്മാണം | 70 രൂപ | 120 രൂപ |
| 2. | കാർഷിക വൃത്തി | 60 രൂപ | 110 രൂപ |
| 3. | ബീഡി | 30 രൂപ ( DA പുറമെ) | 30 രൂപ ( DA പുറമെ) |

വിദ്യാലയങ്ങളിൽ പഠന നിലവാരത്തിലും എണ്ണത്തിലും പെൺകുട്ടികൾ തന്നെയാണ് മുന്നിൽ. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകൾവളരെ പിന്നിലാണ്. പെൺകുട്ടികളെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിജയം കൈവരിക്കാൻ കഴിവുള്ളവരാക്കുക എന്നതിലുപരി വിവാഹത്തിന് ഒരുക്കുന്ന ഒരു പ്രക്രിയയായി വിദ്യാഭ്യാസത്തെ കാണുന്ന പ്രവണത ഇനിയും മാറിയിട്ടില്ല. മുസ്ലീം സമുദായങ്ങളിൽ നേരത്തെയുണ്ടായിരുന്ന സെക്കന്ററി തലം വരെയുള്ള പഠനത്തിന് ശേഷം ഒഴിഞ്ഞുപോകുക എന്നുള്ള പ്രവണത നേരത്തെ ഉണ്ടായിരുന്നെങ്കിലും ഇന്ന് അതിൽ നിന്നും വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പൊതുവെ കുറവാണ്. എങ്കിലും സ്ത്രീ പീഢനക്കേസുകൾ ചിലതൊക്കെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സാമൂഹ്യ പ്രസ്ഥാനങ്ങളുടെ സജീവമായ ഇടപെടലുകൾ ഈ രംഗത്ത് ഉണ്ടാകേണ്ടതാണ്. സ്ത്രീകളിലുള്ള വായനാ ശീലം വളർത്തുന്നതിലും സാംസ്കാരിക നിലവാരം ഉയർത്തുന്നതിലും വായന ശാലകളും സാംസ്കാരിക സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്.

ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടും നിറവേറ്റപ്പെടുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിച്ചുകൊടുക്കാനുള്ള താല്പര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തും ഉണ്ട്. മഹിളാ സമാജങ്ങൾ രൂപീകരിക്കൽ അയൽക്കൂട്ടം എന്ന രീതിയിൽ വനിതകളുടെ ഗ്രൂപ്പുകൾ ഉണ്ടാക്കൽ തുടങ്ങിയവ സ്ത്രീകളെ സാമൂഹ്യരംഗത്തേക്ക് ഉയർത്തിക്കൊണ്ടുവരാൻ പറ്റുന്ന ഘടകങ്ങളാണ്.

## പ്രശ്നങ്ങൾ

1 വേതന തുല്യത ലഭിക്കാതിരിക്കുക.
2. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്വം ഇല്ലായ്മ.
3. സ്വയം തൊഴിൽ കണ്ടെത്താനുള്ള താല്പര്യക്കുറവ്
4. രൂക്ഷമായ തൊഴിലില്ലായ്മ
5. മദ്യപാനം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ
6. സ്ത്രീകളുടെ ഇടയിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും
7. ടി.വി., റേഡിയോ തുടങ്ങിയ മാധ്യമങ്ങളുടെ സ്വാധീനം
8. നിലവാരം കുറഞ്ഞ പൈങ്കിളി സാഹിത്യങ്ങളുടെ സ്വാധീനം

## സാധ്യതകൾ :

1. സ്ത്രീകളുടെ നേതൃത്വത്തിൽ സഹകരണ സംഘമുണ്ടാക്കൽ.
2. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങളും അങ്കണ വാടികളും രൂപീകരിക്കുക.
3. ബോധവത്കരണത്തിലൂടെ ശാസ്ത്രീയ ചിന്ത വളർത്തിയെടുക്കുക.
4. 50 വീടുകൾക്ക് ഒന്ന് എന്നതോതൽ അയൽകൂട്ടങ്ങൾ രൂപീകരിക്കുകയും, അവയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. അയൽക്കൂട്ട പ്രതിനിധികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്ത് തല സമിതി രൂപീകരിക്കുക.
5. വായനശാലകളിൽ സ്ത്രീകൾക്ക് പ്രത്യേകം കോർണറുകളോ സമയമോ സ്ഥാപിക്കുക.
6. ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക പോഷകാഹാര പരിപാടി
7. അടുക്കള ത്തോട്ട നിർമ്മാണം വ്യാപിക്കുക
8. സ്കൂളുകളിൽ മൂത്രപ്പുരയും, കക്കൂസും നിർബന്ധമായും ഉണ്ടാക്കൽ.

## സഹകരണം - ബാങ്ക്

"കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടം തന്നെ പിൻതലമുറക്ക് ഭാഗിച്ചുകൊടുത്ത് കൊണ്ട് മരണമടയുന്നവരാണ് ഇൻഡ്യൻ കർഷകൻ"

എന്ന ചൊല്ല് പ്രസക്തമാണ്. ഈ ചൊല്ലുപോലെ, ഇൻഡ്യൻ കർഷകരെ രക്ഷിക്കുവാൻ ബ്രിട്ടീഷ് ഗവൺമെന്റ് 1879ൽ കൊണ്ടുവന്ന ഡക്കാൻ അഗ്രികൾച്ചറൽ ഡെബ്റ്റ് റിലീഫ് ആക്ട് 1883ലെ ലാന്റ് ഇംപ്രൂവ്മെന്റ് ലോൺസ് ആക്ട് 1884ലെ അഗ്രികൾച്ചറൽ ലോൺസ് ആക്ട് എന്നിവ ഗവൺമെന്റ് നടപടികളുടെ കാലതാമസവും സാങ്കേതികത്വം മൂലവും കർഷകന് വേണ്ടത്ര പ്രയോജനമുണ്ടായില്ല. അങ്ങിനെ 1892ൽ സഹകരണ സംഘങ്ങളെ കുറിച്ച് ഗവൺമെന്റ് തലത്തിൽ ആലോചന തുടങ്ങുകയും 1904 ഓട് കൂടി Xാം നമ്പർ ആക്ടായി ആദ്യത്തെ ഇന്ത്യൻ സഹകരണ സംഘ നിയമം നിലവിൽ വന്നു. ഈ നിയമത്തിന്റെ ചുവടുപിടിച്ച് സി. രാജഗോപാലാചാരിയുടെ കാലത്ത് 1914ൽ തിരുവിതാംകൂർ സെൻട്രൽ സഹകരണ ബാങ്ക് രൂപം കൊള്ളുകയുണ്ടായി. ഇതായിരുന്നു ഇന്നത്തെ കേരള സ്റ്റേയിറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആദിരൂപം. 1966ൽ അന്നത്തെ മന്ത്രിയായ പി. ആർ. കുറുപ്പിന്റെ കാലത്താണ് കേരളത്തിൽ പൊതുവെ ബാധകമായ സഹകരണ നിയമം നിലവിൽ വന്നത്. 1969ലെ 21ാം ആക്ട് ആയി കേരള സഹകരണ നിയമം 1969 മെയ് മുതൽ പ്രാബല്യത്തിൽ വന്നു.

1946ൽ ഒക്ടോബർ 25ാം തീയതി കരിയാട് അധികാരിയായ P.E. കുഞ്ഞുണ്ണി നമ്പ്യാർ പ്രസിഡന്റായി ചൊക്ലിയിൽ മൾട്ടി പർപ്പസ് സഹകരണ സംഘം ആദ്യമായി റജിസ്റ്റർ ചെയ്യപ്പെട്ടു. നവംബർ 6ാം തീയതിയോട് കൂടി പ്രവർത്തനം ആരംഭിച്ച പ്രസ്തുത സംഘം പ്രവർത്തന ഘട്ടത്തിൽ ഒരു തവണ അർബൻ ബാങ്കായി മാറുകയും ചെയ്തിട്ടുണ്ട്. 1969 ഓടെ കൂടി പെരിങ്ങളം കരിയാട് ഒളവിലം എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിച്ചിരുന്ന വിവിധോദ്ദേശ ഐക്യ നാണയ സംഘങ്ങളെ കൂട്ടിച്ചേർത്ത് കൊണ്ട് ചൊക്ലി ആസ്ഥാനമായി സർവ്വീസ് സഹകരണ സംഘം സ്ഥാപിതമാകുകയും ചെയ്തു. ബാങ്കിന്റെ ഇന്നത്തെ ഭരണ സമിതിയുടെ പ്രസിഡന്റ് M.സുധാകരൻ മാസ്റ്റർ ആണ്. ബാങ്കിന്റെ ഇന്നത്തെ പ്രവർത്തനം അപര്യാപ്തവും വേണ്ടത്ര തൃപ്തികരവുമല്ല എന്നുള്ള വിമർശനം നിലനിൽക്കുന്നു. വളരെ പഴക്കവും തഴക്കവുമുള്ള പ്രസ്തുത ബാങ്കിന് സ്വന്തമായൊരു ബിൽഡിംങ്ങും 15 സെന്റ് സ്ഥലവും ഉണ്ടെങ്കിലും മറ്റു ബാങ്കുകളെ അപേക്ഷിച്ച് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാതെ വളരെ പന്നിലാണ്. കർഷകർക്ക് ആശ്വാസം നല്കുക എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുന്ന ഈ ബാങ്ക് ആ രംഗത്തും ആശാവഹമായ പുരോഗതി കൈവരിച്ചിട്ടില്ല. ബാങ്കിന്റെ ഇന്നത്തെ പ്രധാന പ്രവർത്തനങ്ങൾ കാർഷിക വായ്പയും വിത്ത്, വളം, വിതരണം ചെറുകിട കച്ചവടക്കാർക്കുള്ള വായ്പ, വിദ്യാഭ്യാസത്തിനും സ്വയം തൊഴിലിനുമുള്ള IRDP വായ്പകൾ എന്നിവയാണ്.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരി മൂലധനം | ജീവനക്കാർ | |
|---|---|---|---|---|---|---|---|
| | | | | | | സ്ഥിരം | താൽകാലികം |
| 1 | ചൊക്ലി സർവ്വീസ് സഹകരണ സംഘം | 1946 | ചൊക്ലി , പെരിങ്ങളം, കരിയാട് പഞ്ചായത്തുകൾ ന്യൂ മാഹി പഞ്ചായത്തിന്റെ 1,2 വാർഡുകൾ. | 11,954 | 3,20 ലക്ഷം | 5 | 7 |
| 2. | തലശ്ശേരി കോ–ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ചൊക്ലി. | 1980 | | | | 5 | 1 |
| 3. | ചൊക്ലി വനിത സഹകരണ സംഘം | 1993 | ചൊക്ലി പഞ്ചായത്ത് | 503 | 2.80 ലക്ഷം | 2 | 3 |
| 4. | ചൊക്ലി ക്ഷീര വ്യവസായ സഹകരണ സംഘം | 1973 | ചൊക്ലി , കരിയാട്, പന്ന്യന്നൂർ പഞ്ചായത്തിന്റെ 5,6 വാർഡുകൾ ഒഴികെ. | | | | |
| 5. | ഒളവിലം കല്ലായി കയർ വ്യവസായ സഹകരണ സംഘം | 1958 | ഒളവിലം, കല്ലായി ദേശങ്ങൾ | 249 | 1 ലക്ഷം | പ്രവർത്തനമില്ല | |
| 6. | അക്ഷര വിമൺ ഗാർമെന്റ്സ് (ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി) | 1996 | ചൊക്ലി പഞ്ചായത്ത് | 10 | | 10 | ഇല്ല |

ബാങ്കിന്റെ ഇന്നത്തെ പ്രവർത്തനങ്ങൾ രണ്ട് പട്ടികകളായി ചുവടെ ചേർക്കുന്നു.

## പട്ടിക –1

| SNo | നിക്ഷേപത്തിന്റെ പേര് | തുക |
|---|---|---|
| 1. | സ്ഥിരം | 86,22,631 |
| 2. | ഹ്രസ്വകാല | 35,45,108 |

## പട്ടിക – 2

നല്കിയിട്ടുള്ള വായ്പകൾ

| SNo | വായ്പകൾ | തുക |
|---|---|---|
| | A) കാർഷികം | |
| 1. | ഹ്രസ്വകാല | 12,73,609 |
| 2. | മദ്ധ്യകാലം | 4,89,405 |
| 3. | ദീർഘകാലം | 19,15,907 |
| | B) മറ്റു വായ്പകൾ | |
| 1. | വീട് റിപ്പയർ | 97,12,547 |
| 2. | ഡിപ്പോസിറ്റ് ലോൺസ് | 2,43,804 |

നല്കിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

## പട്ടിക – 3

| SNo | വായ്പയുടെ സ്വഭാവം | തുക |
|---|---|---|
| 1. | ഹ്രസ്വകാല കാർഷിക വായ്പ | 3,79,474 |
| 2. | മദ്ധ്യകാല കാർഷിക വായ്പ | 1,98,776 |
| 3. | ദീർഘകാല കാർഷിക വായ്പ | 1,93,850 |
| 4. | കാർഷികേതര വായ്പ | 11,94,650 |

പൊതുജനങ്ങളിൽനിന്ന് സ്വീകരിച്ച നിക്ഷേപം

## പ്രശ്നങ്ങൾ

1. കാലാനുസൃതമായ മാറ്റം ഉൾക്കൊള്ളുന്നില്ല.
2. പ്രവർത്തന മേഖലയുടെ വിസ്തൃതി കൂടുതൽ
3. വായ്പകൾ കൃത്യമായും യഥാർത്ഥ ആവശ്യത്തിന് ഉപയോഗിക്കാതിരിക്കൽ
4. ജില്ലാ ബാങ്കിൽ നിന്ന് വായ്പ കിട്ടാനുള്ള സാങ്കേതികത്വം.
5. പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ കുറവ്
6. കടം യഥാവസരത്തിൽ പിരിച്ചെടുക്കാതിരിക്കൽ
7. ജീവനക്കാരുടെ എണ്ണത്തിൽ കുറവ്.

## സാധ്യതകൾ

1. ബ്രാഞ്ചുകൾ തുറക്കൽ
2. കെട്ടിടം കെട്ടിലും മട്ടിലുമുള്ള ആധുനിക രീതിയിൽ സജ്ജീകരിക്കൽ
3. ആവശ്യമായത്ര കാർഷിക വായ്പകൾ അനുവദിക്കൽ
4. പഞ്ചായത്തിന്റെ മിച്ചം വരുന്ന ഫണ്ട് പ്രാദേശിക സഹകരണ സംഘത്തിൽ നിക്ഷേപിക്കൽ
5. ജില്ലാ ബാങ്കിന്റെയും നബാർഡിന്റെയും വായ്പാ വിതരണം ലഘൂകരിക്കൽ.
6. പല വ്യഞ്ജനങ്ങൾ വിതരണം ചെയ്യുന്ന സ്റ്റോറുകൾ ആരംഭിക്കൽ
7. കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള സൗകര്യം.

1980 ആരംഭിച്ച തലശ്ശേരി കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്കിന്റെ ഒരു ശാഖയാണ് മറ്റൊരു സഹകരണ സ്ഥാപനം. സ്വർണ്ണ പണയത്തിൽ വായ്പനൽകുകയും ചെറുകിട വ്യവസായങ്ങൾക്കും കച്ചവടങ്ങൾക്കും വായ്പകൾ, ഭവന വായ്പകൾ തുടങ്ങിയവയാണ് ഇതിന്റെ പ്രവർത്തന മേഖല. 1993 ൽ ആരംഭിച്ച ചൊക്ലി വനിതാ-സഹകരണ സംഘം പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ ബാങ്കിന്റെ കീഴിൽ നല്ല നിലയിൽ ഒരു തുന്നൽ പരിശീലന ക്ലാസും നടത്തിവരുന്നുണ്ട്. അംഗങ്ങൾക്കുള്ള വായ്പ സ്വർണ്ണ പണയത്തിൻമേലുള്ള വായ്പ തുടങ്ങിയവയാണ്ഈ ബാങ്കിന്റെ പ്രവർത്തന പരിപാടി. വികസന സാധ്യതയുള്ള ഒരു സ്ഥാപനമായി ഇതിനെ കണക്കാക്കാവുന്നതാണ്.

## ക്ഷീര വ്യവസായ സഹകരണ സംഘം.

കരിയാട് പന്ന്യന്നൂർ ചൊക്ലി എന്നി മൂന്നു പഞ്ചായത്തിലും പ്രവർത്തന പരിധിയായി 1973 ൽ ആരംഭിച്ച ക്ഷീര വ്യവസായ സഹകരണ സംഘം അടുത്തകാലത്ത് ഒരു മുന്നേറ്റം തന്നെ നടത്തിയിട്ടുണ്ട്. ഇടക്കാലത്ത് നിശ്ചലമായിരുന്ന ഈ സ്ഥാപനം ഒരു ഉയർത്തെഴുന്നേൽപിന്റെ പാതയിലാണ്. വളരെയധികം പഴക്കമുള്ള ഈ സംഘത്തിൽ ഇപ്പോഴും 213 മെമ്പർമാത്രമെ ഉള്ളു എന്നത് പരിതാപകരമാണ്. ഇനിയും എത്രയോ സാധ്യതകളുള്ള ഈ സംഘത്തിൽ മൃഗ പരിപാലനം നടത്തുന്ന ആളുകളെ മുഴുവൻ കൂട്ടിച്ചേർത്തുകൊണ്ട് ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടതാണ്. 8400 ലിറ്റർ പാൽ മാത്രമാണ് ഈ സംഘം ഇപ്പോൾ ശേഖരിച്ചുവരുന്നത്. പഞ്ചായത്തിനാവശ്യമുള്ള പാൽ ഒരു വലിയ ഭാഗവും ഈ സംഘത്തിന് നൽകാൻതരണ്ടി സാധിക്കുന്നു. ഈ സംഘത്തിന്റെ കീഴിൽ ഇപ്പോൾ വനിതകളെ ഉൾപ്പെടുത്തി ഒരു ഉൽപന്ന നിർമ്മാണ യൂനിറ്റും ആരംഭിച്ചിട്ടുണ്ട്.

## സാധ്യതകൾ

1. എല്ലാ ക്ഷീര കർഷകരെയും സംഘത്തിന്റെ കീഴിൽ കൊണ്ടു വരിക
2. കർഷകർക്ക് നല്ലയിനം കറവ മാടുകളെ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും

അതിനാവശ്യമായ വായ്പ നൽകുകയും ചെയ്യണം.

3. കാലിത്തീറ്റ വിതരണം ചിറ്റപുൽ കൃഷി ചെയ്യാനുള്ള വായ്പയും സൗകര്യവും ചെയ്തുകൊടുക്കണം.

4. സംഘത്തിന്റെ കീഴിൽ ഒരു മുഴുവൻ സമയ മൃഗ ഡോക്ടറുടെ സേവനം ലഭ്യമാക്കൽ

5. ഉൽപന്ന നിർമ്മാണ യൂനിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തൽ

6. സഹകരണാടിസ്ഥാനത്തിൽ ചൊക്ലി ടൗണിൽ കാന്റീൻ നടത്തൽ

7. ഗൃഹോപകരണങ്ങൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കൽ

## മറ്റു സഹകരണ സംഘങ്ങൾ

1. 1958ൽ ആരംഭിച്ച ഒളവിലം കല്ലായി കയർ വ്യവസായ സഹകരണ സംഘം ഇപ്പോൾ പൂർണ്ണമായും നിശ്ചലമായിരിക്കുന്നു. സംഘത്തിന് ഇപ്പോൾ 15 സെന്റ് സ്ഥലവും ഒരു ലക്ഷത്തിൽ പരം രൂപയുടെ കടവുമാണ് ഉള്ളത്. 249 അംഗങ്ങളുണ്ടായിരുന്ന ഈ സംഘത്തെ ആധുനിക മെഷിനറികൾ ഉപയോഗിച്ച് നവീകരിക്കാവുന്നതാണ്.

2. സാക്ഷരതാ പഠിതാക്കളെയും ഇൻസ്ട്രക്ടർമാരെയും ഉൾപ്പെടുത്തി അടുത്ത കാലത്താരംഭിച്ച മറ്റൊരു സ്ഥാപനമാണ് അക്ഷര വിമൻ ഗാർമെന്റ്സ്. ഇന്റസ്ട്രിയൽ സഹകരണ സംഘമായാണ് ഇത് പ്രവർത്തിക്കുന്നത് 10സ്ത്രീകൾ ഇതിന്റെ കീഴിൽ മെമ്പർമാരായും പ്രവർത്തകരായും ഉണ്ട്.

## സ്കൂൾ സൊസൈറ്റികൾ

പഞ്ചായത്തിലെ സ്കൂൾ കേന്ദ്രീകരിച്ചുകൊണ്ട് 7 സ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാം ഒരേ സ്വഭാവത്തിലുള്ള പ്രവർത്തനമാണ് നടത്തുന്നത്. പുസ്തകങ്ങൾ വിതരണം ചെയ്യുക എന്നതൊഴിച്ചാൽ മറ്റു പ്രവർത്തനങ്ങൾ ഒന്നുമില്ല. വിദ്യാർത്ഥികൾക്കാവശ്യമായ യൂനിഫോം, നോട്ട്ബുക്കുകൾ, കുടകൾ, ബാഗ് എന്നിവ നിർമ്മിക്കുകയും വിതരണം നടത്തുകയും ചെയ്തുകൊണ്ട് ഇവയുടെ പ്രവർത്തന പരിപാടികൾ വിപുലീകരിക്കാവുന്നതാണ്. സ്കൂൾസംഘങ്ങളുടെ മേൽ സംഘം പഞ്ചായത്തുതലത്തിൽ രൂപീകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്താൻ സാധിക്കും.

## ഗ്രാമ സഭയിൽനിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. ഫർണിച്ചർ നിർമ്മാണ വിപണന സംഘം രൂപീകരിച്ച് പ്രവർത്തനം നടത്തുക
2. ഭക്ഷ്യവസ്തുക്കൾ നിർമ്മാണ യൂനിറ്റ്
3. കൺസ്യൂമർ സൊസൈറ്റി സ്ഥാപിക്കൽ
4. ലേബർ കോൺട്രാക്ട് സൊസൈറ്റി സ്ഥാപിക്കൽ
5. ജല്ലി നിർമ്മാണ സൊസൈറ്റി സ്ഥാപിക്കൽ
6. സഹകരണ കോഴി ഫാം വിപണന കേന്ദ്രം
7. പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കൽ

# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

ചൊക്ലി പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 83 പട്ടിക ജാതി കുടുംബങ്ങളും ഒരു പട്ടിക വർഗ്ഗ കുടുംബവും ഉൾപ്പെടുന്നു. മറ്റു സമുദായങ്ങളുമായി ഇടകലർന്നാണ് ഈ കുടുംബങ്ങളും താമസിക്കുന്നത്. 84 കുടുംബങ്ങളിലായി 690 പേരും അതിൽ 336 പുരുഷൻമാരും 354 സ്ത്രീകളുമാണ്. പ്രത്യേക പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ ഈ പഞ്ചായത്തിലില്ല. ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി കോളനികൾ ഗുണം ചെയ്യുമെങ്കിലും പട്ടിക ജാതി കോളനിയെന്ന പദ പ്രയോഗത്തിൽ ഭൂരിപക്ഷം പേരും സംതൃപ്തിയുള്ളവരല്ല. ഈ പദ പ്രയോഗം സമൂഹത്തിൽനിന്നും പ്രസ്തുത വിഭാഗത്തെ വേർതിരിച്ചു നിർത്തുന്നു എന്ന അവസ്ഥ ഉളവാകുന്നു എന്ന തോന്നൽ

പൊതുവെ എല്ലാവരിലും കാണപ്പെടുന്നു.

സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ നിലവാരം ഉയർത്താൻ കഴിയുന്നുണ്ടെങ്കിലും ഭൂരിപക്ഷം കുടുംബങ്ങൾക്കും സാമ്പത്തിക രംഗത്ത് വേണ്ടത്ര ഉയർച്ചയും ഭദ്രതയും കൈ വന്നതായി കാണുന്നില്ല. പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം പോയിട്ടുണ്ട്. കുടി കിടപ്പവകാശം ലഭിച്ചതോടെ കുറച്ചു കുടുംബങ്ങൾക്ക് സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുജന സംഘടന സാമൂഹ്യ സംഘടന പ്രവർത്തനങ്ങളിൽ പട്ടിക ജാതിക്കാർ കുറച്ച് പേരെങ്കിലും നേതൃത്വ പരമായ പങ്ക് വഹിക്കുന്നുണ്ട്. ഇത് ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട പല വാർഡുകളിലും പട്ടിക ജാതിക്കാർ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജാതി മതസ്തരുടെയും ചടങ്ങുകളിലും പൊതു പരിപാടിയിലും ഏതാണ്ട് നല്ല പരിഗണന ലഭിക്കുകയും ചെയ്ത് വരുന്നു.

## വിദ്യാഭ്യാസം

പ്രായമുള്ളവരിൽ എല്ലാവർക്കും വിദ്യാഭ്യാസം ലഭിച്ചില്ലെങ്കിലും ഇന്ന് മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കാൻ സൗകര്യമുണ്ട്. ഗവണ്മെന്റിൽനിന്ന് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിച്ചു വരുന്നു. 96-97 അദ്ധ്യയന വർഷത്തിൽ പഞ്ചായത്തിലെ സ്കൂളുകളിൽ വിവിധ തലങ്ങളിലായി മൊത്തം 161 കുട്ടികൾ പഠനം നടത്തുന്നുണ്ട് S.S.L.Cക്ക് ശേഷം തുടർന്നു പഠിക്കുന്നവരാണ് ഭൂരിഭാഗം എങ്കിലും തുടർ വിദ്യാഭ്യാസം പൂർണ്ണമാക്കാൻ അവർക്ക് സാധിക്കാതെ വരുന്നുണ്ട്. ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി സാമൂഹ്യ പുരോഗതി നേടിയെടുക്കാൻ ഇനിയും ബോധവാൻമാരാകേണ്ടിയിരിക്കുന്നു.

## തൊഴിൽ

പഞ്ചായത്തിലെ പട്ടിക ജാതിക്കാരിൽ ഭൂരിഭാഗവും വ്യത്യസ്ത മേഖലകളിൽ തൊഴിൽ എടുക്കുന്നവരാണ്. ഉദ്യോഗ തലത്തിലും കെട്ടിട നിർമ്മാണ ജോലിയിലും കച്ചവടത്തിലുമായി ശരാശരി ജീവിത നിലവാരം പുലർത്തുവാൻ സാധിക്കുന്നുണ്ട്. തൊഴിൽമേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറഞ്ഞുകാണുന്നു. ഭൂരിപക്ഷം സ്ത്രീകളും വീട്ടുജോലികളുമായി കഴിഞ്ഞു കൂടുന്നവരാണ്. മലയ സമുദായത്തിൽപ്പെട്ട 5 കുടുംബങ്ങൾ കേരളീയ സാംസ്കാരിക പാരമ്പര്യത്തെ കാത്തുസൂക്ഷിക്കുന്ന അനുഷ്ടാന കലയായ തെയ്യം കലയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. അതുകൊണ്ട് തന്നെ വർഷത്തിൽ 8മാസത്തോളം ജോലിയില്ലാതെ തന്നെ കഴിഞ്ഞു കൂടേണ്ടിവരുന്നു. നാട്ടാചാരങ്ങളായ നാടൻ പാട്ട്, ഗോദാവരി പ്പാട്ട് പശുക്കളി എന്നിവയില്ലാതായതോടുകൂടിയും വിവാഹ അവസരങ്ങളിൽ നിന്ന് നാദസ്വരമേളകൾ ഇല്ലാതാവുകയും ചെയ്തതോടെ വരുമാന മാർഗ്ഗത്തിൽ കുറവു അനുഭവപ്പെട്ടുതുടങ്ങി. നേരത്തെ തന്നെ കാർഷിക മേഖലകളിൽ ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ എണ്ണം കുറവായിരുന്നുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

പഞ്ചായത്തിൽ സ്വന്തമായി വീട് വെക്കാൻ ഭൂമി ഇല്ലാത്തതുകൊണ്ട് മാത്രം 15ഓളം കൂട്ടുകുടുംബവും, വീടും സ്ഥലവും ഇല്ലാതെ രണ്ടു കുടുംബവും ഉണ്ട് 96-97 കാലഘട്ടത്തിൽ വീട് നിർമ്മാണത്തിൽ 6 കുടുംബങ്ങൾക്ക് സർക്കാർ സഹായം ലഭിച്ചിട്ടുണ്ട്. 6 പേർക്ക് കുളിമുറി പണിയാനും സർക്കാർ സഹായം ലഭിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. അനുവദിക്കപ്പെടുന്ന സഹായം വളരെ പരിമിതമാണ്.
2. സഹായധനങ്ങൾ ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.
3. വീട് പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണിക്കും സഹായം ലഭിക്കാതിരിക്കൽ.
4. പദ്ധതിളെയും സഹായങ്ങളെയും കുറിച്ച് യഥാസമയം ഉപഭോക്താക്കൾക്ക് വിവരം ലഭിക്കാതിരിക്കൽ.

5. തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ്.
6. IRDP പദ്ധതികളുടെ നടത്തിപ്പിലെ പ്രശ്നങ്ങൾ
7. സഹായങ്ങൾ തവണകളായി ലഭിക്കുന്നതിനുള്ള പ്രയാസം
8. വീട് നിർമ്മിക്കുവാൻ അനുവദിക്കുന്ന ധന സഹായം പര്യാപ്തമല്ല.
9. ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധന സഹായം ലഭിക്കുന്നില്ല.

## സാധ്യതകൾ

1. ഹരിജൻ സഹകരണ സംഘങ്ങൾ രൂപീകരിക്കൽ
2. വീടുകളിൽ കിണറും വൈദ്യുതിയും ലഭ്യമാക്കൽ
3. വിവിധ സഹായ പദ്ധതികൾ ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.
4. വിവിധ സ്കീമുകളെ കുറിച്ചും വിഷയങ്ങളെ കുറിച്ചുമുള്ള ബോധവൽക്കരണം സംഘടിപ്പിക്കൽ
5. വരുമാനമുള്ളവരുടെ കൂടെ ആശ്രയജീവിതം നയിക്കുന്നവർക്കുള്ള ആനുകൂല്യം നിഷേധിക്കപ്പെടുന്ന അവസ്ഥ പരിഗണിക്കൽ
6. സഹായങ്ങൾ യഥാവസരത്തിൽ ലഭ്യമാക്കൽ
7. സഹായങ്ങൾ ദുർ വിനിയോഗം തടയാനുള്ള പഞ്ചായത്ത് തല സെൽ രൂപീകരിക്കൽ
8. പട്ടിക ജാതി കലാകാരൻമാർക്കുള്ള പ്രോത്സാഹനവും സംരക്ഷയും

| വാർഡ് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|
| I | | |
| II | 13 വീട് | 70 |
| III | 24 വീട് | 132 |
| IV | | |
| V | | |
| VI | | |
| VII | NIL | NIL |
| VIII | | |
| IX | | |
| X | | |
| Xi | | |

# വിഭവ സമാഹരണം

ഒരു കാലത്ത് ഏഷ്യയിലെ ചൂരൽ വ്യവസായത്തിന്റെയും അത് പോലെ മര വ്യവസായത്തിന്റെയും മലഞ്ചരക്കുകളുടെയും, തുണിക്കച്ചവടത്തിന്റെയും കേന്ദ്രമായിരുന്നു നമ്മുടെ പഞ്ചായത്ത്. എന്നാൽ ഇന്ന് ഇതൊരു ചരിത്ര വസ്തുത മാത്രമായി മാറിയിരിക്കുന്നു. അതേപോലെ തന്നെ കാർഷിക രംഗവും പിന്നണിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഈ രണ്ട് രംഗത്തും ഒരു മുന്നേറ്റം നടത്തിക്കൊണ്ട് വിഭവ സമാഹാരണത്തിന് പുതിയമാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയേണ്ടതുണ്ട്. ഈ രണ്ട് മുരടിപ്പുകളിൽനിന്നും അല്പം ആശ്വാസം നൽകുന്ന ഗൾഫ് പണം ഇന്നു കുറഞ്ഞുകൊണ്ടിരിക്കുന്നതും നാം കാണുന്നു. 1500 ൽ പരം ആളുകൾ വിദേശത്തുണ്ട്. അവരുടെ വരുമാനത്തിന്റെ വലിയൊരു ഭാഗം ഉൽപാദന മേഖലക്ക് അപ്പുറത്തുള്ള വീടു നിർമാണത്തിലും ആഡംബരമായ ജീവിതത്തിലുമാണ് ഉപയോഗിച്ച് വരുന്നത്. ബാങ്കുകളിൽ നിക്ഷേപിക്കുന്ന NRE എകൗണ്ടുകളിൽ ഭൂരിഭാഗവും നാടിന്റെ വികസന പ്രവർത്തനത്തിലേക്ക് നൽകുന്ന ഒരവസ്ഥ പൊതുവെ കുറവാണ്.

പഞ്ചായത്തിലെ മൊത്തം വരവ് പട്ടികകളിൽ കൊടുത്തിരിക്കുന്നു.- 90 മുതൽ 95 വരെ

## പട്ടിക -1
### മൊത്തം വരവ്

| | 90-91 | 91-92 | 92-93 | 93-94 | 95-96 |
|---|---|---|---|---|---|
| കെട്ടിട നികുതി | 1,56,362 = 70 | 1,69,029 = 01 | 1,80,050 = 76 | 2,57,454 = 91 | 2,69,205 = 52 |
| സർവ്വീസ്ചാർജ് | 26,032 = 41 | 28,143 = 07 | 29,981 = 57 | 36,749 = 31 | 17,496 = 01 |
| തൊഴിൽ നികുതി | 89,962 = - | 94,545 = 00 | 1,04,479 = - | 1,20,932 = - | 1,52,640 = - |
| വാഹന നികുതി | ---------------- | ---------------- | ---------------- | ---------------- | ---------------- |
| വിനോദ നികുതി | 92,829 = 38 | 1,06,895 = 40 | 1,14,453 = 31 | 1,51,871 = 75 | 1,43,717 = 53 |
| അധിക വിനോദ നികുതി | 56,382 = 17 | 64,819 = 99 | 69,222 = 84 | 91,912 = 97 | 86, 754 = 39 |
| പ്രദർശന നികുതി | 847 = - | 219 = 75 | 2121 = 50 | 329 = - | 446 = - |
| പ്രദർശന നികുതി സർചാർജ് | 211 = 75 | 879 = - | 847 = - | 1,316 = - | 1,784 = - |
| ചന്ത വരവ് | ------------ | ---------------- | ---------------- | ------------ | ---------------- |
| ലാൻഡ് സെസ്സ് | ---------------- | ---------------- | ---------------- | ------------ | ------------ |
| ലൈസൻസ് ഫീസ് | 8,192 = 75 | 8,472 = 00 | 8,761= - | 9,346 = 75 | 21,078 = 75 |
| കെട്ടിട നികുതി സർചാർജ് | ---------- | ------------ | ------------ | ------------ | ------------ |
| വസ്തു കൈമാറ്റ നികുതി – 75% | 97,749 | 1,75,826 | 72,305 | 1,70,436 | 1,41,428 |
| 25% | ------- | ------- | 1;00,000 | 1,00,000 | 1,77,727 |
| | | | | | |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവുകൾ | 1,58,132.51 | 1,21,332.82 | 1,29,366.12 | 2,15,117.53 | 33,866.73 |
| സംഭാവന | ------------ | ------------ | --------- | ------------- | ------------ |
| ഡെപ്പോസിറ്റ് | 25,323.10 | 20,910.26 | 18,671.70 | 29,811.93 | 49,200.43 |
| മറ്റുള്ളവ | ------- | -------- | -------- | --------- | --------- |
| ആകെ | 7,12,024.77 | 7,91,072.30 | 8,28,350.80 | 11,85,278.15 | 10,94,243.36 |

നോട്ട് : 93–94ൽ 710.60രൂപ പിരിഞ്ഞു കിട്ടുവാൻ ബാക്കിയുണ്ട്.
94–95ൽ 1,68,425.02 രൂപ പിരിഞ്ഞു കിട്ടുവാൻബാക്കിയുണ്ട്

ഈ കാലയളവിൽ അടിസ്ഥാന നികുതികളിൽ കാലോചിതമായ വർദ്ധനവുണ്ടായിട്ടുണ്ട്. കെട്ടിട നികുതിയിലും തൊഴിൽ നികുതിയിലും വിവിധ ലൈസൻസ് ഫീസുകളും വർദ്ധിച്ചെങ്കിലും വിനോദ നികുതിയും അധിക വിനോദ നികുതിയും കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ടി.വി. മാധ്യമങ്ങളുടെ സ്വാധീനമാണ് ഇതിന് കാരണമെന്ന് പറയപ്പെടുന്നു. സർക്കാരിൽനിന്ന് ലഭിക്കുന്ന ഗ്രാന്റിൽ 45% അൺടൈഡ് ഫണ്ടിൽ നിന്നാണ് ലഭിക്കുന്നത്. 95–96 വർഷത്തിൽ JRY ഇനത്തിൽ 164388 രൂപയും സ്പെഷൽ ഗ്രാന്റ് ഇനത്തിൽ 50000 രൂപയും ലഭ്യമായിട്ടുണ്ട്. എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റും മുൻകാലങ്ങളെ പോലെ ലഭിക്കുന്നു.

## ഗ്രാന്റ് സംബന്ധിച്ച വിവരങ്ങൾ

**പട്ടിക – 2**
**1–16 ഗ്രാന്റ് വിവരങ്ങൾ**

| | 90-91 | 91-92 | 92-93 | 93-94 | 95-96 |
|---|---|---|---|---|---|
| VRM | 18,090 : - | 37,277 :- | 22,175 : - | 22,196 : - | 22,775 : - |
| M.I | 4000 : - | ------------ | 4,000 : - | 4,000 : - | 4,000 : - : - |
| VTC | 19,207 : - | ------------ | 26,231 : - | ------------ | 23,000 : - |
| Basic Tax 75% | 16,846 : - | 18,637 : - | 54, 464 : - | 19,638 : - | 22,760 : - |
| Spl Grant | ------------ | 50,000 : - | ------------ | ------------ | ------------ |
| JRY | 1,30,679 : - | 2,58,165 : - | 2,17,130 : - | 1,88,015 : - | 1,48,632 : - |
| Untied | ------------ | 1,51,000 : - | 1,53,100 : - | 2,00,000 : - | 2,87,290 : - |
| Total | 3,28,792 : - | 5,15,079 : - | 4,77,700 : - | 4,33,822 : - | 5,08,475 |

ചിലവിനങ്ങളിൽ ശമ്പളത്തിന്റെയും ഓഫീസ് ആവശ്യത്തിന്റെയും ചിലവുകൾ അടക്കം എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ കൊല്ലം തോറും വർദ്ധിച്ച് വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. റോഡുകൾ വർദ്ധിക്കുന്നതും പൊതുമരാമത്ത് വകുപ്പ് ചിലവുകൾ വർദ്ധിക്കുന്നതും മൊത്തം ചിലവിനത്തിൽ വർദ്ധനവിന് കാരണമായിട്ടുണ്ട്. ചിലവുകൾ മൂന്നു പട്ടികകളായി താഴെ

കൊടുത്തിരിക്കുന്നു.

## പട്ടിക - 3

ചിലവ് 90-95 വരെ

| | 90-91 | 91-92 | 92-93 | 93-94 | 95-96 |
|---|---|---|---|---|---|
| ഭരണം | 3,12,386 : 85 | 3,69,021 : 91 | 3,79,373:80 | 4,22,005: 65 | 4,75,33[illegible] :55 |
| പൊതു മരാമത്ത് | 43,060: - | 78,074 : - | 57,613:- | 3,23,698 : - | 5,02,421 : - |
| വിദ്യാഭ്യാസം | 22,575- | 23,631:- | 23,385 :- | 3,730- | 31,765: 45 |
| ജലവിതരണം ഓടകൾ | | | | | |
| പൊതുജനാരോഗ്യം | 41,931:60 | 19,859 :- | 23,945 : 70 | 35,710 :- | 28,823 : 25 |
| തെരുവു വിളക്കുകൾ കത്തിക്കൽ | 43,491:15 | 47,121:- | 58,226 : - | 29,450 : 90 | 67,649 :- |
| മറ്റുള്ളവ | 20,260 :- | 16,650 :- | 804 : - | 61,537 : - | 2,400 :- |
| ആകെ | 4,83,704 : 60 | 5,54,356 : 91 | 5,43,347 : 50 | 8, 76,131 : 55 | 11,08,389 :20 |

## പട്ടിക - 4

| ചിലവ് 94-95 | | ചിലവ് ശതമാനത്തിൽ |
|---|---|---|
| ഭരണം | - | 42,88% |
| പൊതുമരാമത്ത് | - | 45,32% |
| വിദ്യാഭ്യാസം | - | 2,86% |
| ജല വിതരണം പൊതുജനാരോഗ്യം | - | 2,60% |
| തെരുവു വിളക്ക് | - | 6,10% |
| മറ്റുള്ളവ | - | 0,24% |
| ആകെ | - | 100,00 |

പട്ടിക - 5
95-96

| SNo. | മറ്റു ചിലവുകൾ | തുക |
|---|---|---|
| 1 | ലൈബ്രറി ഇനത്തിൽ | 14,683 |
| 2 | നായയെ നശിപ്പിക്കുന്നതിന് | 2,520 |
| 3 | മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് | 7,800 |
| 4 | റോഡ് അടിച്ചു വാരുന്നതിന് | 31,625 |
| 5 | തെരുവു വിളക്ക് കത്തിക്കുന്നതിന് | 67,788 |
| 6 | വായനശാലയുടെ ഇലക്ട്രിസിറ്റി ചാർജ് | 924 |
| 7 | വാട്ടർ സപ്ലൈ നടത്തുന്നതിന് | 9,132 |
| | മൊത്തം | 1,34,473 |

## കടബാധ്യത

ചൊക്ലി ഭാഗത്ത് ജല വിതരണം ചെയ്ത വകയിൽ കാലാകാലങ്ങളായി വാട്ടർ അതോറിറ്റിക്ക് 1,11,970 രൂപയുടെ കട ബാധ്യത ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സിൻഡിക്കേറ്റ് ബാങ്ക് ബ്രാഞ്ച്, തലശ്ശേരി ടൗൺ കോ-ഓപ്പറേറ്റീവ് ബാങ്ക് ബ്രാഞ്ച്, വനിതാബാങ്ക്, ചൊക്ലി സർവ്വീസ് സൊസൈറ്റിബാങ്ക് എന്നീ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങളിൽ നല്ലൊരു ഭാഗം നമ്മുടെ പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക വികസനത്തിനാവശ്യമായ വായ്പകളായി നൽകുന്നതിന് സാധിക്കുന്നുണ്ട്. അംഗീകാരമില്ലാത്ത നാടൻ ചിട്ടികളും പണമിടപാടുകാരും ഉയർന്ന പലിശനിരക്കിൽ വ്യാപകമായി ജനങ്ങളെ ചൂഷണം ചെയ്യുന്നുണ്ട്. താഴേക്കിടയിലുള്ള ജനങ്ങളും കച്ചവടക്കാരും ഇവരെ ധാരാളമായി ആശ്രയിക്കുന്നു. വായ്പാ വിതരണ സമ്പ്രദായങ്ങൾ ഉദാരവൽക്കരിച്ചുകൊണ്ട് മാത്രമെ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

## പ്രശ്നങ്ങൾ

1. വരവ് കുറയുകയും ചിലവ് വർദ്ധിക്കുകയും ചെയ്യുന്നു.
2. പൊതുമരാമത്തിലെ ചിലവഴിച്ച തുകയും അതിന്റെ ഗുണനിലവാരവും വേണ്ടത്ര പൊരുത്തപ്പെടുന്നില്ല.
3. സർക്കാരിന്റെ നേതൃത്വത്തിലുള്ള വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തമില്ലായ്മ
5. പഞ്ചായത്തുകളുടെ പൊതു ആസ്ഥികൾ സംരക്ഷിക്കുന്നതിനുള്ള ശ്രദ്ധയില്ലായ്മ

## സാധ്യതകൾ

1. തെരുവു വിളക്കുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ബൾബുകളും ട്യൂബുകളും പഞ്ചായത്തുകളിൽകൂടി വിതരണം.
2. ജനപങ്കാളിത്തത്തോടെയുള്ള തെരുവു വിളക്ക് സ്ഥാപിക്കൽ
3. വീടുകളുടെ മുമ്പിൽ (സ്വന്തമായി) സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ
4. റോഡുകളുടെയും ഓടകളുടെയും നിർമ്മാണത്തിലും റിപ്പയറിംങ്ങിലും ബഹു ജന സംഘടനകളെ ഉപയോഗപ്പെടുത്തുക.
5. വികസ്നന പ്രവർത്തനത്തിന് ഗുണനിലവാരം കുറഞ്ഞ ഹ്രസ്വകാല പ്രവർത്തിയേക്കാൾ ഗുണം കൂടിയ ദീർഘകാല പ്രവർത്തനത്തിന് പ്രാമുഖ്യം.
6. പൊതു ആസ്ഥികളുടെ സംരക്ഷണം

## മാനവ വിഭവ ശേഷി

ഏറ്റവും വലിയ വിഭവം മാനുഷിക വിഭവമാണ്. ഈ വിഭവത്തെ നല്ല രീതിയിൽ സംഘടിതമായി ഉപയോഗിച്ച് നിലവിലുള്ള വിഭവത്തെ പതിൻമടങ്ങ് വർദ്ധിപ്പിക്കാവുന്നതാണ്. വികസന പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ടുള്ള പ്രവർത്തനം നേരത്തെ നടത്തിയ ചരിത്രം ഈ പഞ്ചായത്തിനുണ്ട്. 1931ൽ മൊയാരത്ത് ശങ്കരന്റെ നേതൃത്വത്തിൽ നിർമ്മിച്ച നിടുമ്പ്രം ഗ്രാമത്തി റോഡാണ് ആദ്യത്തെ ജന പങ്കാളിത്തത്തോടെയുള്ള റോഡായി പരിഗണിക്കപ്പെടുന്നത്. ഈ പ്രവർത്തനത്തിൽ ഇന്നു നാം ആ മാതൃക പിൻതുടരുന്നുണ്ട്. റോഡുകളുടെ നിർമ്മാണത്തിലും സംരക്ഷണത്തിനും ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും ശുചീകരണ പ്രവർത്തനം നടത്താനും വിദ്യാഭ്യാസ നിലവാരം മെച്ച പ്പെടുത്താനും സന്നദ്ധ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നതാണ്.

# ഉപസംഹാരം

സ്വാതന്ത്ര്യത്തിന്റെ 50ാം വാർഷികം ആഘോഷിക്കുന്ന ഇന്ന് പുതിയൊരു അനുഭവമായി ജനകീയാസൂത്ര പരിപാടി മുന്നേറുകയാണ്. അക്ഷര സാക്ഷരതയിൽനിന്നും നാം നേടിയ സന്നദ്ധതയുടെ അനുഭവമാണ് വികസന സാക്ഷരതയിൽ ജന പങ്കാളിത്തത്തോടെ 9ാം പദ്ധതി രൂപപ്പെടുത്താൻ നമുക്ക് ആവേശമാവുന്നത്. ഒപ്പം നമ്മുടെ പഞ്ചായത്തിനെ പറ്റി, നമ്മുടെ പ്രദേശത്തെ പറ്റി അറിഞ്ഞ് നമ്മുടെ ആവശ്യങ്ങളും അത്യാവശ്യങ്ങളും അറിഞ്ഞും നാടിന്റെ സമ്പത്ത് വിനിയോഗിക്കുന്ന ആസൂത്രണ പ്രക്രിയയിൽ നമുക്കും പങ്കാളികളാകാനാകും എന്ന് നമുക്കു ബോധ്യമാവുകയാണ്. ലോകത്തെ വരുതിയിലാക്കാൻ വൻ രാജ്യങ്ങളും ഊക്കൻ കമ്പനികളും കിണഞ്ഞിറങ്ങിയ ഇക്കാലത്ത് അവരുടെ കച്ചവട തന്ത്രങ്ങളെ പ്രതിഷേധിക്കാൻ, സ്വാശ്രിതമായ ഗ്രാമ വ്യവസ്ഥകൾ സജീവമാക്കാൻ പുതിയ ഒരുസമരമുഖമായി പ്രാദേശികാസൂത്രണവും ജനകീയ മുന്നേറ്റങ്ങളും നമ്മുക്ക് മാറ്റാനാവണം. കേരളം നേടിയെടുത്ത നല്ലതെല്ലാം നിലനിർത്താനും, ജന വിരുദ്ധമായ സമീപനങ്ങൾക്കെതിരായി സമൂഹത്തെ വളർത്താനും നമുക്കീ പുതിയ കൂട്ടായ്മ വെളിച്ചം നൽകുക തന്നെ ചെയ്യും. എല്ലാവർക്കും സുഖവും സന്തോഷവുമുള്ള നല്ല നാളയുടെ സൃഷ്ടിക്കായി, പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനാകും വിധം പുതിയ ആശയങ്ങളാലും പ്രാദേശിക നിർദേശങ്ങളാലും ഈ റിപ്പോർട്ട് സമ്പുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

11-11-96ന് ചേർന്ന ഗ്രാമ പഞ്ചായത്ത് ബോർഡ് മീറ്റിംഗ് 284/1996 നമ്പറായി അംഗീകരിച്ച റിപ്പോർട്ട്.



"ഭാരതമെന്ന് പേർ കേട്ടാലഭിമാന

പൂരിതമാകണമന്തരംഗം

കേരളമെന്നുകേട്ടാലോ തിളക്കണം

നമുക്ക് ചോര ഞരമ്പുകളിൽ"

വള്ളത്തോൾ

അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്